# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 16 / Issue 3
March 2025

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



JUBILEE 2025
PILGRIMS OF HOPE

FAMILY RENEWAL YEAR
DIOCESE OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 16 മാർച്ച് 2025 ലക്കം 3

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ | 5 |
| ഇടയലേഖനം | 9 |
| സർക്കുലർ | 14 |
| രൂപതാ കച്ചേരി വാർത്തകൾ | 18 |
| ഓഡിറ്റിംഗ് | 24 |
| ജൂബിലി വർഷം - പഠന വിഷയം | 31 |
| മതബോധനരംഗം | 39 |
| ചെറുപുഷ്പ മിഷൻലീഗ് | 42 |
| തിരുബാലസഖ്യം | 45 |
| Department of Youth Ministry | 46 |
| കെ.സി.വൈ.എം | 48 |
| കെ.സി.ബി.സി മദ്യവിരുദ്ധ സമിതി | 53 |
| കുടുംബപ്രേഷിതത്വം | 56 |
| സീയോൻ വാർത്തകൾ | 66 |
| സാമൂഹ്യ സേവനരംഗം (WSSS) | 67 |
| ജീവസ് & കെ.എൽ.എം | 73 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി | 75 |
| ബയോവിൻ അഗ്രോ റിസർച്ച് | 79 |
| റേഡിയോ മാറ്റൊലി | 82 |
| Mary Matha Arts & Science College | 84 |
| ഫെഡാർ ഫൗണ്ടേഷൻ | 89 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി | 90 |
| ബിഷപ്സ് പ്രോഗ്രാം | 97 |

# സർക്കുലർ

***Prot. No. 30055 / 2025***
*Circular No.1 /2025*

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയപ്പെട്ട കുട്ടികളേ,

നാമിപ്പോൾ നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. സ്നാപകയോഹന്നാൻ തന്റെ അടുക്കലെത്തിയ ഈശോയെ ജനങ്ങൾക്ക് പരിചയപ്പെടുത്തിയത് ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:29) എന്നു പറഞ്ഞുകൊണ്ടാണ്. ആദിമാതാപിതാക്കൾ മുതൽ മനുഷ്യവർഗ്ഗം മുഴുവനും ചെയ്ത പാപങ്ങൾക്ക് തന്റെ പരിശുദ്ധമായ ജീവിതവും കുരിശിലെ ആത്മബലിയും വഴി ഈശോ പരിഹാരം ചെയ്തു. അതുവഴി മനുഷ്യകുലത്തെ ഈശോ ദൈവവുമായി ഒന്നിപ്പിച്ചു.

സമൂഹത്തിലെ മൂല്യച്യുതി നമ്മെ ആകുലരാക്കുന്നുണ്ട്. ഇതിന് മാറ്റം വരണമെങ്കിൽ എല്ലാവരും ഈശോയുടെ മാർഗ്ഗം പിന്തുടരണം. സ്വർഗ്ഗാരോഹണത്തിന് മുമ്പ് ഈശോ നമ്മോട് അവസാനമായി പറഞ്ഞ വാക്കുകൾ ഇതാണ്: ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും (മത്താ.28:20).

ഈശോയുടെ സുവിശേഷം എല്ലാവരേയും അറിയിക്കുന്നതാണ് പ്രേഷിത പ്രവർത്തനം. ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2012 ഒക്ടോബർ 31 ന് വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ മുമ്പിൽ നടന്ന പൊതുദർശനത്തിൽ പറഞ്ഞത് മറ്റുള്ളവരുമായി പങ്കിടുമ്പോളാണ് നമ്മുടെ വിശ്വാസം ശക്തിപ്പെടുന്നത് എന്നാണ്. വിശ്വാസം സ്ഥിരീകരിക്കുന്നതിനും ദൈവത്തിന്റെ ദാനങ്ങൾ അനുഭവിക്കുന്നതിനും സഭാസമൂഹം അത്യന്താപേക്ഷിതമാണെന്നും വ്യക്തിഗതവിശ്വാസം ഈ വലിയ സമൂഹത്തിന്റെ ഭാഗമാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഈശോയാണ് ലോകരക്ഷകൻ. അവിടുത്തെ ജീവിത മാതൃക അനുകരിക്കുന്നത് വഴിയാണ് തിന്മ നിറഞ്ഞ സമൂഹത്തെ നന്മയിലേക്ക് നയിക്കുന്നത്. ഈശോയെപ്പറ്റി കേട്ടിട്ടില്ലാത്തവരോട് സുവിശേഷ സന്ദേശം അറിയിക്കുന്നതിന്റെ ഭാഗമായി വടക്കേ ഇന്ത്യയിലുള്ള ഫരീദാബാദ് സീറോമലബാർ രൂപതയിൽപെട്ട പഞ്ചാബ് സംസ്ഥാ

നത്ത് രണ്ട് സ്ഥലങ്ങളിലായി നമ്മുടെ രൂപതയിലെ മൂന്ന് വൈദികർ കഴിഞ്ഞ രണ്ട് വർഷത്തോളമായി ശുശ്രൂഷ ചെയ്യുന്നുണ്ട്. അവരുടെ സഹായികളായി തദ്ദേശീയരായ രണ്ട് യുവാക്കളും ശുശ്രൂഷ ചെയ്തു വരുന്നു. ആളും അർത്ഥവും കാര്യമായി ഇല്ലാത്ത ഫരീദാബാദ് രൂപതയ്ക്ക് നമ്മൾ ചെയ്യുന്ന സഹായം കൂടിയാണ് ഈ ശുശ്രൂഷ. അവിടെ നമ്മൾ സുവിശേഷ പ്രഘോഷണമല്ലാതെ യാതൊരുവിധ സ്ഥാപനങ്ങളും നടത്തുന്നില്ല. നടത്താൻ ഉദ്ദേശ്യവുമില്ല. വാടക വീടുകളിലാണ് നമ്മുടെ വൈദികർ ഇപ്പോൾ താമസിക്കുന്നത്. ഈശോയുടെ സുവിശേഷം സ്വീകരിച്ച ഓരോ ചെറുസമൂഹങ്ങൾ രണ്ട് സ്ഥലത്തുമുണ്ട്. അവർ ആരാധനയ്ക്കും പ്രാർത്ഥനക്കും വി. കുർബാനക്കും മറ്റും ഒരുമിച്ച് കൂടുന്നതും ഈ വാടക വീടുകളിൽ തന്നെയാണ്. വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് അവിടെയുള്ളത്.

നമ്മുടെ മൂന്ന് വൈദികരുടെയും അവരെ സഹായിക്കുന്ന രണ്ട് യുവാക്കളുടെയും അലവൻസ്, വീടുകളുടെ വാടക, യാത്രച്ചെലവ് മുതലായവക്ക് ആവശ്യമായ പണം കണ്ടെത്തുന്നത് നമ്മുടെ രൂപതയിലെ ഉദാരമതികളായ പലരുടെയും സംഭാവന കൊണ്ടാണ്. പ്രതിമാസം ഏകദേശം ഒന്നര ലക്ഷത്തോളം രൂപാ ഇപ്രകാരം അവർക്കായി കൊടുക്കുന്നുണ്ട്. എന്നാൽ നമ്മുടെ വൈദികർക്ക് താമസിക്കാനും സമൂഹാംഗങ്ങൾക്ക് ഒത്തു ചേരാനും ദൈവവചനം പഠിക്കാനും വി. കുർബാന അർപ്പിക്കാനും മറ്റും കൂടുതൽ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. അതിനായി രണ്ടിടത്തും ഏകദേശം അരയേക്കർ വീതം സ്ഥലം പലരുടെയും ഉദാരമായ സംഭാവനകൾ കൊണ്ട് വാങ്ങിക്കാൻ സാധിച്ചു. അതിന് ഏകദേശം എൺപത് ലക്ഷം രൂപ വേണ്ടിവന്നു. ഇക്കാര്യത്തിൽ നമ്മുടെ സമർപ്പിത സമൂഹങ്ങളും വിശ്വാസപരിശീലനത്തിൽ ഉള്ള കുട്ടികളും വലിയ പങ്ക് വഹിച്ചു. അവരെ പ്രത്യേകം ഓർത്ത് നന്ദി പറയുന്നു. ഇനി അവിടെ രണ്ടിടത്തും ആളുകൾക്ക് ഒരുമിച്ചുകൂടാൻ ഹാളും അച്ചന്മാർക്ക് താമസിക്കാൻ ലളിതമായ മുറികളും നിർമ്മിക്കണം. അതിന് ഏകദേശം എൺപത് ലക്ഷം രൂപ വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിലേക്ക് നിങ്ങളുടെ എല്ലാവരുടെയും ഉദാരമായ സംഭാവന അഭ്യർത്ഥിക്കുന്നു. രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും തങ്ങളുടെ വൈദികപരിശീലനം പൂർത്തിയാക്കിയത് സ്വദേശത്തും വിദേശത്തുമുള്ള അനേകരുടെ അകമഴിഞ്ഞ സംഭാവന കൊണ്ടാണ്. നമ്മുടെ പല ഇടവകപ്പള്ളികളും വൈദികമന്ദിരങ്ങളും പാരിഷ് ഹാളുകളും ഇങ്ങനെയുള്ള സംഭാവന കൊണ്ട് നിർമ്മിച്ചവയാണ്. അവയുടെ ഫലമനുഭ

വിക്കുന്ന നമ്മൾ പഞ്ചാബിലുള്ള നമ്മുടെ സഹോദരങ്ങളെ സഹായിക്കുന്നത് ന്യായവും യുക്തവും ദൈവത്തിന് ഏറ്റവും പ്രീതികരവും ആയിരിക്കും. എല്ലാ ഇടവകയിൽ നിന്നും ഒരുപോലെ തുക പ്രതീക്ഷിക്കാനാവില്ലല്ലോ. ഇക്കാര്യത്തിൽ വലിയ ഇടവകകൾ കൂടുതലും ചെറിയ ഇടവകകൾ കഴിവനുസരിച്ചും സംഭാവന നൽകണം. പ്രേഷിത പ്രവർത്തനത്തിനുവേണ്ടിയുള്ള നിങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിന് ദൈവം പ്രതിഫലം നൽകും. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളും ഇക്കാര്യത്തിൽ ആത്മാർത്ഥമായി സഹകരിച്ചാൽ വലിയ ബുദ്ധിമുട്ടില്ലാതെ ഈ തുക കണ്ടെത്താൻ കഴിയും എന്ന് എനിക്കുറപ്പുണ്ട്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇതിന് നേതൃത്വം നൽകണം.

നമ്മുടെ രൂപതയിൽ പന്ത്രണ്ട് ഫൊറോനാകളും നീലഗിരിയിൽ ഒരു റീജിയണുമാണ് ഉള്ളത്. അവയുടെ കീഴിൽ ചെറുതും വലുതുമായി ആകെ 162 ഇടവകകളും ഏഴ് സ്വതന്ത്ര കുരിശുപള്ളികളും ഉണ്ട്. ഓരോ ഫൊറോനായിലും അതുപോലെ നീലഗിരി റീജിയനിലും ഉള്ള ഇടവകകൾ സഹകരിച്ചാൽ ഓരോ മാസവും ആവശ്യമുള്ള ഒന്നരലക്ഷത്തോളം രൂപ കണ്ടെത്താൻ കഴിയും. അതിനായി ഓരോ വർഷവും ഓരോ ഫൊറോനായും ഒരു മാസത്തെ ചെലവ് മാത്രം വഹിച്ചാൽ മതിയാകും. കൂടുതലായി വരുന്ന ചെലവുകൾക്കായി നീലഗിരി റീജിയണിലെ തുകയും ഉപയോഗിക്കാൻ കഴിയും. ഇടവകകളിലെ കുടുംബങ്ങളുടെ എണ്ണമനുസരിച്ച് ഫൊറോനയിലെ ഓരോ ഇടവകയും സാധിക്കുന്ന തുക നൽകിയാൽ ഇത് സാധ്യമാകും. കഴിഞ്ഞ രണ്ട് വർഷങ്ങളിലും നമ്മുടെ ഇടവകളിൽ മതബോധന ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ എല്ലാവരും ഓരോ ഞായറാഴ്ചയും തങ്ങൾക്ക് കിട്ടുന്ന പോക്കറ്റ് മണിയിൽ നിന്നും ഒരു ചെറിയ തുക പ്രേഷിത പ്രവർത്തനത്തിനായി നീക്കി വച്ച് തങ്ങളുടെ അധ്യാപകരെ ഏല്പിച്ചിരുന്നു. അങ്ങനെ ലഭിച്ച തുക മുകളിൽ പറഞ്ഞ രീതിയിൽ സ്ഥലം വാങ്ങാൻ ഉപയോഗിച്ചിട്ടുണ്ട്. അവിടെയുള്ളവരുടെ അലവൻസ്, മറ്റ് ചെലവുകൾ എന്നിവയ്ക്കുള്ള തുകയുടെ ഒരു ഭാഗം ഈ രീതിയിൽ ഈ വർഷവും തുടർന്ന് വരുന്ന വർഷങ്ങളിലും കണ്ടെത്താൻ കഴിയും. എല്ലാ ഇടവകകളും ഇതിൽ പങ്കുചേരുകയും മതാദ്ധ്യാപകർ ഇതിനായി സഹകരിക്കുകയും ചെയ്യണം. തുകകൾ കുട്ടികൾ തങ്ങളുടെ മതാദ്ധ്യാപകരെ ഏല്പിച്ച് അവർ വഴി രൂപതാ മതബോധന ഡയറക്ടറെ ഏല്പിക്കണം. ഓരോ ഫൊറോനായിലെയും നീലഗിരി റീജിയണിലെയും വൈദികരുടെ അടുത്ത മാസധ്യാന സമയത്ത് ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാരും റീജിയണൽ ഡയറക്ടറും മേൽപ്പറഞ്ഞ കാര്യങ്ങൾ

ചർച്ച ചെയ്ത് യഥാവിധി ഇടവകാ സമൂഹത്തെ അറിയിക്കുകയും ഈ തുകകൾ സമാഹരിക്കാൻ സഹകരിക്കുകയും ചെയ്യണം എന്ന ഭ്യർത്ഥിക്കുന്നു. എല്ലാവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്തഞ്ചാമാണ്ട് ഫെബ്രുവരി മാസം ഇരുപതാം തീയതി നൽക പ്പെട്ടത്.

യേശുവിൽ,




**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:** ഈ സർക്കുലർ 2025 മാർച്ച് മാസം 2 ന് എല്ലാ ഇടവ കകളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതോടൊപ്പം ഇടവക, സംഘടനകൾ എന്നിവയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പിലേക്ക് ഷെയർ ചെയ്യാനും അഭ്യർത്ഥിക്കുന്നു.



# ഇടയലേഖനം
**Prot. No. 30195 /2025**
Pastoral Letter No. 1/2025

**മാനന്തവാടി രൂപതയുടെ മെത്രാൻ ബിഷപ്പ് ജോസ് പൊരുന്നേടം സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനോട് ചേർന്ന് തന്റെ സഹശുശ്രൂഷകരായ വൈദികർക്കും മ്ശംശാനാമാർക്കും സമർപ്പിതർക്കും അത്മായ നേതാക്കൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും പ്രിയപ്പെട്ട കുട്ടികൾക്കും എഴുതുന്നത്**

**നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവിൽ ആശീർവാദവും സമാധാനവും**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

സഭയുടെ ആരാധനക്രമം അനുസരിച്ച് നാമിപ്പോൾ നോമ്പു കാലത്തിലാണല്ലോ. ക്രൈസ്തവ ജീവിതം ഈശോയൊടൊപ്പമുള്ള ഒരു തീർത്ഥാടനമാണ്. അതിന്റെ പ്രതീകാത്മകമായ അവതരണമാണ് ആരാധനക്രമ വർഷം. ഈ തീർത്ഥാടനത്തിൽ പങ്കെടുക്കുന്നവർ എല്ലാവരും ഈശോ തന്റെ ഉയിർപ്പിലേക്ക് നടന്നു പോയ വഴിയിലൂടെ തന്നെ നടക്കണം. ഈ തീർത്ഥാടനത്തിന്റെ ലക്ഷ്യം സ്വർഗ്ഗരാജ്യം അഥവാ നിത്യജീവനാണ്. ദൈവത്തോടൊപ്പമുള്ള ജീവിതത്തെയാണ് നിത്യജീവൻ എന്ന് വിളിക്കുന്നത്. ആ അവസ്ഥയിൽ ആയിരിക്കുന്നതാണ് സ്വർഗ്ഗരാജ്യം.

നിത്യജീവനും സ്വർഗ്ഗരാജ്യവും കേവലം മരണശേഷം മാത്രമുള്ള ഒരു യാഥാർത്ഥ്യമല്ല. ഈ ലോകത്തിൽ തന്നെ അവ അനുഭവ വേദ്യമാകണം. അതിനുള്ള വഴിയാണ് ശരിയായ ക്രൈസ്തവ ജീവിതം. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിൽ അതിന് വേണ്ടിയാണ് നാം നിത്യേന പ്രാർത്ഥിക്കുന്നത്. അനശ്വരമായ ഈ ലോകത്തിൽ നിത്യജീവന്റെ അനുഭവത്തിന് പരിധിയുണ്ട്. എന്നാൽ ഈ ലോകത്തിനപ്പുറം അതിന് അവസാനമില്ല.

നോമ്പ് എന്ന പേരിൽ നാം ആചരിക്കുന്നത് ഈശോ കടന്നു പോയ വഴിയിലെ ഒരു പ്രധാനഘട്ടമാണ്. ആ ഘട്ടത്തിലൂടെ കട ക്കാൻ അധികമാർക്കും ഇഷ്ടമില്ല എന്നതാണ് വസ്തുത. എന്നാൽ വി. യോഹന്നാൻ എഴുതുന്നു: അവനിൽ വസിക്കുന്നെന്നു പറയു ന്നവൻ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു (1 യോഹ. 2:6). വി. ലൂക്കായുടെ ഭാഷയിൽ ക്രൈസ്തവജീവിതം ദൈവത്തിന്റെ വഴി തന്നെയാണ് (നടപടി 16:17;18:26). ഈ വഴിയി ലൂടെ നടക്കാൻ ആഗ്രഹിക്കുന്നവർ അഥവാ ഈശോമിശിഹാ യോട് ഐക്യപ്പെട്ട് വിശുദ്ധ ജീവിതം നയിക്കുവാൻ ആഗ്രഹിക്കു ന്നവരെല്ലാം പീഢിപ്പിക്കപ്പെടും എന്ന് വി. പൗലോസും നമ്മെ ഓർമ്മപ്പെടുത്തുന്നു (2 തിമോ. 3:12).

ക്രൈസ്തവ വിശ്വാസത്തിനു വേണ്ടി പീഢ സഹിക്കുന്ന തിനെ അനുഗ്രഹമായാണ് വി. പൗലോസ് അവതരിപ്പിക്കുന്നത്. **അദ്ദേഹം എഴുതുന്നു:** ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെ പ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു (ഫിലി.1:29). മിശിഹായുടെ കുരിശിൽ മാത്രമാണ് പൗലോസ് മേന്മ ഭാവിക്കുന്നത് (ഗലാ.6:14). മിശിഹാ യോടും അവിടുത്തെ സഹനങ്ങളോടും നമ്മെ താരതമ്യപ്പെടു ത്തുന്ന പ്രക്രിയയാണ് നോമ്പുകാലം. അതിലൂടെയാണ് നാം ഉയിർ പ്പിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കുന്നത്.

**ഉപവാസം:** കത്തോലിക്കാ പാരമ്പര്യത്തിൽ വളരെ പ്രാധാന്യമുള്ള താണ് നോമ്പുകാലത്തെ ഉപവാസം. വ്യക്തിപരമായ വളർച്ചയും സമൂഹത്തിന്റെ ഐക്യദാർഢ്യവും വളർത്തുന്ന ഒരു ആത്മീയ ശിക്ഷ ണമായി ഇത് പ്രവർത്തിക്കുന്നു. ഉപവാസം തിരുവെഴുത്തുകളിലും സഭയുടെ പ്രബോധനങ്ങളിലും ആഴത്തിൽ വേരൂന്നിയതാണ്. നോമ്പു കാല യാത്രയുടെ ഒരു അവിഭാജ്യ ഘടകമാണിത്. ദൈവത്തോടുള്ള വിശ്വാസവും പ്രതിബദ്ധതയും ആഴത്തിലാക്കാനും ദാനധർമ്മ ത്തിന്റെയും സമൂഹ്യ പ്രതിബദ്ധതയുടെയും മനോഭാവം വളർത്തി യെടുക്കാനും ഉപവാസവും മാംസവർജ്ജനവും മറ്റും വിശ്വാസി കളെ ക്ഷണിക്കുന്നു. ഉപവാസത്തിലൂടെ, വിശ്വാസികൾ അവരുടെ

ആത്മീയ ജീവിതത്തിൽ കൂടുതൽ ആഴപ്പെടാനും മിശിഹായുടെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഉയിർപ്പിന്റെയും ആചരണത്തിനായി സ്വയം ഒരുങ്ങാനും സഹായിക്കുന്നു.

**ആത്മീയ ശുദ്ധീകരണവും വളർച്ചയും:** ആത്മീയ ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടാണ് ഉപവാസം പ്രധാനമായും കാണുന്നത്. പാപത്തിന്റെ മാലിന്യത്തിൽ നിന്ന് വിശ്വാസിയെ വിമുക്തമാക്കാനും ദൈവവുമായുള്ള ആഴത്തിലുള്ള ബന്ധം വളർത്തിയെടുക്കാനുമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഉപവാസം കേവലം ഒരു ശാരീരിക പ്രവൃത്തിയല്ല, മറിച്ച് ആന്തരിക ശുദ്ധീകരണത്തിന് ആവശ്യമായ ഒരു ഘട്ടമാണെന്ന് ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നു. ഉപവാസം വ്യക്തികളെ അനാരോഗ്യകരമായ വികാരങ്ങളിൽ നിന്നും ദുർഗുണങ്ങളിൽ നിന്നും വേർപെടുത്താൻ സഹായിക്കുന്നു, അതുവഴി ദൈവത്തിന്റെ സ്വരത്തിന് ജീവിതത്തിൽ കൂടുതൽ സ്വീകാര്യത കണ്ടെത്താനും മറ്റുള്ളവരുടെ ആവശ്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനും അവരെ അനുവദിക്കുന്നു. ഉപവാസം ആത്മാവിനെ ഉയർത്തുന്നു എന്ന് മാത്രമല്ല, വിശ്വാസികളെ ഭൗതിക ആശങ്കകളേക്കാൾ അവരുടെ ആത്മീയ ജീവിതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രാപ്തരാക്കുന്നു എന്നും പരി. പിതാവ് അനുസ്മരിപ്പിക്കുന്നു.

**മിശിഹായോടും മറ്റുള്ളവരോടും ഉള്ള ഐക്യദാർഢ്യം:** മരുഭൂമിയിൽ നാൽപ്പത് ദിവസം ഉപവസിച്ച മിശിഹായോടുള്ള ഐക്യദാർഢ്യത്തിന്റെ പ്രകടനമായും ഉപവാസം പ്രവർത്തിക്കുന്നു. ഈ നോമ്പ് കാലം ഈശോയുടെ കഷ്ടപ്പാടുകളുടെയും ത്യാഗത്തിന്റെയും ഓർമ്മപ്പെടുത്തലാണ്, അതോടൊപ്പം വിശ്വാസികളെ അവരുടെ സ്വന്തം ജീവിത പോരാട്ടങ്ങളെ ഈശോയോടേതുമായി ഒന്നിപ്പിക്കാൻ ക്ഷണിക്കുന്ന അവസരവുമാണ്. നോമ്പുകാലത്തെ ഉപവാസം മനുഷ്യവർഗത്തിനുവേണ്ടി കഷ്ടപ്പാടുകൾ സഹിച്ച മിശിഹായോടുള്ള ഐക്യദാർഢ്യത്തിന്റെ പ്രകടനമാണെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഊന്നിപ്പറഞ്ഞിട്ടുണ്ട്. കൂടാതെ, ഉപവാസം ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, കാരണം

വിശ്വാസികൾ തങ്ങളുടെ വിഭവങ്ങൾ ആവശ്യക്കാരുമായി പങ്കിടാൻ പ്രോത്സാഹിപ്പിക്കപ്പെടുന്നു. അങ്ങനെ മറ്റുള്ളവരോടുള്ള പരിഗണനയും സമൂഹബോധവും വളരുന്നു. സ്വന്തം ശരീരരക്തങ്ങൾ നമുക്കായി പങ്കുവച്ചു തന്ന ഈശോയുടെ ജീവിതത്തിലുള്ള പങ്ക്പറ്റലാണ് ഈ പ്രവൃത്തി. പരിവർത്തനത്തിനു ഒരു ആഹ്വാനം: നോമ്പുകാല ഉപവാസം പരിവർത്തനത്തിനുള്ള ഒരു ആഹ്വാനമാണ്. വിശ്വാസികൾക്ക് അവരുടെ ജീവിതത്തെക്കുറിച്ച് ചിന്തിക്കാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനും ഉള്ള അവസരമാണ്. ആത്മപരിശോധനയ്ക്കും ആത്മീയനവീകരണത്തിനുമുള്ള സമയമാണിത്. യഥാർത്ഥ ഉപവാസം ഹൃദയ പരിവർത്തനത്തിലേക്ക് നയിക്കണമെന്നും വ്യക്തികളെ പ്രാർത്ഥനയിലും ദാനധർമ്മങ്ങളിലും കാരുണ്യപ്രവൃത്തികളിലും ഏർപ്പെടാൻ പ്രേരിപ്പിക്കണമെന്നും സഭ പഠിപ്പിക്കുന്നു.

**ഉപവാസത്തിന്റെ പ്രായോഗിക രൂപങ്ങൾ:** സാംസ്കാരികവും സാമൂഹികവുമായ സന്ദർഭങ്ങളെ അടിസ്ഥാനമാക്കി ഉപവാസം വ്യത്യാസപ്പെടാമെന്ന് സഭ പഠിപ്പിക്കുന്നു. ഉപവാസം വേണ്ടതാണെങ്കിലും, വ്യക്തിഗത സാഹചര്യങ്ങളെ ആശ്രയിച്ച് കാരുണ്യ പ്രവർത്തികളും പ്രാർത്ഥനയും വഴി അത് പൂർണ്ണമാക്കാനോ അല്ലെങ്കിൽ പകരമാക്കാനോ കഴിയുമെന്ന് വി. പോൾ ആറാമൻ മാർപ്പാപ്പ പ്രസ്താവിച്ചിട്ടുണ്ട്. ഇത് ഉപവാസത്തോടുള്ള കൂടുതൽ വ്യക്തിഗത സമീപനത്തിന് സാധ്യത നൽകുന്നു. കാരണം എല്ലാവർക്കും ഒരുപോലെ ഉപവസിക്കാൻ സാധിക്കാത്ത അവസ്ഥയുമുണ്ടാകാമല്ലോ. ഈ നോമ്പുകാലം മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടാൻ നമ്മെ പ്രാപ്തരാക്കട്ടെ. അങ്ങനെ നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ നിങ്ങൾക്ക് സാധിക്കും (റോമാ. 12:2). പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ പ്രഖ്യാപിച്ച ജൂബിലി വർഷവും നമ്മുടെ രൂപതയിൽ പ്രഖ്യാപിക്കപ്പെട്ട കുടുംബ നവീകരണ വർഷവും ആചരിക്കുന്ന ഈ വേളയിൽ വ്യക്തികൾ എന്നപോലെ കുടുംബങ്ങളും കുടുംബാന്തരീക്ഷത്തിന്റെ നവീകരണം വഴി രൂപാന്തരപ്പെട്ട് തിരുക്കുടുംബത്തിന്റെ മാതൃകയിൽ ആയിത്തീരട്ടെ. പരിശുദ്ധപിതാവ് ആവശ്യപ്പെട്ടിരിക്കുന്നതുപോലെ നമ്മൾ

ക്രൈസ്തവർ ഈ ലോകത്തിൽ പ്രത്യാശയുടെ തീർത്ഥാടകരാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും ഫലദായകമായ നോമ്പുകാലവും സമാധാനപൂർണ്ണമായ ഉയിർപ്പുതിരുനാളും ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:** ഈ ഇടയലേഖനം 2025 മാർച്ച് 9-ാം തീയതി വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതുപോലെ ഇടവകകൾ, സംഘടനകൾ, സമർപ്പിത സമൂഹങ്ങൾ എന്നിവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യാനും ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

## മദ്യലഹരിവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. കമ്മീഷൻ നൽകുന്ന സന്ദേശം

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ മാർച്ച് 23-ാം തീയതി മദ്യലഹരി വിരുദ്ധ ഞായറാഴ്ച്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി മദ്യലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചു വരുന്നു.

മാരകമായ രാസ ലഹരിയുടെയും മദ്യത്തിന്റെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിന്റെയും രാസ ലഹരിയുടെയും ഉപയോഗംവഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. അനുഗ്രഹം അന്യമാകുന്നു കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർദ്ധിക്കുന്നു. ധാർമികതയ്ക്ക് വിലയില്ലാതാകുന്നു സ്വന്തം ഭവനത്തിൽ പോലും സ്വന്തപ്പെട്ടവർക്ക് പേടിച്ച് കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹ്യ തിന്മയായി മദ്യരാസലഹരി ഉപയോഗം മാറിക്കഴിഞ്ഞിരിക്കുന്നു.

തുടർഭരണം നേടി വരുന്ന സർക്കാരുകൾ പണം കണ്ടെത്തുന്ന കുറുക്കുവഴിയാണ് മദ്യവില്പനയും മദ്യനിർമ്മാ

ണവും, ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും, ഐ.ടി പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചു കൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യ കമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറ ഒരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നു കൊണ്ടിരിക്കുന്നു. സർക്കാരിന്റെ തന്നെ പദ്ധതിയായ 'അമൃതം ആരോഗ്യം' എന്നതിലൂടെ പത്തു ലക്ഷത്തിലധികം പേരാണ് പുകയില ഉപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്ക് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ രണ്ടാം ഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ എല്ലാ മൂക്കിലും മൂലയിലും ലഹരി മാഫിയകൾ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. കേവലം, 18 വയസ്സിന് താഴെ പ്രായമുള്ളവരുടെ 'കുട്ടി ഗുണ്ടാസംഘങ്ങൾ' ലഹരിക്കടിമപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ രാസലഹരി മാഫിയായെ അമർച്ച ചെയ്യുവാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസ ലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ് മുതൽ കോളേജ് തലംവരെയുള്ള ക്ലാസുകളിൽ മദ്യരാസ ലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാന അതിർത്തികളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം കേരളത്തിലേക്ക് തൊഴിൽ തേടി പുറത്തുനിന്നുവരുന്നവരെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണം നമ്മുടെ മതബോധന ക്ലാസുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന

ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസലഹരികളും. നാടിന്റെ സാമ്പത്തിക സ്ഥിരതയെയും അതിന്റെ ബഹുവിധ സംവിധാനങ്ങളെയും ഇത് നശിപ്പിക്കുന്നു. മദ്യലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വത പരിഹാരം കാണുവാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്ത് സംബന്ധിച്ച് വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായ പ്രാർത്ഥനകളും, ബോധവൽക്കരണവും, മദ്യവിരുദ്ധ പ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം.

“ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു (YOUCAT 389). രാസ ലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു മയക്കുമരുന്ന് കച്ചവടക്കാർ മരണ സംസ്കാരത്തിന്റെ വ്യാപാരികളാണ്. ചുരുക്കത്തിൽ, മയക്കുമരുന്നിന്റെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽ നിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഒരോ ക്രൈസ്തവന്റെയും ധർമ്മമാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്തുവാനുമായി കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരള സഭയിലെ എല്ലാ അല്മായ പ്രസ്ഥാനങ്ങളും സംഘടനകളും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യലഹരിവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ചിന്തിക്കുകയും മദ്യ രാസലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരിക്കുകയും വേണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക. മദ്യരാസ ലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാനപരിപാടികളിലൂടെ സമ്പൂർണ്ണ വിമോചനം നേടിയെടുക്കുവാനും, ഈ സാമൂഹ്യ വിപത്തിനെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാക്കുവാനും ഈ മദ്യലഹരിവിരുദ്ധ ഞായർ ആചരണം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർ

ത്തിക്കാം. മാർച്ച് 23-ാം തീയതി ഞായറാഴ്ചയിലെ സ്തോത്ര കാഴ്ച മദ്യലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ രൂപതാ കേന്ദ്രത്തിൽ നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**

ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ

**ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ

**ബിഷപ്പ് ക്രിസ്തുദാസ്**

വൈസ് ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷൻ,

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം പി.ഒ.സി.
കൊച്ചി - 682023

---

**NB:** ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

മാർച്ച് 19-ാം തീയതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. യൗസേപ്പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് രൂപത മുഴുവന്റേയും പേരിൽ നാമഹേതുക തിരുനാളിന്റെ സ്നേഹപൂർവ്വകമായ മംഗളാശംസകൾ. തിരുസഭയുടെ സംരക്ഷകനായ മാർ യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭിവന്ദ്യ പിതാവും മാനന്തവാടി രൂപതയും അനുഗ്രഹിക്കപ്പെടുന്നതിനായി നമുക്കൊന്നു ചേർന്ന് പ്രാർത്ഥിക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ.

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതിയാണ്. അന്നേ ദിവസം ഞായറാഴ്ച്ചയായതുകൊണ്ട് ഏപ്രൽ 5-ാം തീയതി ശനിയാഴ്ച്ച കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

മാർച്ച് 3 ന് ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും മാർച്ച് 10 ന് ബഹു. ഫ്രാൻസീസ് വാളായിൽ അച്ചന്റെയും, ബഹു. മാത്യു പൈക്കാട്ടച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ട്മറ്റം അച്ചന്റെയും ഏപ്രിൽ 5 ന് ബഹു. ജോസഫ് തുരുത്തേൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**മദ്യവിരുദ്ധ ഞായർ**

കേരള കത്തോലിക്കാ സഭ മാർച്ച് 23 ന് മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. അന്നേ ദിവസത്തെ സ്തോത്രകാഴ്ച മദ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**വൈദിക സമിതിയോഗം (Presbyteral Council)**

നേരത്തെ അറിയിച്ചിരുന്നതിൽ നിന്ന് വ്യത്യസ്തമായി വൈദിക സമിതിയുടെ ഒരു യോഗം 2025 മാർച്ച് 13 വ്യാഴാഴ്ച്ച രാവിലെ 10:30 മുതൽ 1:00 മണിവരെ ബിഷപ്പ്സ് ഹൗസിൽ വെച്ചു ചേരുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയക്കുന്നതാണ്.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2025 മാർച്ച് 20 വ്യാഴാഴ്ച്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് വൈദികസമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പൊതു പിരിവുകൾ**

രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ മാർച്ച് 31 നകം എത്തിച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും 10 ശതമാനം രൂപതാ വിഹിതവും, വൈദിക ക്ഷേമ നിധിയിലേയ്ക്കുള്ള തുകയും, വൈദിക ക്ഷേമനിധി കുടിശിഖയുള്ള ഇടവകകൾ കുടിശിഖയും അടയ്ക്കാൻ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

**വിദ്യാഭ്യാസ സഹായനിധി (Education Aid Fund), വൈദിക വിദ്യാർത്ഥി ക്ഷേമനിധി (Seminary Formation)**

എല്ലാവർഷത്തേയും പോലെ ഈ വർഷവും മാർച്ച് 9 ന് രൂപതാ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്കും, മാർച്ച് 16-ന് വൈദിക വിദ്യാർത്ഥി ക്ഷേമനിധിയിലേക്കും ഓരോ ഇടവകയിലും നിന്ന് പിരിവ് എടുക്കേണ്ടതും രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്.

**വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും**

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 6-ാം തിയ്യതി

ഞായറാഴ്ചയോ അതിനു മുൻപോ നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2024-25 വർഷത്തെ വാർഷിക കണക്ക്, 2025-26 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2025-26 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

* വാർഷിക തെരട്ടിനോടൊപ്പം പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പും വാർഷിക തെരട്ടിന്റെയും ബഡ്ജറ്റിന്റേയും കോപ്പികളും, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രവും ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. പ്രോട്ടോസിഞ്ചെല്ലൂസ് സമർപ്പിച്ച് അംഗീകാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ (കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും, 65 ൽ കവിയാത്തവരും സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരും വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 205, നമ്പർ 42.) സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 -ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. കൈക്കാരന്മാർ മുമ്പ് കോഴ്സ് കൂടിയിട്ടില്ലെങ്കിൽ Safe Environment Committee പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന കോഴ്സ് കൂടേണ്ടതാണ്.

* സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതുതരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റുകൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.

* വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.

* ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

* സീറോമലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

* കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം സമർപ്പിക്കേണ്ടതാണ്.

* പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനു മുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

* മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

* മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

## ഫൊറോനാ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ എന്നിവയുടെ രൂപീകരണത്തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നമ്മുടെ രൂപതയിൽ നിലവിലിരുന്ന ഫൊറോനാ കൗൺസിലുകളുടെയും, രൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും കാലാവധി അവസാനിച്ചിരിക്കുകയാണല്ലോ. പുതിയ പാസ്റ്ററൽ കൗൺസിലിലേക്ക് ഓരോ ഫൊറോനയിൽ നിന്നും 4 അത്മായ പ്രതിനിധികൾ വീതമാണ് തിരഞ്ഞെടുക്കപ്പെടേണ്ടത് (യൂണിറ്റ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിങ്ങനെ നാലു വിഭാഗങ്ങളിൽ നിന്നുമാണ് പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്). അവരിൽ രണ്ടുപേർ വനിതകൾ ആയിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവരിൽ ഒരാൾ 35 വയസ്സിൽ താഴെ പ്രായം ഉള്ള ആളായിരിക്കണം. ഓരോ ഇടവകയിൽ നിന്നും പുതിയതായി രൂപീകരിക്കുന്ന പാരീഷ് കൗൺസിൽ മേൽപറഞ്ഞ തരത്തിലുള്ള 4 പേരെ തിരഞ്ഞെടുക്കുകയും (മാനന്തവാടി രൂപത നിയമാവലി പേജ് 265–278) തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരും മേൽവിലാസവും ഫോൺനമ്പറും മെയ് 3-ാം തീയതിയ്ക്കകം ബഹു. ഫൊറോനാ വികാരിയെ അറിയിക്കുകയും വേണം. ഇപ്രകാരം ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുക്ക

പ്പെടുന്നവർ ചേർന്നാണ് ഫൊറോന കൗൺസിൽ രൂപീകരിക്കേണ്ടത്. ഓരോ ഫൊറോനയിലേയും സംഘടനകളുടെ മേഖലാ പ്രസിഡന്റുമാരും സന്യാസ-സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധികളും ഫൊറോനാ കൗൺസിൽ അംഗങ്ങളായിരിക്കും (മാനന്തവാടി രൂപതാ നിയമാവലി പേജ് 231-235) ഫൊറോന കൗൺസിലിൽ വച്ചാണ് രൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തിരെഞ്ഞെടുപ്പ് നടത്തേണ്ടത് (4 പേർ).

മെയ് 10-ാം തീയതിക്കകം ബഹു. ഫൊറോനാ വികാരിയച്ചന്മാർ ഫൊറോനാ കൗൺസിൽ വിളിച്ചുചേർത്ത് രൂപതാ പാസ്റ്റർ കൗൺസിലിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്. ഫൊറോന കൗൺസിൽ ചേരുന്ന ദിവസം ഇടവകകളിൽനിന്നും ഫൊറോന കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ ഫൊറോന കേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള സത്യപ്രതിജ്ഞ പരസ്യമായി ചെയ്യുകയും അതിൽ ഒപ്പിട്ട് ഫൊറോനാ വികാരിയെ ഏൽപ്പിക്കുകയും ഫൊറോനാ കേന്ദ്രത്തിൽ സൂക്ഷിക്കുകയും വേണം. എന്നാൽ പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരുടെ സത്യപ്രതിജ്ഞാപത്രവും അവരുടെ മേൽവിലാസവും ഫോൺ നമ്പറും വാട്ട്സ്ആപ്പ് നമ്പർ ഉണ്ടെങ്കിൽ അതും 2024 മെയ് 15-ാം തീയതിക്കകം ബഹു. വികാരിയച്ചന്മാർ രൂപതാ ചാൻസലറുടെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്. രൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കുപ്പെടുന്നവരുടെ സത്യപ്രതിജ്ഞാപത്രം രൂപതാ കേന്ദ്രത്തിൽ കിട്ടിയെങ്കിൽ മാത്രമേ രൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുപ്പിന് അംഗീകാരം ലഭിക്കുകയുള്ളൂ.

രൂപതാ പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ 2025 ജൂൺ14 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി സ്ഥാനം ഏറ്റെടുക്കുന്നതായിരിക്കും. ഇക്കാര്യം തിരഞ്ഞെടുക്കപ്പെടുന്നവരെ ബഹു. ഫൊറോനാ വികാരിയച്ചന്മാർ മുൻകൂട്ടി അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ. നീലഗിരി റീജിയണിലെ തിരഞ്ഞെടുപ്പിന്റെ ചുമതല റീജിയണൽ ഡയറക്ടർ ബഹു. ബിജു പൊൻപാറയ്ക്കൽ അച്ചൻ നിർവ്വഹിക്കേണ്ടതാണ്. 4 പ്രതിനിധികളെയാണ് അവിടെ നിന്ന് തിരഞ്ഞെടുക്കേണ്ടത്. മറ്റ് ഫൊറോനകളിൽനിന്നും രൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പിന് ബഹു. ഫൊറോനാ വികാരിയച്ചന്മാർ നേതൃത്വം നല്കേണ്ടതാണ്.

**മാർ അലക്സ് താരാമംഗലം**
(സഹായമെത്രാൻ)

---

**NB:** പാരീഷ് കൗൺസിൽ, ഫൊറോനാ കൗൺസിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ എന്നിവയുടെ കാലാവധി 2 വർഷമായിരിക്കും.

| | Transfer List – February 2025<br>(w.e.f. 9th February 2025) | |
|---|---|---|
| **SN** | **House Name , Name** | **Assignment** |
| 1 | Karuthedath Mathew (Rajeesh) | Associate Director,<br>Biowin Agro Research |
| 2 | Vathelil Abraham (Jijo) | Vicar, Kalluvayal |
| 3 | Venakuzhiyil Mathai (Shijo) | Vicar, Vallikettu |
| 4 | Arumayil George (Rijose) | Assistant Vicar, Mullenkolly |
| 5 | Kocheril Mathew (Anoop) | Assistant Vicar, Nilambur |
| 6 | Kochumalayil Varghese (Annet) | Assistant Vicar, Poroor |
| 7 | Nakkuzhikkattu Mathew (Jomin) | Assistant Vicar, Kayyunni |
| 8 | Palakuzha Joseph (Bobby) | Assistant Vicar, Kottiyoor |
| 9 | Pallattukunnel Augustine (Jijo) | Assistant Vicar, Payyampally |
| 10 | Pannackal Mathew (Amal) | Assistant Vicar, Thariode |
| 11 | Poothakkuzhiyil Joseph (Christy) | Assistant Vicar, Nadavayal |
| 12 | Pulikunnel Devasia (Clinto) | Assistant Vicar, Nadavayal |
| 13 | Purakkal George (Aneesh) | Study |
| 14 | Thondiparambil Peter (Kiran) | Assistant Vicar, Kalpetta |
| 15 | Thuruthiyil Louis | Assistant Vicar, Cherukattoor |
| 16 | Uppuveettil John ( Akhil) | Assistant Vicar, Chungakkunnu |
| 17 | Vattakkunnel Jude | Assistant Vicar, Bathery |

Bishop Jose Porunnedom
Bishop of the Eparchy of Mananthavady

Fr Anoop Kaliyaniyil
Chancellor

## ഓഡിറ്റിംഗ്

പ്രിയമുള്ളവരേ,

നമ്മുടെ രൂപതയിലെ 2024-2025 വർഷത്തെ എല്ലാ ഇടവകകളുടെയും, സ്ഥാപനങ്ങളുടേയും ഓഡിറ്റിംഗ് ഏപ്രിൽ **22-ാം തീയതി മുതൽ മെയ് 3-ാം തീയതി** വരെ നടത്തപ്പെടുന്നതാണ് ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 22-ാം തീയതി മുതൽ മെയ് 3 വരെയും, സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഓഡിറ്റിംഗ് (FC & General) മെയ് 1, 2 തീയതികളിലുമാണ് ക്രമീകരിച്ചിരിക്കുന്നത് ഓഡിറ്റിംഗിനായി വരുമ്പോൾ കഴിഞ്ഞ വർഷം ഓഡിറ്റേഴ്സ് നൽകിയ നിർദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ ഇടവകകളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തീയതികൾ താഴെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ് ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കു ശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയും ഉച്ചയ്ക്കു ശേഷം കിട്ടിയിരിക്കുന്നവർ ഉച്ചകഴിഞ്ഞ് 2 മണിയോടുകൂടിയും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം വളരെ അത്യാവശ്യമായി വന്നാൽ രൂപതാ ഓഫീസിൽ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

**ഇടവകയുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി വരുമ്പോൾ താഴെ പറയുന്ന രേഖകൾ നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.**

വികാരി ജനറാളിന്റെ വിലയിരുത്തലിന്:

1. വാർഷിക തെരട്ട്ബുക്ക്
2. വാഷിക പൊതുയോഗ മിനിട്സിന്റെ പകർപ്പ്
3. 2025-2026 വർഷത്തിലേക്കുള്ള അംഗീകരിച്ച ബഡ്ജറ്റ്
4. വാർഷിക തെരട്ടിന്റെ 2 കോപ്പികൾ
5. 10 ശതമാനം രൂപതാ വിഹിതം അടച്ചതിന്റെ രസീത്
6. കൈക്കാരൻമ്മാരുടെ പ്രതിജ്ഞാപത്രം
7. അകൗണ്ടിംഗ് സോഫ്റ്റ്വെയറിന്റെ വാർഷിക മെയിന്റനസ് ചാർജ്ജ് അടച്ചതിന്റെ രസീത്

**ഓഡിറ്റേഴ്സിന്റെ പരിശോധനയ്ക്ക്:**

1. Online ആയി account ചെയ്തതിന്റെ Print out
    * Daybook (നാൾവഴി)
    * Ledger
    * Annual Statement of Receipt and Payment - 2 കോപ്പി

    1 കോപ്പി Ledger ന്റെ കൂടെ bind ചെയ്യണം, 1 കോപ്പി ഓഡിറ്റേഴ്സിന് നൽകുവാൻ)

2. പാസ്ബുക്കുകൾ/ ബാങ്ക് സ്റ്റേറ്റ്മെന്റ്
3. ചെക്കുബുക്കുകൾ
4. ബില്ലുകൾ, വൗച്ചറുകൾ, രസീത് കുറ്റികൾ
5. FD രസീതുകൾ
6. 10,000 രൂപയ്ക്ക് മുകളിൽ പണമായി നൽകിയതിന്റെ വിവരങ്ങൾ
7. TDS അടച്ചതിന്റെ രേഖകൾ

8, 2,00,000 വും അതിന് മുകളിലുമുള്ള തുക പണമായി കൈപ്പറ്റിയതിന്റെ വിവരങ്ങൾ

അതോടൊപ്പം തന്നെ ചുരുക്കം ചില ഇടവകകളിൽ പള്ളിയുടെ ഭൂനികുതിയും, വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ നികുതിയും, മറ്റ് നികുതികളും വർഷങ്ങളായി അടച്ചിട്ടില്ലെന്ന് കാണുന്നു. വികാരിയച്ചൻമാർ മുൻകൈ എടുത്ത് പ്രസതുത നികുതികൾ എത്രയും വേഗം അടച്ച് രസീത് പള്ളി ഫയലിൽ സൂഷിക്കേണ്ടതും ഒരു കോപ്പി ഓഡിറ്റിംഗിനു വരുമ്പോൾ രൂപതാ ഓഫിസിൽ ഏൽപ്പിക്കേണ്ടതുമാണ്.

നീലഗിരി റീജിയണിലുള്ള പള്ളികളുടെ കണക്കുകൾ ഓഡിറ്റർ ശ്രീ. ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫീസുകളിൽ നേരത്തെ തന്നെ ഓഡിറ്റിംഗിന് കെടുക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട് ആണ്ടുതെരട്ട് പരിശോധനയും പൊതുയോഗ തീരുമാനങ്ങളുടെ അംഗീകാരവും മെയ് 10 ന് സേക്രട്ട്ഹാർട്ട് റീജണൽ സെന്ററിൽ വച്ച് ആയിരിക്കും (അധികാരിവയൽ, ഗൂഡല്ലൂർ) നടക്കുന്നത്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു**

**മുള്ളൻകൊല്ലി ഫൊറോന** **ഏപ്രിൽ 22 ചൊവ്വ**

1. ആടിക്കൊല്ലി രാവിലെ 9 മുതൽ

| | |
|---|---|
| 2. അമരക്കുനി | രാവിലെ 9 മുതൽ |
| 3. ഇരുളം | രാവിലെ 9 മുതൽ |
| 4. കബനിഗിരി | രാവിലെ 9 മുതൽ |
| 5. മരകാവ് | രാവിലെ 9 മുതൽ |
| 6. മരക്കടവ് | രാവിലെ 9 മുതൽ |
| 7. മുള്ളൻകൊല്ലി | രാവിലെ 9 മുതൽ |
| 8. പാടിച്ചിറ | രാവിലെ 9 മുതൽ |
| 9. പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ |
| 10. പുൽപ്പള്ളി | രാവിലെ 9 മുതൽ |
| 11. സീതാമൗണ്ട് | രാവിലെ 9 മുതൽ |
| 12. ശിശുമല | രാവിലെ 9 മുതൽ |
| 13. വാളാഞ്ചേരി | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 22 ചൊവ്വ** |
| 1. ആലാറ്റിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. ഏലപ്പീടിക | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. കരിമാനി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. കൂറ്റിമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. മാനന്തവാടി കത്തീഡ്രൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 23 ബുധൻ** |
| 1. പയ്യംപള്ളി | രാവിലെ 9 മുതൽ |
| 2. അപ്പപ്പാറ | രാവിലെ 9 മുതൽ |
| 3. ആറാട്ടുത്തറ | രാവിലെ 9 മുതൽ |
| 4. ബാവലി | രാവിലെ 9 മുതൽ |
| 5. എടയൂർക്കുന്ന് | രാവിലെ 9 മുതൽ |
| 6. കമ്മന | രാവിലെ 9 മുതൽ |
| 7. കാട്ടിക്കുളം | രാവിലെ 9 മുതൽ |
| 8. മാർട്ടിൻനഗർ | രാവിലെ 9 മുതൽ |
| 9. പടമല | രാവിലെ 9 മുതൽ |
| 10. പനവല്ലി | രാവിലെ 9 മുതൽ |
| 11. തൃശ്ശിലേരി | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 23 ബുധൻ** |
| 1. പാറത്തോട്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. പേരിയ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. പോരൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ |

| | |
|---|---|
| 4. പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 7. മാനന്തവാടി ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 24 വ്യാഴം** |
| 1. നടവയൽ | രാവിലെ 9 മുതൽ |
| 2. കുറുമ്പാലക്കോട്ട | രാവിലെ 9 മുതൽ |
| 3. നെയ്ക്കുപ്പ | രാവിലെ 9 മുതൽ |
| 4. പറളിക്കുന്ന് | രാവിലെ 9 മുതൽ |
| 5. വാളവയൽ | രാവിലെ 9 മുതൽ |
| 6. അരിഞ്ചേർമല | രാവിലെ 9 മുതൽ |
| 7. ചെറുകാട്ടൂർ | രാവിലെ 9 മുതൽ |
| 8. ചുണ്ടക്കര | രാവിലെ 9 മുതൽ |
| 9. കല്ലുവയൽ | രാവിലെ 9 മുതൽ |
| 10. കണിയാമ്പറ്റ | രാവിലെ 9 മുതൽ |
| 11. കേണിച്ചിറ | രാവിലെ 9 മുതൽ |
| 12. പനമരം | രാവിലെ 9 മുതൽ |
| 13. കൂളിവയൽ | രാവിലെ 9 മുതൽ |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 24 വ്യാഴം** |
| 1. വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. ബോയ്സ്ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. പ്രശാന്തിഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **ബത്തേരി ഫൊറോന** | **ഏപ്രിൽ 25 വെള്ളി** |
| 1. അമ്പലവയൽ | രാവിലെ 9 മുതൽ |
| 2. ചീങ്ങവല്ലം | രാവിലെ 9 മുതൽ |
| 3. ചിത്രഗിരി | രാവിലെ 9 മുതൽ |
| 4. ചൂള്ളിയോട് | രാവിലെ 9 മുതൽ |
| 5. കടൽമാട് | രാവിലെ 9 മുതൽ |
| 6. കരണി | രാവിലെ 9 മുതൽ |
| 7. മീനങ്ങാടി | രാവിലെ 9 മുതൽ |
| 8. കല്ലുമുക്ക് | രാവിലെ 9 മുതൽ |

| | |
|---|---|
| 9. പഴൂർ | രാവിലെ 9 മുതൽ |
| 10. സുൽത്താൻബത്തേരി | രാവിലെ 9 മുതൽ |
| 11. മൂലങ്കാവ് | രാവിലെ 9 മുതൽ |
| 12. തോമാട്ടുചാൽ | രാവിലെ 9 മുതൽ |
| 13. വടക്കനാട് | രാവിലെ 9 മുതൽ |
| 14 വാകേരി | രാവിലെ 9 മുതൽ |
| **ദ്വാരക ഫൊറോന** | **ഏപ്രിൽ 25 വെള്ളി** |
| 1. ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 26 ശനി (മണിമൂളി പാസ്റ്ററൽസെന്റർ)** |
| 1. നിലമ്പൂർ | രാവിലെ 9 മുതൽ |
| 2. ചോക്കാട് | രാവിലെ 9 മുതൽ |
| 3. ഇടിവണ്ണ | രാവിലെ 9 മുതൽ |
| 4. മൂലേപ്പാടം | രാവിലെ 9 മുതൽ |
| 5. മൂട്ടിയേൽ | രാവിലെ 9 മുതൽ |
| 6. പൂക്കോട്ടുംപാടം | രാവിലെ 9 മുതൽ |
| 7. പൂളപ്പാടം | രാവിലെ 9 മുതൽ |
| 8. റൂബിനഗർ | രാവിലെ 9 മുതൽ |
| 9. റ്റി.കെ.കോളനി | രാവിലെ 9 മുതൽ |
| 10. തേൾപ്പാറ | രാവിലെ 9 മുതൽ |
| 11 വടപുറം | രാവിലെ 9 മുതൽ |
| 12. വള്ളിക്കെട്ട് | രാവിലെ 9 മുതൽ |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 26 ശനി (മണിമൂളി പാസ്റ്ററൽ സെന്റർ)** |
| 1. മണിമൂളി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. ഭൂദാനം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. നരിവാലമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. താളിപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. മുണ്ടേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. പാലാങ്കര | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 7. പാലേമാട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 8. പാതിരിപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 9. തലഞ്ഞി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 10. മരുത | ഉച്ചകഴിഞ്ഞ് 2 മുതൽ |

| | |
|---|---|
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 29 ചൊവ്വ** |
| 1. അടക്കാത്തോട് | രാവിലെ 9 മുതൽ |
| 2. അമ്പായത്തോട് | രാവിലെ 9 മുതൽ |
| 3. ചുങ്കക്കുന്ന് | രാവിലെ 9 മുതൽ |
| 4. കേളകം | രാവിലെ 9 മുതൽ |
| 5. കൊട്ടിയൂർ | രാവിലെ 9 മുതൽ |
| 6. നെല്ലിയോടി | രാവിലെ 9 മുതൽ |
| 7. ഒറ്റപ്ലാവ് | രാവിലെ 9 മുതൽ |
| 8. പാൽചുരം | രാവിലെ 9 മുതൽ |
| 9. ശാന്തിഗിരി | രാവിലെ 9 മുതൽ |
| 10. വെള്ളൂന്നി | രാവിലെ 9 മുതൽ |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 29 ചൊവ്വ** |
| 1. തരിയോട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. ചെന്നലോട് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. കാവുംമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. കുറുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 6. കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 7. മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 8. പന്തിപ്പൊയിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 9. മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 10. പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **കൽപ്പറ്റ ഫൊറോന** | **ഏപ്രിൽ 30 ബുധൻ** |
| 1. കല്പ്പറ്റ | രാവിലെ 9 മുതൽ |
| 2. വാഴവറ്റ | രാവിലെ 9 മുതൽ |
| 3. തെനേരി | രാവിലെ 9 മുതൽ |
| 4. നെടുമ്പാല | രാവിലെ 9 മുതൽ |
| 5. കളത്തുവയൽ | രാവിലെ 9 മുതൽ |
| 6. റിപ്പൺ | രാവിലെ 9 മുതൽ |
| 7. കൊളവയൽ | രാവിലെ 9 മുതൽ |
| 8. എടപ്പെട്ടി | രാവിലെ 9 മുതൽ |
| 9. വൈത്തിരി | രാവിലെ 9 മുതൽ |
| 10. ചാരിറ്റി | രാവിലെ 9 മുതൽ |
| 11. ലക്കിടി | രാവിലെ 9 മുതൽ |

| | |
|---|---|
| 12. ഒലിവുമല | രാവിലെ 9 മുതൽ |
| 13. ചൂരൽമല | രാവിലെ 9 മുതൽ |
| 14. പുഴമൂടി | രാവിലെ 9 മുതൽ |
| 15. തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ |
| **ദ്വാരക ഫൊറോന** | **ഏപ്രിൽ 30 ബുധൻ** |
| 1. മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 2. മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 3. തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 4. വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ |
| 5. വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ |
| **കല്ലോടി ഫൊറോന** | **മെയ് 3 ശനി** |
| 1. ദീപ്തിഗിരി | രാവിലെ 9 മുതൽ |
| 2. എള്ളുമന്ദം | രാവിലെ 9 മുതൽ |
| 3. ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ |
| 4. കല്ലോടി | രാവിലെ 9 മുതൽ |
| 5. കുഞ്ഞോം | രാവിലെ 9 മുതൽ |
| 6. മക്കിയാട് | രാവിലെ 9 മുതൽ |
| 7. നിരവിൽപുഴ | രാവിലെ 9 മുതൽ |
| 8. പുതുശ്ശേരി | രാവിലെ 9 മുതൽ |
| 9. പുതിയിടംക്കുന്ന് | രാവിലെ 9 മുതൽ |
| 10. വാഞ്ഞോട് | രാവിലെ 9 മുതൽ |
| 11. വാളേരി | രാവിലെ 9 മുതൽ |
| 12. കരിമ്പിൽ | രാവിലെ 9 മുതൽ |

**പ്രത്യേക അറിയിപ്പ്**

Online Accounting System Software Maintenance Charge 3,570/ രൂപ രൂപത അടയ്ക്കേണ്ടതാണ്.

**ബിഷപ്പ് അലക്സ് താരാമംഗലം**
പ്രോട്ടോസിഞ്ചെല്ലൂസ്

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

## 2025 മാർച്ച് മാസത്തിലെ കുടുംബകൂട്ടായ്മകളിലെ പഠന വിഷയം

## വിശുദ്ധ കുമ്പസാരം

**ആമുഖം**

കണ്ണീരുകൊണ്ടുള്ള രണ്ടാം മാമ്മോദീസയാണ് കുമ്പസാരം. പാപത്തിലൂടെ നഷ്ടപ്പെട്ട മഹത്വത്തിന്റെ വസ്ത്രം ഇത് നമുക്ക് വീണ്ടും പ്രദാനം ചെയ്യുന്നു.

അനുതാപത്തിന്റെ കൂദാശ, സൗഖ്യത്തിന്റെ കൂദാശ, മാനസാന്തരത്തിന്റെകൂദാശ, അനുരഞ്ജനത്തിന്റെ കൂദാശ, ഏറ്റുപറച്ചിലിന്റെ കൂദാശ എന്നൊക്കെ വിശേഷിക്കപ്പെടുന്ന വിശുദ്ധ കുമ്പസാരം മനുഷ്യന്റെ പാപങ്ങൾ മോചിക്കാനായി ഈശോ സഭയിൽ സ്ഥാപിച്ച കൂദാശയാണ്. ഏറ്റു പറയുക എന്നർത്ഥമുള്ള 'കൊൺഫെസാർ' എന്ന പോർച്ചുഗീസ് വാക്കിൽ നിന്നാണ് കുമ്പസാരിക്കുക എന്ന മലയാള ക്രിയാധാതു ഉണ്ടായത്. ''അനുതാപ ശുശ്രൂഷയ്ക്കായി അണയുന്നവർ ദൈവത്തിനെതിരായി ചെയ്ത പാപങ്ങൾക്ക് അവിടുത്തെ കരുണയിൽ നിന്നും പൊറുതി പ്രാപിക്കുകയും പാപം വഴി തങ്ങൾ മുറിവേൽപ്പിച്ച സഭയുമായി രമ്യപ്പെടുകയും ചെയ്യുന്നു. സഭയാകട്ടെ, സ്നേഹവും മാതൃകയും പ്രാർത്ഥനയും വഴി അവരുടെ മാനസാന്തരത്തിനുവേണ്ടി അധ്വാനിക്കുന്നു'' (LG,11).

**1. കുമ്പസാരത്തെക്കുറിച്ച് വി. ഗ്രന്ഥം നൽകുന്ന സാക്ഷ്യം**

പാപം മോചിക്കാനുള്ള അധികാരം ക്രിസ്തു തിരുസഭയെ ഭരമേൽപ്പിച്ചിരിക്കുന്നു എന്നതിന് വി. ഗ്രന്ഥവും സഭാ പാരമ്പര്യവും സാക്ഷ്യം നൽകുന്നുണ്ട്. തന്നിലുള്ള വിശ്വാസം ഏറ്റു പറഞ്ഞ പത്രോസിന് ഈശോ ''സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും'' (മത്താ. 16:19) എന്ന വചനത്തിലൂടെ പാപമോചനം അധികാരം നൽകുന്നതായി കാണാം. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു:

നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും...'' (മത്താ. 18: 18). ''നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും'' (യോഹ. 20:23) എന്നിങ്ങനെയുള്ള ഈ കൂദാശ വചനഭാഗങ്ങൾ ഈശോയാൽ സഭയിൽ സ്ഥാപിക്കപ്പെട്ടതാണ് എന്ന വസ്തുത വ്യക്തമാക്കുന്നു. ഈശോ പുനരുത്ഥാന ശേഷം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പട്ടു കൊണ്ട് നൽകിയ വാഗ്ദാനമെന്ന നിലയിൽ ഈ കൂദാശ ഒരു ഈസ്റ്റർ സമ്മാനം എന്ന നിലയിലും സഭയിൽ പരിഗണിക്കപ്പെടാറുണ്ട്. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ എന്നതുകൊണ്ട് പാപമോചനത്തെയാണ് സൂചിപ്പിക്കുന്നതെന്ന് സഭാ പിതാക്കന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. വി. പത്രോസിലൂടെ സഭയിലെ എല്ലാ അപ്പസ്തോല ഗണത്തിനുമായി ക്രിസ്തു ഈ ദൗത്യം ഭരമേൽപിക്കുകയായിരുന്നു. ശിഷ്യന്മാർക്ക് നൽകപ്പെട്ട ഈ അധികാരം പാപത്തിനുമേൽ വിധി പ്രസ്താവിക്കാനുള്ള അധികാരവും ഒപ്പം പാപത്തിലൂടെ നഷ്ടമായ സ്വർഗ്ഗീയാനുഭവത്തിലേക്ക് പാപികളെ പങ്കുചേർക്കാനുള്ള ദൈവകരുണയുടെ ഒരു പദ്ധതിയുമായിരുന്നുവെന്നും നമുക്ക് മനസ്സിലാക്കാം. യേശു ഭൂമിയിലായിരുന്നപ്പോൾ പാപം മോചിച്ചതു പോലെ (മത്താ. 9:28, മർക്കോ. 2:59, ലൂക്കാ. 5:20-27) അപ്പസ്തോല ഗണത്തിനും ക്രിസ്തു സമാനമായ അധികാരം നൽകുകയായിരുന്നു. അതിനാലാണ് ക്രിസ്തുവിന്റെ ഒരു പ്രതിനിധിയായ വൈദികന്റെ അടുത്ത് തന്നെ കുമ്പസാരിക്കണമെന്ന് സഭ അനുശാസിക്കുന്നത്.

**2. വി. കുമ്പസാരത്തെക്കുറിച്ച് സഭാ പാരമ്പര്യം എന്ത് പഠിപ്പിക്കുന്നു?**

സഭാ പാരമ്പര്യത്തിൽ ഈ കൂദാശയെക്കുറിച്ച് ആധികാരികമായ സൂചനയുണ്ട്. എ.ഡി. 96 ൽ തന്നെ റോമിലെ വി. ക്ലമന്റ് എഴുതിയ കത്തിൽ അനുതപിക്കുന്ന പാപികൾക്ക് വൈദികൻ കല്പിക്കേണ്ടപ്രായശ്ചിത്തങ്ങളെക്കുറിച്ച്നിർദ്ദേശമുണ്ട്.അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസും അനുതപിക്കുന്ന പാപിയെ ദൈവത്തോടും സഭയോടും അനുരഞ്ജനപ്പെടുത്തുന്ന ഈ കൂദാശയെക്കുറിച്ച്

പരാമർശിക്കുന്നുണ്ട്. ഡിഡാക്കെയിലാകട്ടെ (The Teaching of the Twelve Apostles- Ancient Christian Text) പാപം പരസ്യമായി ഏറ്റു പറയുന്നതിന്റെ നടപടി ക്രമങ്ങൾ വിവരിക്കുന്നുണ്ട്. ആറാം നൂറ്റാണ്ട് മുതൽ സഭയിൽ സ്ഥാപിച്ച കൂദാശയാണ് കുമ്പസാരം എന്ന വാദഗതി ഉയർത്തുന്നവർ ഒന്നാം നൂറ്റാണ്ടുമുതലുള്ള സഭാപിതാക്കന്മാരുടെ പഠനങ്ങളിലെ ആധികാരിക പ്രബോധനം വിസ്മരിച്ചുകൂടാ. സഭയുടെ ആരംഭകാലം മുതലുള്ള കുമ്പസാരമെന്ന മഹത്തായ ഈ കൂദാശ വിവിധ കാലഘട്ടങ്ങളിലെ സഭാ പഠനങ്ങളുടെ വെളിച്ചത്തിൽ നവീകരണങ്ങൾക്ക് വിധേയമായി ഇന്ന് കാണുന്ന രീതിയിലേക്ക് വന്നു ചേരുകയാണ് ഉണ്ടായത് അതിനാൽ ഈ കൂദാശ ക്രിസ് തുവിനാൽ സ്ഥാപിക്കപ്പെട്ടതാണെന്ന വസ്തുതയിൽ യാതൊരു തർക്കവുമില്ല.

**3. കുമ്പസാരം എന്ന കൂദാശയെക്കുറിച്ചുള്ള സഭയുടെ 10 അടി സ്ഥാന സത്യങ്ങൾ**

1. കുമ്പസാരമെന്ന കൂദാശയിലൂടെ പാപങ്ങൾ യഥാർത്ഥത്തിൽ നേരിട്ടു മോചിക്കപ്പെടുന്നു (Didache 919, ത്രെന്തോസ് സൂനഹ ദോസ്).

2. വിശ്വാസികളിൽ സംഭവിക്കുന്ന സകല പാപദോഷങ്ങളും ആവർ ത്തിച്ചു ക്ഷമിക്കാൻ തിരുസ്സഭയെ ക്രിസ്തു അധികാരപ്പെടുത്തി യിട്ടുണ്ട് (D.911).

3. കുമ്പസാരം എന്ന കൂദാശയുടെ പദാർത്ഥം എന്നത് (matter) പാപി യുടെ അനുതാപം, ഏറ്റുപറച്ചിൽ, പരിഹാരം എന്നിവയുൾക്കൊ ള്ളുന്ന പ്രവൃത്തിയാണ്. കൂദാശയുടെ രൂപം (form) പുരോഹിതന്റെ പാപമോചനാശീർവാദവുമാണ് (D.896)

4. അനുതാപം എന്നത് പാപങ്ങളെ ഓർത്തുള്ള ദുഃഖം മാത്രമല്ല ചെയ്തു പോയ പാപങ്ങൾ ഇിമേൽ ആവർത്തിക്കില്ല എന്ന ഉറച്ച തീരുമാനം കൂടിയാണ് (D.813, 1207).

5. പാപങ്ങൾ ഏറ്റുപറയണം എന്നത് വി. ഗ്രന്ഥത്തിലും (1 യോഹ. 1:9 യാക്കോ. 5:16; അപ്പ. 19:18) സഭാ പാരമ്പര്യത്തിലും കാണാം. ആരംഭ കാലത്ത് സഭയിൽ പരസ്യകുമ്പസാരമാണ് നിലവിലുണ്ടായിരുന്ന തെങ്കിലും അതിലെ അജപാലനപരമായ അപകടങ്ങൾ തിരിച്ചറിഞ്ഞ് എ.ഡി. 461 ൽ മഹാനായ വി. ലെയോ മാർപാപ്പായാണ് സഭയിൽ

പാപങ്ങൾ വൈദികനോട് വ്യക്തിപരമായി ഏറ്റുപറയുന്ന രഹസ്യ കുമ്പസാരം നടപ്പിലാക്കിയത് (D.145).

6. പാപം ഏറ്റുപറയുമ്പോൾ മാരക പാപങ്ങളോരോന്നിന്റെയും എണ്ണവും സ്വഭാവവും അവയ്ക്ക് കാരണമായ സാഹചര്യവും ഏറ്റു പറയാൻ കുമ്പസാരിക്കുന്ന വ്യക്തിക്ക് ഉത്തരവാദിത്വമുണ്ട്. വിചാര ത്താലും ആഗ്രഹത്താലും ആന്തരികമായി ചെയ്യുന്ന തെറ്റുക ളും ഏറ്റുപറയണം. (D.899,917).

7. കുമ്പസാരത്തിലൂടെ ഒരിക്കൽ മോചിക്കപ്പെട്ട പാപങ്ങൾ വീണ്ടും ഏറ്റുപറയേണ്ടതില്ല. എന്നാൽ മുഴുവൻ കുമ്പസാരത്തിൽ ഇപ്രകാരം ചെയ്യുന്നത് പ്രസ്തുത പാപങ്ങളുടെ ഫലങ്ങൾ തുടരുന്നത് തട യാനും അവയിലേക്കു വീണ്ടും വീഴാതിരിക്കാനും സഹായക മാണെന്ന് ബെനഡിക്ട് പതിനൊന്നാമൻ മാർപാപ്പാ പ്രഖ്യാപിച്ചി ട്ടുണ്ട് (D.470).

8. പാപത്തിന്റെ നിത്യശിക്ഷ കുമ്പസാരത്തിലൂടെ ഒഴിവാകുമെങ്കിലും അവയുടെ താൽക്കാലികശിക്ഷ (Temporal punishment) കുമ്പസാര ത്തിനുശേഷവും തുടരാനുള്ള സാധ്യതയെക്കുറിച്ച് ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നുണ്ട് (D. 807, 840, 904). വി. ഗ്രന്ഥവും ഈ വസ്തുത പഠിപ്പിക്കുന്നു. (ഉൽപ. 3:16-18 സംഖ്യ 12:14-15; 14:19-21 20:11-13, 2.സാമു. 12:13-18).

9. പാപത്തിന് ആനുപാതികമായ പ്രായശ്ചിത്തം കല്പിക്കാൻ വൈദി കന് അധികാരവും കടമയുമുണ്ട്. (D. 905).വൈദികൻ കല്പ്പിക്കുന്ന പ്രായശ്ചിത്തം കൂടാതെ സ്വയം പ്രേരിതമായ പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കുന്നത് ആത്മീയ വളർച്ചക്ക് സഹായകമാണ് (D. 923).

10. നിയമാനുസൃതം തിരുസഭ ചുമതലപ്പെടുത്തിയിട്ടുള്ള വൈദികർ നിശ്ചയിച്ചിട്ടുള്ള പാപമോചന പ്രാർത്ഥന ചൊല്ലിയാൽ മാത്രമേ പാപമോചനം ലഭിക്കുന്നുള്ളൂ. കുമ്പസാരിക്കുന്ന വ്യക്തിയുടെ അനുതാപ മനോഭാവവും പ്രായശ്ചിത്ത സന്നദ്ധതയും കുമ്പ സാരത്തിലെ പാപമോചനത്തെ സാരമായി ബാധിക്കുന്നതാണ്.

പിതാവായ ദൈവത്തോട് രമ്യതപ്പെടുവാൻ നൽകുന്ന അവസരമാണ് കുമ്പസാരം. കാരുണ്യവാനായ ദൈവത്തിന്റെ ഈ ഔദാര്യം നമ്മൾ അവഗണിക്കരുത്. റോമ. 8:23 ഓർമ്മപ്പെടു

ത്തുന്നതു പോലെ പാപംമൂലം നഷ്ടമായ ദത്തുപുത്രസ്ഥാന മാണ് കുമ്പസാരത്തിലെ പശ്ചാത്താപത്തിലൂടെ നൽകപ്പെടുന്നത്.

കുമ്പസാരത്തിന്റെ രഹസ്യാത്മകത സഭയുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. എന്നാൽ ഈ വിശ്വാസ്യതയെ തകർക്കുന്ന ചില തെറ്റായ പ്രസ്താവനകൾ ഇന്ന് സമൂഹത്തിൽ നിന്ന് ഉയർന്നു വരുന്നത് ഈ കൂദാശയിൽ നിന്നും ലഭ്യമാകുന്ന കൃപാവരങ്ങളിൽ നിന്നും വിശ്വാസികളെ പിന്തിരിപ്പിക്കാൻ പിശാച് നടത്തുന്ന തന്ത്രമാണെന്ന് തിരിച്ചറിയണം. ജീവൻ ബലി കൊടുക്കേണ്ടി വന്നാലും പുരോ ഹിതൻ കുമ്പസാര രഹസ്യം വെളുപെടുത്തുകയില്ല. ഫാ. ബനഡിക്റ്റ് ഓണംകുളത്തെപ്പോലെയുള്ള വന്ദ്യ വൈദികരുടെ ജീവിതം ഈ വസ്തുതയ്ക്ക് ആധികാരിത നൽകുന്ന ചരിത്രസാക്ഷ്യമാണെ ന്നത് വിസ്മരിച്ചുകൂടാ. ഒരു വൈദികൻ കുമ്പസാര രഹസ്യം വെളി പ്പെടുത്തുന്ന പക്ഷം ആ വ്യക്തി അതിനാൽ തന്നെ എക്സ് കമ്മ്യൂണി ക്കേറ്റഡ് അഥവാ സഭാഭ്രഷ്ടനാക്കപ്പെടുന്നു എന്ന് കാനൻ നിയമം ഓർമ്മ പെടുത്തുന്നു.

**4. താഴെപ്പറയുന്ന അഞ്ച് കാര്യങ്ങളുടെ വെളിച്ചത്തിൽ കുമ്പ സാരമെന്ന കൂദാശയ്ക്കായി ഒരുങ്ങാം:**

1) ദൈവകല്പനകൾ പത്ത്, 2) തിരുസഭയുടെ കല്പനകൾ അഞ്ച്, 3) മൂലപാപങ്ങൾ ഏഴ്, 4) പരിശുദ്ധാരൂപിക്ക് എതിരായാപങ്ങൾ ആറ്, 5) ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപ ങ്ങൾ നാല്. ഇവയുടെ വെളിച്ചത്തിൽ വേണം ഒരാൾ ആത്മാർത്ഥമായ കുമ്പസാരത്തിന് ഒരുങ്ങാൻ.

**5. കുമ്പസാരത്തോട് പുലർത്തേണ്ട മനോഭാവം**

കുമ്പസാരക്കൂട് കാരുണ്യത്തിന്റെ കൂടാരമാണ്. അവിടെ ഈശോയാണ് പാപമോചനം നൽകുന്നത്. അതിനാൽ കുമ്പസാര ക്കൂടിനെ പേടിക്കേണ്ടതില്ല. പാപങ്ങൾ കേൾക്കുന്നത് ഈശോയാണ്. വൈദികൻ തന്റെ പാപത്തെക്കുറിച്ച് എന്ത് വിചാരിക്കുമെന്ന് വിശ്വാസി ആകുലപ്പെടേണ്ട. കാരണം യഥാർത്ഥ അനുതാപത്തോടെ വരുന്ന പാപിയെ ഈശോ കാത്തിരിക്കുന്നു (ലൂക്കാ. 15:10) ഒരു പാപിയുടെ മാനസാന്തരം സ്വർഗ്ഗത്തെ വളരെയധികം സന്തോഷിപ്പിക്കുന്നു. പാപബോധം പരിശുദ്ധാത്മാവാണ് നൽകു ന്നത്. നിരാശയാകട്ടെ പിശാചും. ആണ്ടിൽ ഒരിക്കലെങ്കിലും

കുമ്പസാരിക്കണം എന്ന് സഭ പഠിപ്പിക്കുന്നു. എന്നാൽ അതി നർത്ഥം ആണ്ടിൽ ഒരു തവണ കുമ്പസാരിച്ചാൽ മതിയെന്നല്ല. അടുത്തടുത്തുള്ള കുമ്പസാരത്തിലൂടെ മാത്രമെ ഒരു വ്യക്തിക്ക് കൃപയിൽ ജീവിക്കാൻ സാധിക്കു. കാരണം അദൃശ്യമായ ദൈവിക വരപ്രസാദങ്ങളെ ദൃശ്യമാക്കുന്ന അടയാളമാണ് ഓരോ കൂദാശയും. കാനൻ നിയമം 960: 720 നമ്പർ പറയുന്നു ഓരോ വ്യക്തിയും നേരിട്ട് വൈദികന്റെ മുമ്പിൽ കുമ്പസാരിക്കണം. കഴിഞ്ഞ കുമ്പസാര ത്തിൽ പറയാൻ മറന്ന ഗൗരവമായ പാപങ്ങൾ തൊട്ടടുത്ത കുമ്പ സാരത്തിൽ ഏറ്റുപറയണം.

988 കാനൻ നിയമം പറയുന്നു: ആത്മപരിശോധനയിൽ കണ്ടെത്തിയ ഗൗരവമായ പാപങ്ങൾ ആദ്യം തന്നെ ഏറ്റുപറയണം. പൊതു കുമ്പസാരത്തിൽ വിട്ടുപോയ പാപവും അടുത്ത കുമ്പസാ രത്തിൽ ഏറ്റുപറയണം. കുമ്പസാരക്കൂട്ടിൽ നമ്മുടെ വ്യക്തിത്വം വെളിപ്പെടുത്തേണ്ടതില്ല. പാപം ചെയ്ത പങ്കാളിയുടെ പേരുകളും വെളിപെടുത്തരുത്. കാനൻ നിയമം 979 കുമ്പസാരക്കൂട്ടിലെ രഹസ്യാ ത്മകതയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നുണ്ട്. പാപങ്ങൾ മറച്ചുവച്ച് ഒരിക്കലും കുമ്പസാരിക്കരുത്. അത് കള്ളക്കുമ്പസാരമാകും. നമ്മുടെ പാപങ്ങൾ മാത്രം വൈദികനോട് പറയുക ആദ്യം ഗൗരവമായ പാപ ങ്ങളും തുടർന്ന് ലഘുപാപങ്ങളും പറയുക. കാനൻ നിയമം 988 പറയുന്നതനുസരിച്ച് പാപങ്ങൾ എത്ര തവണ ചെയ്തു എന്നും പാപ ത്തിന്റെ തരം എന്തെന്നും വ്യക്തമാക്കണം. ഒരിക്കലും പ്രായശ്ചിത്തം പുറത്ത് പറയരുത്. എത്രത്തോളം ഭംഗിയായി കുമ്പസാരിച്ച് കൃപ യിലായിരിക്കുന്നുവോ അതിനനുസരിച്ച് വി. കുർബാനയിലും വിശു ദ്ധിയോടെ പങ്ക് ചേരാൻ അത് സഹായിക്കും.

മാമ്മോദീസയിലൂടെ കർമ്മ പാപം മോചിക്കപ്പെട്ടിട്ടും നമ്മൾ വീണ്ടും കുമ്പസാരിക്കുന്നതെന്തിനെന്ന ചോദ്യം പലർക്കുമുണ്ട്. മാമ്മോദീസ എന്ന കൂദാശയിലൂടെ നാം ജന്മപാപത്തിൽ നിന്നും രക്ഷ നേടി എങ്കിലും മാനുഷിക ബലഹീനതകൾ നമ്മെ കൃപയുടെ വഴിയിൽ നിന്നും പിന്തിരിപ്പിച്ചേക്കാം. കൃപയാകുന്ന നിധി നമ്മളാ കുന്ന മൺകുടത്തിലാണ് നൽകപ്പെട്ടിരിക്കുന്നത്. കൃപ അക്ഷ യമെങ്കിലും അത് സ്വീകരിച്ചിരിക്കുന്ന മനുഷ്യ പ്രകൃതി മൺകുടം പോലെ നശ്വരമായതിനാൽ അതിനെ നവീകരിക്കുകയും

പുതുക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഈശോയെ മൂന്ന് വട്ടം തള്ളിപ്പറഞ്ഞ പത്രോസ് പശ്ചാത്താപത്തിലൂടെ സ്വയം നവീകരിച്ചപ്പോൾ പുതിയ ജീവിതത്തിലേക്ക് പ്രവേശിച്ചു. എന്നാൽ അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിച്ച യൂദാസാകട്ടെ നിരാശയിൽ മുഴുകി തന്റെ ആത്മാവിനെ നരകത്തിന് അടിയറവ് വച്ചു. വചനം ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു: ''നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. തൻമൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റുചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും. നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ്'' (1 കോറിന്തോസ് 11: 26-30) അതിനാൽ വി. കുർബാന സ്വീകരിക്കുന്ന നാമെല്ലാവരും കുമ്പസാരത്തിലൂടെ സ്വയം നവീകരിച്ച് വിശുദ്ധിയിലേക്കും നിത്യജീവിതത്തിലേക്കും പ്രവേശിക്കാൻ ഈശോ ഒരുക്കിയ കൂദാശയാണ് കുമ്പസാരം. ഇക്കാരണങ്ങളാൽ കുമ്പസാരമെന്ന കൂദാശയെ വിശുദ്ധിയോടും ശ്രദ്ധയോടും കൂടി സമീപിച്ച് നമുക്കും വിശുദ്ധിയുടെ കർമ്മ വീഥിയിലൂടെ യാത്രചെയ്യാം.

നല്ല കുമ്പസാരത്തിനും അനുരഞ്ജനത്തിനും വിശുദ്ധിക്കും നമ്മെ യോഗ്യരാക്കുന്ന ഒരു ആത്മീയ പരിശീലന മാർഗ്ഗമാണ് ഉപവാസം. നിനിവേ നിവാസികളുടെ ഉപവാസം തിരുവചനത്തിൽ നാം കാണുന്നു. 40 ദിനരാത്രങ്ങൾ ക്രിസ്തു മരുഭൂമിയിൽ ഉപവസിച്ചതിലൂടെ ഉപവാസത്തിന്റെ പ്രസക്തി അവിടുന്ന് വെളിവാക്കി. പൈശാചിക ശക്തികൾ നമ്മെ വിട്ടു പോകണമെങ്കിൽ പ്രാർത്ഥനയും ഉപവാസവും എത്ര കണ്ട് ആവശ്യമാണെന്ന് അവിടുന്ന് ഓർമ്മപ്പെടുത്തുന്നു. അതിനാൽ ക്രിസ്തീയ ജീവിത വിശുദ്ധീകരണ

പ്രക്രിയയിൽ നല്ല കുമ്പസാരവും, ഉപവാസവും, പ്രാർത്ഥനയും പരസ്പരം ബന്ധിതമാണെന്നു കാണാം.

**ചർച്ച ചെയ്യാൻ:**

1. കുമ്പസാരത്തിന് ഒരുങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

2. നല്ല കുമ്പസാരത്തിനു വേണ്ട അഞ്ച് കാര്യങ്ങൾ

## മാർച്ച് മാസത്തിൽ ചെയ്യേണ്ടവ

1. ബുള്ളറ്റിനിൽ തന്നിരിക്കുന്ന വി. കുമ്പസാരത്തെപ്പറ്റിയുള്ള പ്രബോധനം കുടുംബ കൂട്ടായ്മകളിൽ നൽകുക.

2. നോമ്പ് കാലത്തിന്റെ ആരംഭത്തിൽത്തന്നെ നല്ല കുമ്പസാരം നടത്തുവാൻ ഇടവക ജനത്തെ ഒരുക്കുക (രോഗികളായവരെ കുമ്പസാരിപ്പിക്കുക) ഭവനങ്ങൾ സന്ദർശിച്ച് അവരെ കുമ്പസാരിപ്പിക്കുക.

3. ഈ മാസത്തിൽ സൗകര്യപ്രദമായ ഒരു ദിവസം നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സന്യാസ ഭവനങ്ങളിലും സ്ഥാപനങ്ങളിലും 13 മണി ആരാധന നടത്തുക.

4. എല്ലാ വെള്ളിയാഴ്ചകളിലും കുരിശിന്റെ വഴി ഭവനങ്ങളിൽ നടത്തുക.

5. സോഷ്യൽ മീഡിയ ഉപയോഗം കുറച്ച് ബൈബിൾ വായനയ്ക്കായി ആ സമയം ഉപയോഗിക്കുവാൻ തക്കവിധം ഇടവകയിൽ ഒരു ദിവസം നിശ്ചയിക്കുക. (ഈ ദിവസത്തിന് ഒരു പേര് കൊടുത്ത് പോസ്റ്റർ നിർമ്മിച്ച് എല്ലാവരെയും ഇതിലേക്ക് ക്ഷണിക്കാവുന്നതാണ്)

6. മാർച്ച് മാസത്തിലെ അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനത്തിന്റെ വെളിച്ചത്തിൽ നോമ്പ് കാലത്തിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യത്തെപ്പറ്റി വേദപാഠ ക്ലാസ്സുകളിൽ ചർച്ച സംഘടിപ്പിക്കുക.

**Prepared by Family Renewal Year Committee 2025**

The diocese of Mananthavady

## HCC മൂല്യനിർണ്ണയം

HCC (പ്ലസ് വൺ, പ്ലസ് ടു) പരീക്ഷകളുടെ മൂല്യനിർണ്ണയം ഫെബ്രുവരി 8, 9 ദിവസങ്ങളിൽ ദ്വാരക സെന്റ് അൽഫോൻസാ പള്ളി പാരിഷ് ഹാളിൽ വച്ച് നടന്നു. മൂല്യനിർണ്ണയത്തിന് സഹായിച്ച മേഖലാ ഡയറക്ടേഴ്സിനും, ബഹു. വൈദികർക്കും, രൂപതാ ടീമംഗങ്ങൾക്കും, പ്രധാനാധ്യാപകർക്കും, മൂല്യനിർണയത്തിനു സഹായിച്ച എല്ലാ അധ്യാപകർക്കും, സൗകര്യങ്ങളൊരുക്കിത്തന്ന ദ്വാരക ഇടവക വികാരി ബഹു. ബാബു മൂത്തേടത്ത് അച്ചനും നന്ദിയർപ്പിക്കുന്നു.

## രൂപതാതല പ്രതിഭാ സംഗമം മാർച്ച് 9 ഞായർ

മേഖല പ്രതിഭാ സംഗമത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും വേണ്ടി നടത്തപ്പെടുന്ന രൂപതാ പ്രതിഭാ സംഗമം 2025 മാർച്ച് 9 ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9. 30 നു വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച് 4 .00 നു അവസാനിക്കുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ അന്നേദിവസം പ്രതിഭാ സംഗമത്തിന് പങ്കെടുപ്പിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിൽനിന്നു ചെയ്യുമല്ലോ. ഉച്ചഭക്ഷണം ഇവിടെ നിന്ന് നൽകുന്നതാണ്. രൂപതയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കുമാണ് സംസ്ഥാന പ്രതിഭാ സംഗമത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നത്. പ്രതിഭാ സംഗമത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്നവരെ മാത്രമേ സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കുകയുള്ളൂ.

## വാർഷിക പരീക്ഷകൾ

1 മുതൽ 9 വരെ ക്ലാസിലെ കുട്ടികൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ 2025 ഏപ്രിൽ 6 ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ 11 മണി വരെയും ഡിപ്ലോമ പരീക്ഷ രാവിലെ 11 മണി മുതൽ ഉച്ചക്ക് 1 മണിവരെയും ആയിരിക്കും. 8, 9, 10 ക്ലാസ്സിലെ കുട്ടികൾക്ക് ഉത്തരങ്ങൾ എഴുതാനുള്ള പേപ്പറുകൾ കുട്ടികൾതന്നെ കൊണ്ടുവരേണ്ടതാണ്, രൂപതയിൽനിന്ന് നൽകുന്നതല്ല.

**ഡിപ്ലോമ പരീക്ഷ**

പരീക്ഷാ നടത്തിപ്പിന്റെ ക്രമീകരണങ്ങളുടെ പൂർണ്ണ ഉത്തര വാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചന്മാർക്കും, ഹെഡ്മാസ്റ്റേഴ്സിനും ആയിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർവൈസർമാരെ ഫൊറോനാ ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോനാ ടീം അംഗങ്ങളുടെ സഹകരണത്തോടെ നിയോഗിക്കേണ്ടതാണ്. ചോദ്യപേപ്പർ പായ്ക്കറ്റ് പൊട്ടിക്കാനുള്ള അധികാരം ബഹു. വികാരിയച്ചന്മാരുടെ സാന്നിധ്യത്തിൽ സൂപ്പർവിഷന് വരുന്ന അദ്ധ്യാപകൻ/അദ്ധ്യാപികക്കായിരിക്കും. സൂപ്പർവിഷന് പോകുന്നവർ രൂപതാ ഓഫീസിൽനിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുമല്ലോ.

**Invigilatorsനുള്ള നിർദ്ദേശങ്ങൾ**

1. പരീക്ഷാ സമയത്തിനു മുമ്പായി പരീക്ഷാ കേന്ദ്രത്തിൽ എത്തി വന്ന വിവരം വികാരിയെ അറിയിക്കുക. ചോദ്യപേപ്പർ എത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

2. രൂപതാ മതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

3. 30 മിനിറ്റിലധികം താമസിച്ച് വരുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കണമെന്നില്ല.

4. രജിസ്ട്രേഷൻ നമ്പർ ഇട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നല്കുക. അക്കാര്യം രൂപതാകേന്ദ്രത്തിൽ അറിയിക്കുക.

5. ഉത്തരകടലാസുകൾ സൂപ്പർവൈസർ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ, പേരോ, മറ്റ് കാര്യങ്ങളോ പാടില്ല. രജിസ്റ്റർ നമ്പർ ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതുവാൻ പറയുക.

6. പാഠപുസ്തകം, നോട്ട് ബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.

7. കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക. രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. ബാക്കിവരുന്നവ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.

8. പരീക്ഷ തീരുന്നതിന് 5 മിനിറ്റ് മുമ്പ് ബെല്ലടിച്ച് പേപ്പർ കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.

9. പരീക്ഷാ സമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

10. എഴുതി നിർത്തിയിരിക്കുന്നതിനു താഴെ, ശേഷമുള്ള സ്ഥലം വെട്ടിയിടാൻ പറയുക.
11. നമ്പർ അനുസരിച്ച് പേപ്പർ അടുക്കി തന്നിട്ടുള്ള കവറിൽ ഇട്ട് കെട്ടി സീൽ ചെയ്ത് ഹെഡ്മാസ്റ്ററെ ഏല്പ്പിക്കുക.
12. പരീക്ഷാ നടത്തിപ്പു സംബന്ധിച്ച് Invigilator രൂപതയിൽ നിന്ന് റിപ്പോർട്ട് എഴുതുവാൻ തന്നിരിക്കുന്ന പേപ്പറിൽ അത് എഴുതി ഹെഡ്മാസ്റ്ററെ ഏല്പിക്കണം. - വികാരി ഒപ്പിട്ട റിപ്പോർട്ട് ഉത്തര ക്കടലാസിനൊപ്പം ഹെഡ്മാസ്റ്റർ രൂപതയ്ക്ക് നൽകണം.
13. സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിറ്റ് കാത്തിട്ട് ഹെഡ്മാസ്റ്റർ - വികാരിയച്ചൻ എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**Diploma Valuation**

ഈ വർഷം ഡിപ്ലോമ പരീക്ഷയുടെ Valuation രൂപതയുടെ നേതൃത്വത്തിൽ ഫൊറോനാ തലത്തിൽ നടത്തുന്നതാണ്. പരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് say പരീക്ഷക്ക് അവസരം നല്കുന്നതാണ്, ഡിപ്ലോമ പരീക്ഷയിൽ ജയിച്ചവർക്കും say പരീക്ഷയിൽ ജയിച്ചവർക്കും ഡിപ്ലോമ നൽകുന്നതാണ്. പരാജയപ്പെടുന്നവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നല്കും. കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് HCC യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. അവർ 2 വർഷത്തെ കോഴ്സ് പൂർത്തിയാക്കി പരീക്ഷയെഴുതിയാൽ HCC കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. Valuation സംബന്ധിച്ച വിശദ വിവരങ്ങൾ മേഖലാ ഡയറക്ടർമാരെ അറിയിക്കുന്നതാണ്

**HCC Exam Result**

ഫെബ്രുവരി മാസത്തിൽ നടത്തിയ HCC പരീക്ഷയുടെ റിസൾട്ട് രൂപതാ മതബോധന കേന്ദ്രത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. https://catechismmdy.in/panel പ്രസിദ്ധീകരിക്കുന്ന തീയതി ബഹു.ഡയറക്ടർ അച്ചന്മാരെയും പ്രധാനാദ്ധ്യാപകരെയും അറിയിക്കുന്നതാണ്.

**വിശ്വാസോത്സവം**

ഏപ്രിൽ മാസത്തിൽ മുൻപ് ഉണ്ടായിരുന്നതുപോലുള്ള വിശ്വാസോത്സവം രൂപതയിൽനിന്ന് ക്രമീകരിക്കുന്നതല്ല. മാർച്ച് 31, ഏപ്രിൽ 1, 2 തീയതികളിൽ കുട്ടികൾക്ക് ധ്യാനം, ക്യാമ്പ് എന്നിവ ഇടവകതലത്തിൽ നടത്തുമല്ലോ.

**ഫാ. തോമസ് കച്ചിറയിൽ** (ഡയറക്ടർ, മതബോധനകേന്ദ്രം)

# ചെറുപുഷ്പ മിഷൻലീഗ്

''പ്രത്യാശയുടെ തീർത്ഥാടരാകുവിൻ''എന്ന ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് ജൂബിലി വർഷം ആചരണത്തിലെ വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. നോമ്പുകാലം ഒരു തീർത്ഥാടനമാണ്, പുണ്യത്തിന്റെ വഴിയിലൂടെയുള്ള യാത്ര....നോമ്പെടുത്തും, പ്രാർത്ഥനയിലൂടെ ചരിച്ചും, സ്നേഹിച്ചും ക്ഷമിച്ചും, ക്ഷമ ചോദിച്ചും, പങ്കുവെച്ചും, സാഹോദര്യത്തിന്റെ പാലങ്ങൾ തീർത്തും പുണ്യത്തിന്റെ തീർത്ഥാടനം നമുക്ക് പൂർത്തിയാക്കാം. അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ ഉപവാസവും പ്രാർത്ഥനയും അനുതാപവും വഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്ക് പ്രസാദിപ്പിക്കാം. എല്ലാവർക്കും നല്ല നോമ്പുകാലം ആശംസിക്കുന്നു.

നമ്മുടെ കുഞ്ഞുങ്ങൾ വിവിധ പരീക്ഷകൾക്കായി ഒരുങ്ങുന്ന കാലഘട്ടം കൂടിയാണല്ലോ. എല്ലാവർക്കും നല്ല ഒരു പരീക്ഷ ആശംസിക്കുന്നു. പ്രത്യേകിച്ച് എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷയിൽ നല്ല വിജയം ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,
**ഫാ. മനോജ് അമ്പലത്തിങ്കൽ**

**ബിബ്ലിയ 2024**

ഒരു വർഷം കൊണ്ട് സമ്പൂർണ ബൈബിൾ പാരായണത്തിനായി ജൂൺമാസം ആരംഭിച്ച ബിബ്ലിയ 2024, മാർച്ച് 31 ന് നടക്കുന്ന മത്സരത്തോടുകൂടി പൂർണ്ണമാകുന്നു. ഇതുവരെ നടന്ന മൽസരത്തിലും, ഇനി നടക്കാൻ ഇരിക്കുന്ന രണ്ട് മൽസരങ്ങളിലും കൂടുതൽ പോയന്റുകൾ കിട്ടുന്ന 100 ൽ 40 പേർക്കായിരിക്കും തീർത്ഥാടന സ്ഥലങ്ങൾ സന്ദർശിക്കാനുള്ള അവസരം ലഭിക്കുക. ബാക്കി 60 പേർക്ക് പ്രോൽസാഹന സമ്മാനങ്ങളും ലഭിക്കുന്നു.

**മിഷൻ ഗ്രാമ സന്ദർശനം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ 2025 ഫെബ്രുവരി 14,15,16 തീയതികളിൽ കർണാടകയിലെ ബാംഗ്ലൂർ അതിരൂപതയിലെ ബെട്ട അല്സൂർ മിഷൻ

(കനകപുര) ഗ്രാമം സന്ദർശിച്ചും, പയ്യമ്പള്ളി ഇടവകയിൽ നിന്നും സമാഹരിച്ച 35000 രൂപ വില വരുന്ന വിവിധ ഇനം തുണിത്തരങ്ങളും, രൂപതയിൽ നിന്നും ഓരോ കുടുംബത്തിനും 2600 രൂപ വിലയുള്ള 35 ഭക്ഷണ കിറ്റുകളും വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം ഇടവക വികാരി ഫാ. ക്രിസ്റ്റഫർ ഉദ്ഘാടനം ചെയ്തു. തുടർന്ന് എക്സിക്യൂട്ടീവ് അംഗങ്ങൾ ഗ്രാമവാസികളുമായി സൗഹൃദ സംഭാഷണം നടത്തുകയും, ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. രാവിലെ നടന്ന ആഘോഷമായ ദിവ്യബലിക്ക് ഫാ. ക്രിസ്റ്റഫർ, ഫാ. മനോജ് അമ്പലത്തിങ്കൽ എന്നിവർ നേതൃത്വം നൽകി. തുടർന്ന് രണ്ടാം ദിനം ബാംഗ്ലൂർ സാന്തോം ഇടവകയിൽ ഫാ. മനോജ് അമ്പലത്തിങ്കൽ വി. ബലി അർപ്പിക്കുകയും, ഇടവാകാംഗങ്ങളുമായി സ്നേഹ സംഭാഷണം നടത്തുകയും ചെയ്തു. ഇടവക വികാരി ഫാ. തോമസ് കാട്ടുതുരുത്തിയിൽ എക്സിക്യൂട്ടീവ് അംഗങ്ങളെ സ്നേഹത്തോടെ സ്വാഗതം ചെയ്തു. എല്ലാവർക്കും ഈ സന്ദർശനങ്ങൾ പുതിയ അനുഭവമായി മാറി. സന്ദർശന വേളയിൽ താമസം, ഭക്ഷണം എന്നിവ ക്രമീകരിച്ചു നൽകിയ തോമസ് കാട്ടുതുരുത്തിയിൽ അച്ചനും, ക്രിസ്റ്റഫർ അച്ചനും, വസ്ത്രങ്ങൾ ക്രമീകരിക്കാൻ മുൻകൈ എടുത്ത പയ്യമ്പള്ളി വികാരി സെബാസ്റ്റ്യൻ ഏലംകുന്നേൽ അച്ചനും ഇടവകാംഗങ്ങൾക്കും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**ചുങ്കക്കുന്ന് മേഖല**

ജനുവരി പ്രതിമാസ മൽസരത്തിന്റെ വിജയികളെ പ്രഖ്യാപിച്ച് സമ്മാനങ്ങൾ നൽകി. നടവയൽ ഇടവകയിലേക്ക് സ്ഥലം മാറി പോകുന്ന മേഖലയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ക്ലിന്റോ പുലിക്കുന്നേലിന് യാത്രാമംഗളങ്ങൾ നേർന്നു.

**ശാഖാ വാർത്തകൾ**

**ബത്തേരി**

മിഷൻ ഗ്രാമങ്ങൾക്ക് വേണ്ടി സുകൃതജപങ്ങൾ ചൊല്ലി അയച്ചുകൊടുക്കുന്നു. ദൈവവിളി പ്രോൽസാഹനത്തിന്റെ ഭാഗമായി ഒരു വൈദിക വിദ്യാർത്ഥിക്ക് 1000 രൂപ ധനസഹായം നൽകി. മലങ്കര വിൻസൻഷൻ നഗറിൽ ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുത്തു. ഹൃദയസംബന്ധമായ രോഗങ്ങൾ അനുഭവിക്കുന്ന 1 ഒരു കുട്ടിയ്ക്ക് 2500 രൂപ ധനസഹായം നൽകി. ഇടവക തിരുന്നാളിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ജപമാല റാലി നടത്തി. കുട്ടികൾക്ക് പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. മിഷൻ ഗ്രാമങ്ങളുമായി

ഓൺ ലൈൻ അഭിമുഖം നടത്തി. ജാഗരണ പ്രാർത്ഥന നടത്തി. വി. ചാവറ പിതാവിന്റെ തിരുനാൾ ആഘോഷിച്ചു.

**കൊട്ടിയൂർ**

വചനം പഠിക്കാം *സ്റ്റാർ ഓഫ് ദ വീക്ക്* പ്രോഗ്രാം സംഘടിപ്പിച്ചു. കയ്യൂന്നി ഇടവകയിലേക്ക് സ്ഥലം മാറി പോകുന്ന ശാഖാ ഡയറക്ടർ ഫാ. ജോമിൻ നാക്കുഴിക്കാട്ടിന് യാത്രാമംഗളങ്ങൾ ആശംസിച്ചു.

**പുതുശ്ശേരിക്കടവ്**

സി. എം. എൽ അംഗങ്ങളുടെ നേതൃത്വത്തിൽ ക്ലാസ് അടിസ്ഥാനത്തിൽ സൺഡെ ഫെസ്റ്റ് എന്ന പേരിൽ കുട്ടികളിലെ സർഗ്ഗാത്മകതയെ വളർത്തുന്നതിനുപകരിക്കുന്ന വിധത്തിൽ പ്രസംഗം, സംഗീതം എന്നിവ എല്ലാ ഞായറാഴ്ചയും നടത്തിവരുന്നു. കൂടാതെ കുടുംബ നവീകരണ വർഷത്തോടനുബന്ധിച്ച്,സി.എം.എൽ അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകയിൽ *ഫമീലിയ ദെയി അഥവ ദൈവത്തിന്റെ കുടുംബം* എന്ന പേരിൽ വി. കുർബ്ബാനക്ക് മുൻപ് കുടുംബവുമായി ബന്ധപ്പെട്ട വിഷയത്തെ ആസ്പദമാക്കി സന്ദേശം നൽകി വരുന്നു. എല്ലാ കുടുംബങ്ങളിലും വാട്സാപ്പ് വഴി ഈ സന്ദേശം എത്തിക്കുന്നു. വി. കുർബാനക്ക് ശേഷം തിരുബാലസഖ്യ അംഗങ്ങൾ അനുദിന വചനപഠനത്തിന് നേതൃത്വം നൽകുന്നു. അൾത്താര ബാലസംഘത്തിന്റെ നേതൃത്വത്തിൽ ഭവന സന്ദർനം നടത്തി രോഗികൾക്ക് വേണ്ടി പ്രാർത്ഥിച്ചു.

**ചുള്ളിയോട്**

തിരുബാലസഖ്യ ദിനത്തിൽ കുട്ടികളുടെ കാഴ്ച സമർപ്പണം, വിവിധ കലാപരിപാടികൾ എന്നിവ നടത്തി.

**നന്ദിപൂർവ്വം**

പ്രിയപ്പെട്ടവരെ, വീണ്ടും ഒരു അമ്പതുനോമ്പിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. നമ്മിലേക്ക് തന്നെ തിരിഞ്ഞുനോക്കാനും, കുറവുകളെ നിറവുകളാക്കാനുമുള്ള ഒരു അവസരമാക്കി ഈ നോമ്പുകാലം നമുക്ക് പ്രയോജനകരമാക്കി മാറ്റാം. ഏവർക്കും നല്ലൊരു നോമ്പുകാലം ആശംസിക്കുന്നു.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
രൂപതാ സെക്രട്ടറി

# തിരുബാലസഖ്യം

**വിശുദ്ധൻ: വി. യൗസേപ്പ് പിതാവ്** (മാർച്ച് 19)

**തിരുന്നാൾ: മംഗളവാർത്ത തിരുനാൾ** (മാർച്ച് 25)

**നിയോഗം:** പരീക്ഷക്ക് ഒരുങ്ങുന്ന കുട്ടികൾക്കായി പ്രാർത്ഥിക്കുന്നു.

**സുകൃതജപം:** ഈശോയെ എന്റെ ഹൃദയത്തിൽ വന്നു നിറയണമേ.

**തിരുബാലസഖ്യ ദിനാചരണം**

തിരുബാലസഖ്യ ദിനാചരണം ഫെബ്രുവരി 9 ന് വളരെ ആഘോഷപൂർവ്വം ശാഖകളിൽ നടന്നു. വി. കുർബാനയിൽ പങ്കെടുത്തും കാഴ്ച സമർപ്പണം നടത്തിയും, വിവിധ കലാപരിപാടികൾ അവതരിപ്പിച്ചും, ആശംസ വീഡിയോകൾ ഗ്രൂപ്പിൽ പങ്കുവെച്ചും ഈ ദിനം ധന്യമാക്കിയ കുഞ്ഞുങ്ങൾക്കും ഇതിനായി അവരെ ഒരുക്കിയ അച്ചൻമാർ, സിസ്റ്റേഴ്സ്, മാതാപിതാക്കൾ, മതാദ്ധ്യാപകർ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**അജീറ്റ കന്നുകെട്ടിയിൽ**
രൂപതാ സെക്രട്ടറി

**പരീക്ഷ ഒരുക്ക സെമിനാർ**

അടയ്ക്കാത്തോട് ഹൈസ്ക്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് വേണ്ടി 2025 ജനുവരി 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം 4.30 മണി വരെ പരീക്ഷ ഒരുക്ക സെമിനാർ സംഘടിപ്പിച്ചു. 63 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും, CMC ഫെയ്ത്ത് ഫോർമേഷൻ ടീം അംഗങ്ങളും ഒന്ന് ചേർന്നാണ് ഇത് സംഘടിപ്പിച്ചത്. ഇതിനോട് സഹകരിച്ച മാനേജർ ബഹുമാനപ്പെട്ട സെബിൻ ഐക്കരത്താഴത്ത് അച്ചനും പ്രധാന അധ്യാപകൻ ജോൺസൺ വടക്കേക്കര സാറിനും, മുഴുവൻ അധ്യാപകർക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

2025 ജനുവരി പതിനാറാം തീയതി വ്യാഴാഴ്ച രാവിലെ 9 മണി മുതൽ നാലുമണി വരെ കേണിച്ചിറ ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് വേണ്ടി പരീക്ഷ ഒരുക്ക ഏകദിന സെമിനാർ നടത്തി. CMC ഫെയ്ത് ഫോർമേഷൻ ടീമും യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും സംയുക്തമായി നടത്തിയ സെമിനാറിൽ 38 വിദ്യാർത്ഥികൾ പങ്കുചേർന്നു. പ്രിൻസിപ്പൽ സി. ലിൻസ് മരിയ സി.എം.സിക്കും സ്റ്റാഫിനും ഹൃദയപൂർവ്വം നന്ദി.

**ലീഡർഷിപ്പ് ട്രെയിനിങ്**

നടവയൽ ഇടവകയിലെ മാതൃസംഘത്തിലെ അമ്മമാർക്ക് വേണ്ടി 2025 ഫെബ്രുവരി ഏഴാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ഒന്നര മുതൽ നാലുമണിവരെ നേതൃത്വ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. 30 മാതൃസംഘാംഗങ്ങൾ ഇതിൽ പങ്കുചേർന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി ക്ലാസുകൾക്ക് നേതൃത്വം നൽകി. വികാരി ഫാ. ഗർവാസിസ് മറ്റം, പ്രസിഡന്റ് മേഴ്സി സാബു, ആനിമേറ്റർ സി. മരിയറ്റ എന്നിവർ പ്രസംഗിച്ചു.

**ലൈഫ് ട്രെയിനിങ്**

2025 ഫെബ്രുവരി ഏഴാം തീയതി വെള്ളിയാഴ്ച 6 മണി മുതൽ 2025 ഫെബ്രുവരി എട്ടാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്റർ യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് ലൈഫ് ട്രെയി

നിങ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പരിശീലനം നടത്തി. 7, 8, 9 ക്ലാസുകളിലെ 30 ലൈഫ് വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി, റിസോഴ്സ് ടീം മെമ്പർ സെബിൻ പോരൂർ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**ലൈഫ് 2020 ബാച്ച്**

2025 ഫെബ്രുവരി മാസം രണ്ടാം തീയതി വൈകുന്നേരം അഞ്ചു മണി മുതൽ 2025 ഫെബ്രുവരി മൂന്നാം തീയതി തിങ്കളാഴ്ച വൈകുന്നേരം 3 മണി വരെ 2020 ബാച്ചിലെ അഞ്ചു വിദ്യാർത്ഥികൾ ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒന്ന് ചേർന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് നേതൃത്വം വഹിച്ചു. സ്വയം വിലയിരുത്താനും കൂടുതൽ ഊർജ്ജ സ്വലതയോടുകൂടെ പഠനരംഗത്തേക്ക് ഇറങ്ങുവാനും പരീക്ഷകൾക്ക് തയ്യാറാകുവാനും ഈ ഒത്തുചേരൽ വിദ്യാർത്ഥികളെ സഹായിച്ചു.

**കുഞ്ഞുങ്ങളോടൊപ്പം**

2025 ഫെബ്രുവരി മാസം പതിനാറാം തീയതി ഞായറാഴ്ച തിരുബാലസഖ്യ ദിനത്തിൽ നടവയൽ ഇടവകയിലെ തിരുബാലസഖ്യ അംഗങ്ങളായ 200 കുഞ്ഞുങ്ങളെ ഒത്തുചേർത്ത് സെമിനാർ സംഘടിപ്പിച്ചു. രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം സംഘടിപ്പിച്ച സെമിനാറിൽ യൂത്ത് മിനിസ്ട്രി കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി ക്ലാസ്സുകൾ നയിച്ചു. സേറാ പടിഞ്ഞാറേക്കുറ്റ് സ്വാഗതവും, ജോഷ് ആന്റണി പതിക്കൽ പ്രസംഗവും, എവിലിൻ എഡിശ്ശേരി സംഗീതവും, ഐഡിൻ വാതകോടത്ത് നന്ദിയും അർപ്പിച്ചു. ഇതിന് നേതൃത്വം നൽകിയ നടവയൽ സി.എം.എൽ ഡയറക്ടർ ഫാ. ക്രിസ്റ്റി പൂതക്കുഴിക്കും, സി.എം.എൽ ജോയിന്റ് ഡയറക്ടർ സി. ലിനി സി.എം.സിക്കും, തിരുബാലസഖ്യം ജോയിന്റ് ഡയറക്ടർ സി. റീമ റോസ് സി.എം.സിക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**ഗൂഗിൾ മീറ്റ്**

അനുദിനവും രാവിലെ 5.15 നടക്കുന്ന ഗൂഗിൾ മീറ്റിൽ ലൈഫ് വിദ്യാർത്ഥികൾ പങ്കുചേരുന്ന് മെസ്സേജ് നൽകിയും, തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചും പ്രാർത്ഥിച്ചും സമകാലിക പൊതു വിജ്ഞാനങ്ങൾ പഠിച്ചും ഓരോ ദിനവും മനോഹരമായി തുടങ്ങാൻ സഹായകമാകുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും, സീനിയർ വിദ്യാർത്ഥികളും ഇതിന് നേതൃത്വം വഹിക്കുന്നു.

**സി. ആൻസി തോമസ് സി.എം.സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**കേരള യൂത്ത് കോൺഫറൻസ് (KYC)**

കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ കെ.സി. വൈ. എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടന്ന KYC യൂത്ത് കോൺഫറൻസിൽ രൂപതയിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

**100 രൂപ ചലഞ്ച്**

2024 രൂപത സമിതിയുടെ കർമ്മ പദ്ധതി പ്രകാരം തുടങ്ങിവച്ച ഭവന നിർമ്മാണത്തിന്റെ ഫണ്ട് ശേഖരണത്തിനു വേണ്ടി നൂറു രൂപ ചലഞ്ച് സംഘടിപ്പിച്ചു.

**തപാൽപ്പെട്ടി**

2025 പ്രവർത്തനവർഷത്തിലെ ആപ്തവാക്യം 'യൂത്ത്: ദി വോയിസ് ഓഫ് ഹോപ്പ്' അന്വർത്ഥമാക്കുവാനും, രൂപതാ സമിതിയുടെ പ്രവത്തനങ്ങളിൽ ഓരോ യുവജനങ്ങൾക്കും തങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും പങ്കുവെക്കുവാനും, സമിതിയോട് ചേർന്ന് കരുത്തോടെ ഒന്നിച്ചു മുന്നേറാനുമായി ഒരുക്കിയിരിക്കുന്ന അവസരം ആണ് തപാൽപ്പെട്ടി.

**ഷൈൻ 2025**

രൂപത സിൻഡിക്കേറ്റ് അംഗങ്ങളുടെ പ്രാർത്ഥനായോഗം ഷൈൻ 2025 പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 2025 പ്രവർത്തന വർഷത്തിലെ കർമ്മപദ്ധതികൾ രൂപീകരിച്ചു.

**സലാമി 2025**

രാജ്യം 76-ാം റിപ്പബ്ലിക് ദിനത്തിൽ സ്വാതന്ത്ര്യ സമര സേനാനികളേയും, ഭരണഘടന രൂപീകരിച്ച മഹാന്മാരെയും ആദരിക്കുന്നതോടൊപ്പം രാജ്യത്തെ സേവിക്കാനും സംരക്ഷിക്കാനും സ്വജീവൻ പോലും ബലി നൽകുന്ന ധീര ജവാന്മാരും ആദരവ് അർഹിക്കുന്നു എന്ന ആഹ്വനത്തോടെ കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കാക്കവയൽ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. കെ.സി.വൈ.എം കൽപ്പറ്റ, ബത്തേരി മേഖലകളുടെ ആതിഥേയത്വം വഹിച്ച യോഗത്തിൽ രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിൽ, രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, ബത്തേരി മേഖലാ പ്രസിഡന്റ് അമൽ തൊഴുത്തുങ്കൽ തുടങ്ങിയവർ സംസാരിച്ചു.

**പ്രതിഷേധം**

വന്യജീവി ആക്രമണത്തിൽ രാധ എന്ന കുടുംബനാഥ മരിച്ച സംഭവത്തിൽ മാനന്തവാടി ഫോറസ്റ്റ് ഓഫീസിലേക്ക് പന്തം കൊളുത്തി പ്രകടനവും പ്രതിഷേധവും സംഘടിപ്പിച്ചു. പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. എടവക ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ഷിൽസൺ കോക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, രൂപത, മേഖല ഭാരവാഹികൾ നേതൃത്വം നൽകി. നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**പത്ര പ്രസ്താവന**

വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണത്തിനെതിരെ രൂപതാ സമിതി പത്രപ്രസ്താവന നൽകി.

**പ്രവർത്തന വർഷ ഉദ്ഘാടനവും പദയാത്രയും**

ജൂബിലി വർഷത്തോടനുബന്ധിച്ച് രൂപതാ സമിതിയുടെ നേതൃത്വത്തിൽ പദയാത്ര മാനന്തവാടി ബിഷപ്പ് ഹൗസിൽ നിന്നും ആരംഭിച്ച് കണിയാരം കത്തീഡ്രൽ ദേവാലയത്തിൽ സമാപിച്ചു. പദയാത്ര അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ അധ്യക്ഷത വഹിച്ച പ്രവർത്തന വർഷ ഉദ്ഘാടന യോഗം മുൻ രൂപതാ പ്രസിഡന്റ് ശ്രീ. ആന്റണി മങ്കടപ്ര ഉദ്ഘാടനം നിർവഹിച്ചു. എന്റെ ഗ്രാമം പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു. സെക്രട്ടറി ഡ്യൂണ മരിയ കിഴക്കേമണ്ണൂർ പഠന വിഷയങ്ങൾ വിശദീകരിച്ചു. സമ്മേളനത്തിൽ മുൻ രൂപതാ ഭാരവാഹികൾക്ക് ആദരവ് നൽകി.

**എന്റെ ഗ്രാമം**

എന്റെ ഗ്രാമം പദ്ധതി സ്വന്തം ഗ്രാമത്തിന്റെ / പ്രദേശത്തിന്റെ ഉന്നമനത്തിനായി ഇടപെടാൻ ഉള്ള അവസരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ആരംഭിക്കുന്നത്. വിവിധ പ്രവർത്തന മേഖലകളെയും, അദ്ധ്യാത്മിക, സംഘടനാ, സാമൂഹിക, സാംസ്കാരിക തലങ്ങളിലെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ആവിഷ്കരിച്ചിരിക്കുന്ന യൂണിറ്റ്, മേഖല, രൂപതാതല പ്രവർത്തനം കൂടിയാണ്.

**സംസ്ഥാന സെനറ്റ് സമ്മേളനം**

ഫെബ്രുവരി 7, 8, 9 തീയതികളിൽ പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന വാർഷിക സെനറ്റ് സമ്മേളനത്തിൽ രൂപതയിൽ നിന്നുള്ള സംസ്ഥാന സിൻഡിക്കറ്റ്, സെനറ്റ് അംഗങ്ങൾ പങ്കെടുത്തു.

**ജന്മദിനാശംസകൾ**

മാനന്തവാടി മേഖല രക്ഷാധികാരി ഫാ. സോണി വാഴകാട്, ദ്വാരക മേഖലാ ഡയറക്ടർ ഫാ. ടോണി ഏലംകുന്നേൽ, രൂപതാ സിൻഡിക്കേറ്റ് അംഗം ശ്രീ. ഷാരോൺ നീലംകാവിൽ എന്നിവർക്ക് ജന്മദിനത്തിന്റെ ആശംസകൾ നേർന്നു.

**ആശംസകൾ**

മുൻ രൂപത / സംസ്ഥാന വൈസ് പ്രസിഡന്റും, മിജാർക്ക് ഏഷ്യൻ പ്രതിനിധിയുമായ ഗ്രാലിയക്കും വരൻ അരുണിനും, രൂപതാ സിൻഡിക്കേറ്റ് അംഗവും നടവയൽ മേഖലാ പ്രസിഡന്റുമായ നിഖിൽ ചൂടിയാങ്കലിനും വധു അനീറ്റ ജോർജിനും വിവാഹ മംഗളാശംസകൾ. വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ, വി. ഡോൺ ബോസ്കോ, ക്യാൻസർ ദിനം, ദേശീയ യുവജനദിനം, ഈ ദിനങ്ങളുടെ ആശംസകൾ നേർന്നു. 2025 പ്രവർത്തന വർഷത്തിൽ കെ.സി.വൈ.എം സംസ്ഥാന സമിതി നയിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ശ്രീ. എബിൻ കണിവയലിന്റെ നേതൃത്വത്തിലുള്ള സമിതിക്ക് ആശംസകൾ.

**നന്ദി**

2024 പ്രവർത്തനവർഷത്തിൽ കെ. സി. വൈ. എം സംസ്ഥാന സമിതിയെ നയിച്ച ഭാരവാഹികൾക്ക് കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

മാനന്തവാടിയിൽ കടുവയുടെ ആക്രമണത്തിൽ സ്ത്രീ മരിച്ച സംഭവത്തിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം കൊട്ടിയൂർ യൂണിറ്റ്, കെ.സി. വൈ. എം ചുങ്കക്കുന്ന് മേഖല, എ. കെ. സി. സി കൊട്ടിയൂർ യൂണിറ്റ് എന്നിവരുടെ നേതൃത്വത്തിൽ പന്തം കൊളുത്തി പ്രകടനവും പ്രതിഷേധ സദസ്സും സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് മാർഷൽ മുണ്ടിയാനിക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ, കെ.സി. വൈ. എം രൂപതാ ജനറൽ സെക്രട്ടറി വിമൽ കൊച്ചുപുരയ്ക്കൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ ജിൽസ് മേയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു. മേഖലാ, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ബത്തേരി**

മേഖലാ സമിതി കരണി യൂണിറ്റിൽ മേഖലാ സന്ദർശനം നടത്തി. മാനന്തവാടി പഞ്ചാരക്കൊല്ലിയിൽ കടുവ ആക്രമണത്തെ അപലപിച്ചുകൊണ്ട് പത്രവാർത്ത നൽകി.

## യൂണിറ്റ് വാർത്തകൾ

**പയ്യമ്പള്ളി**

പ്രവർത്തനവർഷം യൂണിറ്റ് ഡയറക്ടർ ഫാ. ജൂഡ് വട്ടക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ദേവാലയ തിരുനാളിനോടനുബന്ധിച്ച് കെ.സി. വൈ. എം ഐസ്ക്രീം സ്റ്റാൾ നടത്തി. ബത്തേരി അസ്പ്ഷൻ പള്ളിയിലേക്ക് സ്ഥലം മാറിപ്പോകുന്ന ഡയറക്ടർ ജൂഡ് വട്ടക്കുന്നേൽ അച്ചന് യാത്രയയപ്പ് നൽകി.

**കയ്യൂന്നി**

യുവജനദിനത്തിൽ യുവജനങ്ങൾ ദിവ്യകാരുണ്യ ആരാധനയിലും വി. ബലിയിലും പങ്കെടുത്ത് പ്രാർത്ഥിച്ചു. മേഖലാ സെനറ്റിൽ പങ്കെടുത്ത് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. പനംചിറയിൽ വച്ച് നടന്ന പ്രവർത്തന വർഷാരംഭത്തിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവക തിരുനാളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള രഥം നിർമ്മിച്ചു.

**ദ്വാരക**

യൂണിറ്റിന്റെ പ്രവർത്തനവർഷ ഉദ്ഘാടനവും പ്രവർത്തന മാർഗ്ഗരേഖ പ്രകാശനവും 'ബിഗിൻസ് 2025' കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ബാബു മൂത്തേടത്ത്, യൂണിറ്റ് പ്രസിഡന്റ് ആഷ്‌ലിൻ വട്ടക്കുഴിയിൽ, രൂപത പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിയിൽ, മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഗ്രാലിയ വെട്ടുകാട്ടിൽ എന്നിവർ സംസാരിച്ചു.

**ചുള്ളിയാന**

പ്രവർത്തനവർഷം ഉദ്ഘാടനം "IGNITE" കെ.സി.വൈ.എം ചുള്ളിയാന യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇലവനപാറ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ടോം മാതേക്കൽ അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ പുതിയ ഭാരവാഹികൾ പ്രതിജ്ഞ ചൊല്ലി സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

**കൊട്ടിയൂർ**

ക്രിസ്മസ് ദിനത്തോടനുബന്ധിച്ച് യൂണിറ്റിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് സന്ദേശയാത്ര 'Boun Natale 2k24' സംഘടിപ്പിച്ചു. പ്രസ്തുത സന്ദേശയാത്രയിൽ രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ഫ്ളാഗ് ഓഫ് ചെയ്തു. ക്രിസ്മസ് ട്രീ നിർമ്മാണം നടത്തി. ഭാരതത്തിലെ ആദ്യത്തെ അല്മായ വിശുദ്ധനായ വിശുദ്ധ ദേവസഹായംപിള്ള അനുസ്മരണം നടത്തി. ഇടവകതിരുനാളി

നോടനുബന്ധിച്ചു യുവജനങ്ങളുടെ നേതൃത്വത്തിൽ ഐസ്ക്രീം സ്റ്റാൾ നടത്തി. മാനന്തവാടിയിൽ കടുവയുടെ ആക്രമണത്തിൽ സ്ത്രീ മരിച്ചതിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം കൊട്ടിയൂർ യൂണിറ്റിന്റെയും എ.കെ.സി.സി കൊട്ടിയൂർ യൂണിറ്റിന്റെയും കെ.സി.വൈ.എം ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ പ്രതിഷേധ റാലി, പന്തം കൊളുത്തി പ്രകടനം, പ്രതിഷേധ സദസ് എന്നിവ സംഘടിപ്പിച്ചു. റിപ്പബ്ലിക് ദിനത്തിൽ അമ്പായതോടിലെ ധീരജവാൻ എം. എ അജേഷിന്റെ സ്മൃതി മണ്ഡപം സന്ദർശിച്ച് പുഷ്പാർച്ചന നടത്തി. പ്രസിഡന്റ് ആഷിൽ പറയൻകുഴിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ എൽ.എസ്.ഡി.പി സിസ്റ്റേഴ്സ് നടത്തി വരുന്ന ദൈവ പരിപാലനയുടെ ഭവനം സന്ദർശിച്ച് ആവശ്യസാധനങ്ങൾ നൽകി.

**തോണിച്ചാൽ**

വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് വൃദ്ധരായ മാതാപിതാക്കൾക്ക് ദേവാലയത്തിൽ എത്തിച്ചേരുവാനായി വാഹന സൗകര്യം ഒരുക്കി, വി. കുർബാന സ്വീകരണത്തിനുള്ള ക്രമീകരണങ്ങൾ നടത്തി. വി. കുർബാനയ്ക്കുശേഷം അവർക്കുവേണ്ടി സ്നേഹവിരുന്ന് ഒരുക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു. യൂണിറ്റിന്റെ 2025 ഔദ്യോഗിക പ്രവർത്തന വർഷ ഉദ്ഘാടനം ‘TOGETHER 2025’ കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളിൽ നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. അജയ് മുണ്ടക്കൽ അധ്യക്ഷനായ യോഗത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി മുഖ്യ പ്രഭാഷണം നടത്തി. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച്, ദൂരേ നിന്ന് വരുന്ന വാഹനങ്ങൾക്ക് ദൂരകാഴ്ച്ച സാധ്യമാക്കാത്ത രീതിയിൽ റോഡിന്റെ വളവിനോട് ചേർന്ന് അപകടകരമായ സാഹചര്യത്തിൽ നിൽക്കുന്ന കാടും മറ്റ് ചെടികളും വെട്ടി വൃത്തിയാക്കി.

**വിമൽ കൊച്ചുപുരയ്ക്കൽ**
ജനറൽ സെക്രട്ടറി

# കെ.സി.ബി.സി മദ്യവിരുദ്ധസമിതി

മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതയിൽ ആരംഭിച്ചത് 2000 ഏപ്രിൽ 2 നാണ് 'നവചൈതന്യ' എന്ന മദ്യ വിരുദ്ധ പ്രസ്ഥാനത്തിലൂടെ ആരംഭിച്ച പ്രവർത്തനങ്ങൾക്ക് ദിശാബോധം കൈവന്നത് കെ.സി.ബി.സി മദ്യ വിരുദ്ധ സമിതിയുടെ രൂപീകരണത്തിലൂടെയായിരുന്നു. ആദ്യകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും സന്യസ്തരെയും അത്മായ നേതാക്കളെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. രജത ജൂബിലിവർഷ സമാപനസമ്മേളനം 2025 മാർച്ച് 8 ശനിയാഴ്ച രാവിലെ 9.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ സ്ഥിതിചെയ്യുന്ന കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുകയാണ്. സമ്മേളനത്തിൽ അഭിവന്ദ്യ ജോസ്പിതാവ്, സംസ്ഥാന ഭാരവാഹികൾ, രാഷ്ട്രീയ, സംസ്കാരിക രംഗത്തെ പ്രമുഖർ, നമ്മുടെ രൂപതാ സംഘടനാഡയറക്ടർമാർ എന്നിവർ പങ്കെടുക്കും. ഇടവകയിൽ നിന്ന് മദ്യവിരുദ്ധ സമിതി അംഗങ്ങളെയും, ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബ് ഭാരവാഹികളെയും സമ്മേളനത്തിലേക്ക് പറഞ്ഞയക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ. സമ്മേളനം വൻവിജയമാക്കുവാൻ നമ്മുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

**രൂപതാ എക്സിക്യൂട്ടീവ്, സ്വാഗതസംഘ രൂപീകരണം**

2025 ഫെബ്രുവരി എട്ടാം തീയതി ദ്വാരക ഓഫീസിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് യോഗം ചേരുകയും ജൂബിലി ആഘോഷത്തിന് ഒരുക്കമായി സ്വാഗതസംഘം രൂപീകരിക്കുകയും ചെയ്തു.

**അവാർഡ് വിതരണം**

രൂപതാ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ 'CASA 'ലഹരി വിരുദ്ധ ക്ലബ്ബ് സംഘടിപ്പിച്ച ലഹരി വിരുദ്ധ വാരാചരണത്തിന്റെ സമ്മാനങ്ങളും ഇടവകൾക്കുവേണ്ടി 'ജ്വാല' ലഹരി വിരുദ്ധ ക്ലബ്ബ് സംഘടിപ്പിച്ച

ലഹരിവിരുദ്ധ മാസാചരണത്തിന്റെ അവാർഡുകളും 2025 മാർച്ച് 8 ന് ശനിയാഴ്ച ദ്വാരക പാസ്റ്ററിൽ സെന്ററിൽ രാവിലെ 10ന് ആരംഭിക്കുന്ന സമിതിയുടെ ജൂബിലി വർഷ സമാപന സമ്മേളനത്തിന്റെ അവസരത്തിൽ അഭിവന്ദ്യ ജോസ് പോരുന്നേടം പിതാവ് നൽകുന്നതാണ്. അവാർഡിന് അർഹരായ എല്ലാവരെയും അന്നേ ദിവസം സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ലഹരിവിരുദ്ധ മാസാചരണത്തിന്റെ അവാർഡുകൾ**

മാനന്തവാടി രൂപത മതബോധന കേന്ദ്രവും ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബും ചേർന്ന് ലഹരി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി നടത്തിയ മത്സരങ്ങളിൽ പ്രവർത്തന മികവ് പുലർത്തിയ ഇടവകകൾ: first: ഫാത്തിമ മാതാ ഫൊറോന ചർച്ച് ചുങ്കക്കുന്ന്. second: ലിറ്റിൽ ഫ്ളവർഫൊറോന ചർച്ച് നിലമ്പൂർ. third: സെന്റ് ജോർജ്ജ് ചർച്ച് അമ്പായത്തോട്.

**വിവിധ മത്സരങ്ങൾ**

**I. പോസ്റ്റർ: 1. ജൂനിയർ** First – അഞ്ചല ലിസ് ബിനോജ്, നിലമ്പൂർ. Second. സാനിയ ജോസഫ് കുഴിപ്പള്ളിൽ, കൊട്ടിയൂർ. Third. ഹിദാ റോസ് സിബി, ചുങ്കക്കുന്ന്.

**2. പോസ്റ്റർസീനിയർ** First – സ്റ്റീവോ ജോസഫ് കുഴിപ്പള്ളിൽ, കൊട്ടിയൂർ. Second. മരിയ മൈക്കിൾ കുന്നത്ത്, ചുങ്കക്കുന്ന്. Third.

**3. പോസ്റ്റർ സൂപ്പർ സീനിയർ:** First – നിമ്മി എം. എൽ, ചുങ്കക്കുന്ന്. Second- ബിനുജോസഫ് കുഴിപള്ളിൽ, കൊട്ടിയൂർ. Third- അബിൻ പി ബെന്നി പള്ളിത്താഴത്ത്, അമ്പായത്തോട്.

**II. കൊളാഷ്: 1. ജൂനിയർ:** First - ഇവൻഞ്ചലിൻ മരിയ കണ്ടത്തിൽ, അമ്പായത്തോട്. Second. ആൻ തെരേസ് കുഴിപ്പള്ളിൽ, കൊട്ടിയൂർ. Third – അഞ്ജല ലിസ് ബിനോജ്, നിലമ്പൂർ.

**2. കൊളാഷ് സീനിയർ:** First - സാനിയാ ജോസഫ് കുഴിപ്പള്ളിൽ, കൊട്ടിയൂർ. Second - അന്നാ റോസ് ബാബു മലയിൽ, ചുങ്കക്കുന്ന്.

**3. കൊളാഷ് സൂപ്പർ സീനിയർ:** First - സിബി ജോസഫ് കുഴിപ്പള്ളിൽ, കൊട്ടിയൂർ Second. നിമ്മി എം. എൽ, ചുങ്കക്കുന്ന്.

**III 1. വാട്ടർ കളർ ജൂനിയർ:** First - അൽവിയാ സി. രജീഷ്, ബോയ്സ് ടൗൺ

**2. വാട്ടർ കളർ സീനിയർ:** First – അസിൻമരിയ പള്ളിത്താഴത്ത്, അമ്പായത്തോട്. Second – സിയ എലിസബത്ത്, ചുങ്കക്കുന്ന്. Third – സാനിയ തെങ്ങുംപള്ളിയിൽ, ചുങ്കക്കുന്ന്.

**3. വാട്ടർ കളർ സൂപ്പർ സീനിയർ:** First - നിമ്മി എം. എൽ ചുങ്കക്കുന്ന്. കവിതാരചന. 1. സൂപ്പർ സീനിയർ: First - അജീഷ് പെരിങ്ങാരപ്പിള്ളി, നെടുമ്പാല. Second - ലിസി തട്ടാരപ്പിള്ളി, ചുങ്കക്കുന്ന്. Third - നിമ്മി ML, ചുങ്കകുന്ന്.

**2. സീനിയർ വിഭാഗം:** First - അലസ്റ്റിൻ സജി, അമ്പായത്തോട്. Second - ആൻ മരിയ ബിജു, നിലമ്പൂർ. Third - ദിൽജിത്ത് ജോസഫ്, ചുങ്കക്കുന്ന്.

**3. ജൂനിയർ കവിത:** First – അഞ്ചലലിസ് ബിനോയി, നിലമ്പൂർ. Second - ബെൻ ജോ ഷോജറ്റ്, കണ്ടത്തിൽ. Third - സമരിയ, ചുങ്കക്കുന്ന്.

**മദ്യ ലഹരി വിരുദ്ധ ഞായർ**

മാർച്ച് 23 ന് ഞായറാഴ്ച കേരള കത്തോലിക്ക സഭയും കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയും മദ്യലഹരി വിരുദ്ധ ഞായറായി ആചരിക്കുന്നു. അന്നേദിവസം ഇടവകകളിൽ ലഹരിക്കും മദ്യത്തിനും എതിരെ പ്രോഗ്രാമുകൾ സംഘടിപ്പിക്കാൻ മദ്യവിരുദ്ധ സമിതി അംഗങ്ങളും ജ്വാലാ ലഹരി വിരുദ്ധ ക്ലബ് അംഗങ്ങളും യുവജനങ്ങളും ശ്രദ്ധിക്കുമല്ലോ.

**രാജു വരിയാറയിൽ**
രൂപതാ പ്രസിഡണ്ട്

## കുടുംബ പ്രേഷിതത്വം

### വിവാഹ ഒരുക്ക കോഴ്സ്

ഫെബ്രുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 88 പേർ പങ്കെടുത്തു. മാർച്ച് മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 7,8,9 തീയതികളിലും, മണിമൂളിയിൽ വച്ച് മാർച്ച് മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 28,29,30 തീയതികളിലും, ഏപ്രിൽ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 10,11,12 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

### രൂപതാ വാർത്തകൾ

### മാതൃവേദി

മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി മേഴ്സി അമരികാട്ടിന്റെ നേതൃത്വത്തിലുള്ള പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളും ശ്രീമതി ഫിലോ ചേലക്കലിന്റെ നേതൃത്വത്തിലുള്ള മുൻ എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ജനുവരി മൂന്നാം തീയതി രൂപതാ ഓഫീസിൽ വച്ച് സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. മീറ്റിങ്ങിൽ എക്സിക്യൂട്ടീവ് അംഗങ്ങൾക്കുള്ള കൃതജ്ഞത പ്രകാശനവും അനുഭവങ്ങളുടെ പങ്കുവയ്ക്കലും നടന്നു. നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. ബിനു വടക്കേലിന് തിരുനാൾ ആശംസകൾ നേർന്നു. കേക്ക് മുറിച്ച് മധുരം പങ്കുവെച്ചു. ജനുവരി 13, 14 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്ന സീറോ മലബാർ മാതൃവേദി ഗ്ലോബൽ ജനറൽബോഡി മീറ്റിങ്ങിൽ ബഹുമാനപ്പെട്ട രൂപതാ ഡയറക്ടറുടെയും ആനിമേറ്ററുടെയും നേതൃത്വത്തിൽ രൂപതാ ടീം അംഗങ്ങൾ പങ്കെടുത്തു. ജനുവരി 14ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്ന് ഫെബ്രുവരി മാസത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. വൈസ് പ്രസിഡന്റ് ഷേർലി വലിയവീട്ടിൽ കുടുംബ നവീകരണത്തിൽ മാതാക്കളുടെ പങ്ക് വ്യക്തമാക്കി കൊണ്ട് പുതുവർഷ സന്ദേശം നൽകി. സന്ദേശ വീഡിയോ എല്ലാ മേഖലകളിലേക്കും യൂണിറ്റുകളിലേക്കും എത്തിച്ചു നൽകി. ക്രിസ്തുജയന്തി മഹാ ജൂബിലി പ്രമാണിച്ച് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ജനുവരി 14-ാം തീയതി മലയാറ്റൂർ കുരിശുമുടിയിലേക്ക് തീർത്ഥാടനം നടത്തി. സംഘടനയ്ക്ക് വേണ്ടിയും സീറോ മലബാർ സഭയ്ക്ക് വേണ്ടിയും പ്രാർത്ഥിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തലിന്റെ ഭാഗമായി വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ പിതാവിനെയും വി. സെബസ്ത്യാ

നോസിനെയും മാതൃവേദി അംഗങ്ങൾക്ക് പരിചയപ്പെടുത്തി. അതിനായി വീഡിയോകൾ തയ്യാറാക്കി എല്ലാ മേഖലകൾക്കും യൂണിറ്റുകൾക്കും എത്തിച്ചു നൽകി.സമ്പൂർണ്ണ ബൈബിൾ പാരായണത്തിനുള്ള ഭാഗങ്ങളും നിയോഗ പ്രാർത്ഥനകളും എല്ലാദിവസവും കൃത്യമായി തയ്യാറാക്കി മേഖലകൾക്കും യൂണിറ്റുകൾക്കും എത്തിച്ചു നൽകി വരുന്നു.

**അഭിനന്ദനങ്ങൾ**

ജനുവരി 14 ന് നടന്ന ഗ്ലോബൽ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മാനന്തവാടി രൂപതാ സെനറ്റ് മെമ്പർ ആയി ശ്രീമതി ബ്രില്ലി അന്ന കേളങ്ങാട്ടിൽ മാതൃവേദിയുടെ ഗ്ലോബൽ ട്രഷറായി തെരഞ്ഞെടുക്കപ്പെട്ടു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മാർച്ച് 18.

**മേഖലാ വാർത്തകൾ**

**തരിയോട്**

പുതുശ്ശേരിക്കടവ് ശാഖയിൽ വെച്ച് നേതൃത്വ സംഗമവും സെമിനാറും നടത്തി. മാനന്തവാടിയിലെ സമരിറ്റൻ ഭവൻ സന്ദർശിച്ച് ഭക്ഷ്യ വസ്തുക്കളും പഴങ്ങളും സ്റ്റേഷനറി സാധനങ്ങളും നൽകി. ദ്വാരകയിൽ മാനന്തവാടിയിലെ ബഹുമാനപ്പെട്ട അച്ചന്മാർ അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരി സന്ദർശിച്ചു ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മാതൃവേദി ഓഫീസ് സന്ദർശിച്ചു മേഖലയിലെ എല്ലാ ശാഖകളിലെയും അംഗത്വ കാർഡും അംഗത്വ ലിസ്റ്റും ശേഖരിച്ചു.

**നടവയൽ**

കുടുംബ നവീകരണ വർഷത്തിന്റെ ഭാഗമായി എല്ലാ യൂണിറ്റിലും സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. പള്ളിക്കുന്ന് വൃദ്ധസദനം സന്ദർശിച്ചു. മേഖല വാട്സ്ആപ്പ് ഗ്രൂപ്പിൽ വചന ഭാഗം പങ്കുവയ്ക്കുന്നു. അമലോൽഭവ തിരുനാൾ സന്ദേശം വീഡിയോ വഴി നൽകി. വന്യമൃഗ ശല്യത്തിനെതിരെ എ.കെ.സി.സി നടവയൽ മേഖലയുടെ നേതൃത്വത്തിൽ നടത്തിയ പന്തം കൊളുത്തി പ്രകടനത്തിൽ പങ്കെടുത്തു. സൗജന്യ നേത്ര പരിശോധന ക്യാമ്പ് കൽപ്പറ്റ അഹല്യ ഹോസ്പിറ്റലുമായി സഹകരിച്ചു സംഘടിപ്പിച്ചു.

**ശാഖാ വാർത്തകൾ**

**റൂബി നഗർ**

പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സഹായിച്ചു. രോഗീ സന്ദർശനം നടത്തി. ഡിപ്പോയിലുള്ള അഗതിമന്ദിരം

(മേഴ്സിഹോം) സന്ദർശിച്ചു ഭക്ഷണ സാധനങ്ങളും ആവശ്യ വസ്തുക്കളും നല്കി.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. സമ്പൂർണ ബൈബിൾ പാരായണം അമ്മമാരുടെ നേതൃത്വത്തിൽ ദിവസേന 15 മിനിറ്റ് ദേവാലയത്തിൽ നടത്തുന്നു. പ്രധാന തിരുനാൾ ദിനത്തിൽ 18 അമ്മമാർ നേർച്ച ഭക്ഷണം വിളമ്പാൻ സഹായിച്ചു. പള്ളിയും പരിസരവും സ്കൂളും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി.

**പുതുശ്ശേരി**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ചിട്ടി ആരംഭിച്ചു.ഡീക്കൻ അമൽ കെട്ടുപുരയ്ക്കലിന്റെ പൗരോഹിത്യ ദിനത്തിൽ എല്ലാ കാര്യങ്ങളിലും സഹകരിക്കുകയും, സാമ്പത്തി സഹായം നല്കുകയും ചെയ്തു.നേർച്ച ഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ അരിഞ്ഞു നല്കി. പള്ളി പരിസരവും വൃത്തിയാക്കി.

**മരകാവ്**

സമ്പൂർണ്ണ ബൈബിൾ വായനയ്ക്ക് തുടക്കം കുറിച്ചു. മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു. ദേവാലയ ശുചീകരണത്തിൽ പങ്കാളികളായി. മാതൃദിനം ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. മാതൃവേദി ഫണ്ട് ശേഖരണാർത്ഥം പെരുന്നാളിനോടനുബന്ധിച്ച് കച്ചവടം നടത്തി. രോഗീ സന്ദർശനം ,ഭവന സന്ദർശനം എന്നിവ നടത്തി സഹായം നൽകി. മാസത്തിലെ ഒന്നാമത്തേയും മൂന്നാമത്തേയും ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിക്കുന്നു.

**പാതിരിപ്പാടം**

ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു.അമ്മമാർക്ക് uniformity ഉണ്ടാകാൻ uniform സാരിവാങ്ങി. പള്ളിയും, പരിസരവും, സിമിത്തേരിയും, പള്ളിമുറിയും വൃത്തിയാക്കി. ഭവന സന്ദർശനം നടത്തി.

**കബനിഗിരി**

തിരുനാൾ ദിനത്തിൽ സ്റ്റാൾ ഇട്ട് ഭക്ത സാധനങ്ങൾ വിൽപ്പന നടത്തി. തിരുനാളിനോടനുബന്ധിച്ചുള്ള ഭക്ഷണം ഉണ്ടാക്കൽ, പ്രദക്ഷിണം, പള്ളി പരിസരങ്ങൾ വൃത്തിയാക്കൽ, എന്നിവ നടത്തി. സാന്താ മോനിക്ക പ്രാർത്ഥനയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. 2 രോഗികൾക്ക് ചികിത്സാ സഹായം നൽകി.

**ചാരിറ്റി**

മാതൃവേദി അംഗത്തിന് വീടുനിർമ്മാണ സഹായം ചെയ്തു. വികാരിയച്ചൻ, ആനിമേറ്റർ എന്നിവരുടെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങളുടെ വകയായി 25000 രൂപ നല്കി സഹായിച്ചു.

**സീതാമൗണ്ട്**

ഇടവക തിരുനാൾദിനത്തിൽ ചായപ്പൊടി, ഭക്ത സാധനങ്ങൾ, മെഴുകുതിരി എന്നിവയുടെ വില്പന മാതൃവേദിയുടെ ഫണ്ട് ശേഖരണാർത്ഥം നടത്തി. രോഗീ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ക്യാൻസർ രോഗിയെ സന്ദർശിച്ച് സഹായം നൽകി. മേഖലാ മീറ്റിംഗിൽ അംഗങ്ങൾ പങ്കെടുത്തു. കൽപ്പറ്റ ക്ലാര ഭവനിലെ പ്രായമായ സിസ്റ്റേഴ്സിനെ സന്ദർശിച്ചു. കൽപ്പറ്റ ഓൾഡേജ് ഹോം സന്ദർശിച്ച് സ്റ്റേഷനറി സാധനങ്ങൾ എത്തിച്ചു കൊടുത്തു. ആദിവാസി കോളനി, അംഗൻവാടി എന്നിവ സന്ദർശിച്ചു.

**നിലമ്പൂർ**

പള്ളിയും പള്ളിമുറിയും സിമിത്തേരിയും കഴുകി വൃത്തിയാക്കി. ഇടവക തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ ഇട്ടു, കിട്ടിയ തുക ജീവകാരുണ്യത്തിനായി മാറ്റിവച്ചു. രോഗീസന്ദർശനം നടത്തി. ഡിപ്പോയിലുള്ള അനാഥാലയം സന്ദർശിച്ച് 10 കട്ടിലുകൾ മാതൃവേദി എക്സിക്യൂട്ടീവ് അംഗം സ്പോൺസർ ചെയ്തു. എക്സിക്യൂട്ടീവ് കൂടി.

**അസംപ്ഷൻ**

തിരുനാൾ കൺവീനർ സ്ഥാനത്തേക്ക് അമ്മമാരുടെ പ്രതിനിധി തിരഞ്ഞെടുക്കപ്പെട്ടു. പള്ളിയിലേക്ക് ആവശ്യമായ പലഹാരങ്ങൾ ഉണ്ടാക്കി നൽകി. ദേവാലയവും പരിസരവും ഗ്രോട്ടോയും വൃത്തിയാക്കി.സൺഡേ സ്കൂൾ സംഘടനാ ദിനത്തിൽ അമ്മമാർ കുടുംബ നവീകരണ വർഷദിനത്തിന്റെ സന്ദേശം ഉൾകൊള്ളുന്ന സ്കിറ്റ് അവതരിപ്പിച്ചു. ഏലീശ്വാ സന്ദർശനം നടത്തി .വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ചു. തൃപ്പാദം അഗതി മന്ദിരം സന്ദർശിച്ചു. എക്സിക്യൂട്ടീവ്, ജനറൽ ബോഡി എന്നിവ കൂടി. ബൈബിൾ പുതിയ നിയമം എഴുത്ത് അമ്മമാർ ആരംഭിച്ചു.

**പനവല്ലി**

എക്സിക്യൂട്ടീവ്, മാസ മീറ്റിങ്ങുകൾ എന്നിവ കൂടി. റിപ്പോർട്ട്, കണക്ക് എന്നിവ വായിച്ച് അവതരിപ്പിച്ച് പാസ്സാക്കി. രോഗീസന്ദർശനം നടത്തി.

**പുൽപ്പള്ളി**

പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. ചികിത്സാ സഹായം നൽകി. രോഗിയെ ആശുപത്രിയിൽ കൊണ്ടുപോകാൻ സഹായിച്ചു. എല്ലാ ഞായറാഴ്ചയും മാതൃവേദി പ്രാർത്ഥന ചൊല്ലുന്നു. അനുദിനം പ്രാർത്ഥിക്കേണ്ട കുടുംബങ്ങളുടെ പേര് വിവരങ്ങൾ ഓരോ ഭവനത്തിലും നൽകി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ജൈവ പച്ചക്കറി കൃഷി മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി പരസ്പര സഹായ നിധി ആരംഭിച്ചു. ആദ്യത്തെ ഫണ്ട് 10000 രൂപ സംഘടന പ്രവർത്തനങ്ങൾക്ക് വേണ്ടി നീക്കി വെച്ചു. സെമിനാർ നടത്തി രോഗീസന്ദർശനം, മരണ വീട് സന്ദർശനം എന്നിവ നടത്തി.

**കുറുമ്പാല**

മേഖലാ നേതൃത്വ പരിശീലന ക്ലാസ്സിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. കിടപ്പു രോഗികളെ സന്ദർശിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖലയിൽ സമരിറ്റൻ ഭവൻ സന്ദർശനത്തിന് സഹായിക്കുന്നതിനായി ഇടവക വിഹിതം നൽകി.

**കേളകം**

അഗതി മന്ദിരത്തിൽ പൊതിച്ചോറുകൾ നൽകി. ഉപവാസത്തിലൂടെ കിട്ടിയ തുക പാവപ്പെട്ട കുടുംബങ്ങൾക്ക് നൽകി. ഒരു നിർധന രോഗിക്ക് കിഡ്നി മാറ്റിവയ്ക്കാൻ സഹായം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. ജൈവ പച്ചക്കറി കൃഷിയിൽ നിന്നും വിളവെടുപ്പ് നടത്തി.

**തോമാട്ടുചാൽ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കുടുംബവർഷത്തോടനുബന്ധിച്ച് ഓരോ കുടുംബത്തിനുവേണ്ടി ഓരോ ദിവസവും പ്രാർത്ഥിക്കുന്നു. അച്ചാർ ഉണ്ടാക്കി വിൽപ്പന നടത്തി. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**നരിവാലമുണ്ട**

തിരുക്കുടുംബ പ്രയാണം യൂണിറ്റ് അടിസ്ഥാനത്തിൽ എല്ലാ വീടുകളിലും നടത്തി. ഇടവക തിരുനാളിൽ പച്ചക്കറി അരിയാൻ സഹായിച്ചു. റിപ്പബ്ലിക്ദിനത്തിൽ പട്ടാളം, പോലീസ് എന്നീ മേഖലകളിൽ സേവനം ചെയ്തവരെ ആദരിച്ചു.

**ശിശുമല**

മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ് ശാഖയിൽ വച്ചു നടത്തി.

വയനാട് മെഡിക്കൽ കോളേജിൽ രോഗീ സന്ദർശനം നടത്തി. രണ്ട് രോഗികൾക്കായി 5000 രൂപ രോഗീ സഹായം നൽകി. എക്സിക്യൂട്ടീവ് കൂടി. പച്ചക്കറി വിളവെടുത്ത് വില്പന നടത്തി. ഏലീശ്വാ സന്ദർശനം നടത്തി. രോഗീലേപന ശുശ്രൂഷ സ്വീകരിക്കുന്നതിനു ഒരു രോഗിയെ ശാരീരികമായി ഒരുക്കുന്നതിനു സഹായിച്ചു. പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ അമ്മമാർ പങ്കെടുത്തു. പച്ചക്കറി പരിപാലനം നടത്തി.

**പോരൂർ**

തിരുന്നാളിനോട് അനുബന്ധിച്ചുള്ള നേർച്ചഭക്ഷണത്തിന് ആവശ്യമായ അച്ചാറിടാൻ അമ്മമാർ സഹകരിച്ചു. സിമിത്തേരി സന്ദർശനത്തിൽ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം എക്സിക്യൂട്ടീവ് അംഗങ്ങൾ സ്റ്റാൾ ഇട്ടു. ലഭിച്ച തുക കൊണ്ട് മാതൃവേദി തുടർ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു.

**ചെന്നലോട്**

പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. പാലിയേറ്റീവ് ദിനത്തിൽ പാലിയേറ്റീവ് പ്രവർത്തകരെ ഫോണിൽ വിളിച്ച് ആശംസകൾ നേർന്നു. മേഖല നടത്തിയ നേതൃത്വ പരിശീലന പരിപാടിയിൽ അംഗങ്ങൾ പങ്കെടുത്തു. സമരിറ്റൻ ഭവൻ അഗതി മന്ദിരത്തിലേക്ക് ശാഖാ വിഹിതം നൽകി.

**കാരയ്ക്കാമല**

ഭവന നിർമ്മാണ ധനശേഖരണാർത്ഥം മാതൃവേദി അംഗങ്ങൾ ചേർന്ന് മഠത്തിലെ കാപ്പിക്കുരു പറിച്ചു. ഇടവക തിരുനാളിനോടനുബന്ധിച്ച് ഐസ്ക്രീം സ്റ്റാൾ നടത്തി. കൊന്ത കെട്ടുന്നതിനുള്ള പരിശീലനം നൽകി. രോഗീ സന്ദർശനം നടത്തി.

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഫണ്ട് സ്വരൂപണാർത്ഥം ഇടവക തിരുനാളിൽ കച്ചവടം നടത്തി. രോഗീ സഹായമായി ഇടവകയിലെ നിർദ്ദന കുടുംബത്തിന് 2500 രൂപയും, വിവാഹ സഹായമായി പാവപ്പെട്ട കുടുംബത്തിലെ ഒരു പെൺകുട്ടിക്ക് 3500 രൂപയും നൽകി. റിപ്പബ്ലിക് ദിനത്തിൽ മരക്കടവ് വായനശാലയുടെയും പോസ്റ്റ് ഓഫീസിന്റെയും പരിസരം വൃത്തിയാക്കി. പള്ളി തിരുനാളിന് പള്ളി അലങ്കാരത്തിനായി 2000 രൂപയുടെ പൂക്കൾ വാങ്ങി നൽകി.

**പുതുശ്ശേരിക്കടവ്**

ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണമുണ്ടാക്കുവാൻ സഹായിച്ചു. 5000 രൂപ ധനസഹായം നൽകി. പാലിയേറ്റീവ് ദിനത്തിൽ പാലിയേറ്റീവിൽ സ്തുത്യർഹമായ സേവനം ചെയ്യുന്നവരെ ആദരിച്ചു ആശംസകൾ നേർന്നു. ശാഖാ ഭാരവാഹികൾക്ക് ക്ലാസ്സുകൾ നൽകി. രോഗികളെ സന്ദർശിച്ചു.

**പാടിച്ചിറ**

എക്സിക്യൂട്ടീവ് നടത്തി. മാതൃവേദി ഫണ്ട് കണ്ടെത്തുന്നതിന്റെ ഭാഗമായി മാതൃവേദി അംഗങ്ങൾ വിവിധതരം അച്ചാറുകൾ, ഉപ്പിലിട്ട പൈനാപ്പിൾ എന്നിവ ഉണ്ടാക്കുകയും തിരുനാൾ ദിനങ്ങളിൽ വിൽപ്പന നടത്തുകയും ചെയ്തു. രോഗീ സന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**പട്ടാണിക്കൂപ്പ്**

ജപമാല പ്രദക്ഷിണം നടത്തി. പാച്ചോർ വിതരണം നടത്തി. മേഖല നടത്തിയ ചാവറ പിതാവിന്റെ പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഫണ്ടു സാമാഹരണത്തിനായി സ്റ്റാൾ നടത്തി.

**ചോക്കാട്**

തിരുനാൾ പ്രദക്ഷിണത്തിന് എല്ലാ അമ്മമാരും യൂണിഫോം ധരിച്ച് കുടകൾ പിടിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കാൻ സഹായിച്ചു. രോഗീസന്ദർശനം, ഏലീശ്വാ സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് കൂടി.

**കയ്യൂന്നി**

കുടുംബ വർഷാചരണത്തിന്റെ ഭാഗമായി ബൈബിൾ വായനയക്ക് തുടക്കം കുറിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വി. ചാവറ കുര്യാക്കോസ്, വി. ദേവസഹായം പിള്ള എന്നീ വിശുദ്ധരുടെ ജീവചരിത്രം വായിച്ച് വിചിന്തനം നടത്തി. ദിനാചരണങ്ങളുടെ ഭാഗമായി - ദേശീയ യുവജന ദിനം, പെൺകുട്ടികളുടെ ദിനം എന്നിവ ആചരിച്ചു. സംഘടനയ്ക്ക് ഫണ്ട് ശേഖരിക്കുന്നതിന്റെ ഭാഗമായി കൊന്ത നിർമ്മിച്ച് വിൽപ്പന നടത്തി.

**പ്രശാന്തിഗിരി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. നിർധനയായ ഒരു വ്യക്തിക്ക് മാതൃവേദിയിൽ നിന്ന് യൂണിഫോം സാരി നൽകി. തിരുനാളിന് നേർച്ച ഭക്ഷണം ഉണ്ടാക്കുന്നതിന് ആവശ്യമുള്ള പച്ചക്കറികൾ അമ്മമാർ തങ്ങളുടെ വീടുകളിൽ നിന്നും കൊണ്ടുവന്ന് കുർബാന മധ്യേ കാഴ്ച സമർപ്പണം നടത്തി. രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**വഞ്ഞോട്**

പള്ളിയും പരിസരവും, സെമിത്തേരി, മാതാവിന്റെ ഗ്രോട്ടോ എന്നിവ ക്ലീനിങ് നടത്തി. പള്ളി പരിസരത്ത് പൂന്തോട്ട നിർമ്മാണം നടത്തി. പാവപ്പെട്ട ഒരു കുടുംബത്തിന് 1050 രൂപ ധനസഹായം നൽകി. നിർധന കുടുംബത്തിലെ അമ്മയ്ക്ക് മാതൃവേദിയുടെ വക യൂണിഫോം സാരി സമ്മാനമായി നൽകി.

**പാലാങ്കര**

മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. രോഗീസന്ദർശനം നടത്തി. ദിവ്യകാരുണ്യ പ്രദക്ഷിണ ത്തിലും പൂപ്പന്തലിലും അമ്മമാർ നേർച്ച കാഴ്ചകൾ നടത്തുവാൻ സഹായിച്ചു.

**തരിയോട്**

ദേവാലയവും പരിസരവും വൃത്തിയാക്കി. വിവാഹത്തിന് ധനസഹായമായി 5000/- രൂപ കൊടുത്തു. രോഗീസന്ദർശനം നടത്തി.

**മാർട്ടിൻ നഗർ**

വിവിധ നിയോഗങ്ങൾ വച്ച് കരുണക്കൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. മെഡി ക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. രോഗീ സന്ദർശനം നടത്തി. വിധവയുടെ വീട് സന്ദർശിച്ചു.

**പന്തിപ്പൊയിൽ**

കുടുംബ നവീകരണ വർഷത്തോടനുബന്ധിച്ച് ഇടവക യിലെ രണ്ടു കുടുംബങ്ങളെ സന്ദർശിച്ച് പ്രായമായ മാതാപിതാ ക്കളെ ആദരിച്ചു. മേഖലാ തല സെമിനാറിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ജനറൽ ബോഡി യോഗം ചേർന്നു. വിധവാ സഹായമായി 500 രൂപ നൽകി. അംഗവൈകല്യമുള്ള ഒരു കുട്ടിയുടെ പഠനസഹായത്തിനായി 500 രൂപ നൽകി. അഗതി മന്ദിര സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**വടപുറം**

പള്ളിയും പരിസരവും, സെമിത്തേരിയും വൃത്തിയാക്കി. തിരുനാൾ ദിവസങ്ങളിൽ ജപമാലയ്ക്കും ലേഖനം വായിക്കുന്ന തിനും കാഴ്ചവെപ്പിനും നേതൃത്വം നൽകി. നേർച്ചയ്ക്കുള്ള അരിയും അപ്പവും കൊണ്ടുവന്നു. ഹോസ്പിറ്റലിൽ കഴിയുന്ന രോഗികളെ സന്ദർശിച്ചു.

**താളിപ്പാടം**

എക്സിക്യൂട്ടീവ് കൂടി. തിരുന്നാളിൽ മധുര പലഹാരങ്ങൾ, പായസം എന്നിവ വിൽപന നടത്തി. പള്ളിയും, പരിസരവും വൃത്തിയാക്കി.

**ദ്വാരക**

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ തിരു ന്നാൾ ദിനത്തിൽ തിരുഹൃദയ ജപമാല ചൊല്ലുകയും സി.എം.സി സിസ്റ്റേഴ്സിനെ സന്ദർശിച്ച് അവരെ ആദരിച്ചു. ഇടവകയിൽ ഒരു മണിക്കൂർ കൊണ്ട് എല്ലാ യൂണിറ്റുകളെയും പങ്കെടുപ്പിച്ചുകൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി.

**തലഞ്ഞി**

വി. ചാവറ കുര്യാക്കോസ്, ദൈവമാതാവിന്റെ തിരുനാൾ, വി. സെബസ്റ്റ്യാനോസ് എന്നിവരുടെ തിരുനാൾ ദിനം ആചരിച്ചു. രോഗികളായവരുടെ കുടുംബങ്ങൾ സന്ദർശിച്ചു. വി. ദേവ സഹായം പിള്ളയെക്കുറിച്ചുള്ള Online ക്വിസ് മത്സരം നടത്തി. മരണവീട് സന്ദർശിച്ച് പ്രാർത്ഥിച്ചു.

**കുറുമണി**

പാലിയേറ്റീവ് ദിനാചരണം നടത്തി. രോഗീസന്ദർശനം നടത്തി.

**മണിമൂളി**

വർഷാരംഭ പ്രാർത്ഥനയിലും, ആരാധനയിലും അംഗങ്ങൾ പങ്കെടുത്തു. പള്ളിയും, പരിസരവും വൃത്തിയാക്കി. നേർച്ച ഭക്ഷണ വിതരണത്തിന് നേതൃത്വം നൽകി.

**യവനാർകുളം**

ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം തയ്യാറാക്കുന്നതിന് സഹായിച്ചു. സംഭാവനയായി 5000 രൂപ നൽകി. രോഗീസന്ദർ ശനം നടത്തി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. ഗവൺമെന്റ് ഹോസ്പിറ്റലിൽ പോയി ഭക്ഷണമുണ്ടാക്കാൻ സഹായിച്ചു. രോഗീസന്ദർശനം നടത്തി. പള്ളിയും പരിസരവും, സെമിത്തേരി എന്നിവ വൃത്തി യാക്കി.

**കൊട്ടിയൂർ**

വന്യമൃഗ ശല്യത്തിനെതിരെ കണ്ടപ്പനം ഫോറസ്റ്റ് സ്റ്റേഷനിൽ വച്ചു നടന്ന വന്യജീവി ശല്യത്തിനെതിരെയുള്ള പ്രക്ഷോഭത്തിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. തിരുനാ ളിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ കച്ചവടം നടത്തി ഫണ്ട് സ്വരൂപിച്ചു. ദേവാലയവും പരിസരവും വൃത്തിയാക്കി.

**പയ്യമ്പള്ളി**

പെരുവക സെന്റ് ആൻസ് അഗതിമന്ദിരം സന്ദർശിച്ച് 5000 രൂപയും അരിയും, ബെഡ്ഷീറ്റുകളും മറ്റ് ആവശ്യ സാധനങ്ങളും നൽകി. രണ്ടു രോഗികൾക്ക് രോഗീ സഹായമായി 7000 രൂപ നൽകി. 25 അമ്മമാർ ഗോവ തീർത്ഥാടനം നടത്തി.

**നടവയൽ**

വിശുദ്ധരെ സോഷ്യൽ മീഡിയായിലൂടെ പരിചയപ്പെ ടുത്തി. അടുക്കളത്തോട്ടം നിർമ്മിച്ച് ജൈവ പച്ചക്കറികളുടെ ഉപയോഗവും വിപണനവും നടത്തി. സാധു സഹായം, രോഗീ സഹായം, വിദ്യാഭ്യാസ സഹായം എന്നീ ഇനങ്ങളിൽ 4300/-

രൂപ ധനസഹായമായി നൽകി. നേതൃത്വ പരിശീലന സെമിനാർ നടത്തി.

**പൂക്കോട്ടുംപാടം**

ചാവറ അച്ചന്റെ തിരുനാൾ ദിനത്തിൽ വീഡിയോ പോസ്റ്റ് ചെയ്തു. ജില്ലാ തലത്തിൽ സ്വർണ്ണമെഡൽ ജേതാവായ ഷോട്ട് പുട്ട് താരം ഇവ എലിസബത്തിനെ മെമെന്റോ നൽകി ആദരിച്ചു. പള്ളിയും, പരിസരവും, സെമിത്തേരിയും വൃത്തിയാക്കി. ഫണ്ട് ശേഖരണാർഥം തിരുനാൾ ദിനത്തിൽ ഐസ്ക്രീം സ്റ്റാൾ നടത്തി. 7500 രൂപ ലഭിച്ചു.

**കരിമാനി**

വി. ചാവറ അച്ചന്റെ തിരുനാൾ ദിനം ആചരിച്ചു. ഭവന സന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. വിവിധ നിയോഗങ്ങൾക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ തിരുനാളിൽ എല്ലാ അമ്മമാരും യൂണിഫോമിൽ മുത്തുക്കുടകൾ എടുത്തു. ഭക്ത സാധനങ്ങളുടെ സ്റ്റാൾ നടത്തി ഫണ്ട് കണ്ടെത്തി.

**വാളവയൽ**

എക്സിക്യൂട്ടീവ് കൂടി. വിഷമയമില്ലാത്ത പച്ചക്കറി എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് പച്ചക്കറി തോട്ടം എല്ലാ അമ്മമാരും പരിപാലിക്കുന്നു. പള്ളിയും, പരിസരവും, വൃത്തിയാക്കി.

**ഇരുളം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല ജനറൽ ബോഡിയിലും പരിശീലന ക്ലാസിലും പങ്കെടുത്തു. ഏലീശ്വാ സന്ദർശനം നടത്തി. അംഗനവാടി സന്ദർശിച്ചു കുട്ടികൾക്ക് മിഠായി വിതരണം നടത്തി. രോഗീ സന്ദർശനം നടത്തി. ഭിന്നശേഷിയുള്ള ഒരു കുഞ്ഞിന് ഉടുപ്പ് വാങ്ങി നൽകി.

**തേൾപ്പാറ**

രോഗീ സന്ദർശനം നടത്തി. ക്രിസ്തുമസ് ദിനത്തിൽ മാതൃവേദിയും കെ.സി.വൈ.എം ഉം സംയുക്തമായി നടത്തിയ ഉണ്ണീശോയ്ക്ക് ഒരു കുഞ്ഞുടുപ്പ് എന്ന പ്രവർത്തനത്തിന്റെ ഭാഗമായി ലഭിച്ച കുഞ്ഞുടുപ്പുകൾ മേഖലയ്ക്ക് കൈമാറി.

**മഞ്ഞൂറ**

മാർഗ്ഗരേഖാപ്രകാശനം നടത്തി. വേളാങ്കണ്ണിക്ക് തീർത്ഥാടനം പോയി. പച്ചക്കറി തോട്ട മൽസരം നടത്തി. വിവാഹ ജീവിതത്തിൽ 50 വർഷം ആയ ദമ്പതികളെ ആദരിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ & ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

**ജനുവരി 2025**

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ജനുവരി 31 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

ഫെബ്രുവരി 01ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ബ്രദർ ജോസഫ് വട്ടക്കാട്ട് സ്തുതി ആരാധനക്കും, ബഹു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, സി. റിറ്റി FCC, എന്നിവർ ഗാനശുശ്രുഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിങ്**

ഫെബ്രുവരി 08 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിങ് ശുശ്രുഷ നടന്നു. അഖണ്ഡജപമാല ഫെബ്രുവരി 21ന് രാവിലെ 08.30 മുതൽ വൈകുന്നേരം 09 വരെ സിയോൻ ചാപ്പലിൽ അഖണ്ഡജപമാലയും ദിവ്യകാരുണ്യ ആരാധയും നടത്തി.

**നോമ്പ് ഒരുക്ക ധ്യാനം**

ഫെബ്രുവരി 23 ഞായർ മുതൽ 26 ബുധൻ വരെ താമസിച്ചുള്ള ധ്യാനം നടത്തപ്പെട്ടു. സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**താമസിച്ചുള്ള ധ്യാനം**

മാർച്ച് 20 വ്യാഴം വൈകുന്നേരം 04 മണിമുതൽ 23 ഞായർ ഉച്ചക്ക് ഒരുമണി വരെ നടത്തപ്പെടുന്നു.

For booking: 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ,** ഡയറക്ടർ, (9544606936)

# സാമൂഹ്യ സേവനരംഗം (WSSS)

**സാമൂഹ്യപ്രവർത്തനം മനുഷ്യന്റെ സമഗ്ര വികസനത്തിനുള്ള സമർപ്പണം:**

സാമൂഹ്യ പ്രവർത്തനമെന്നത് മനുഷ്യന്റെ സമഗ്ര വികസനത്തിനായി വ്യക്തികളോ പ്രസ്ഥാനങ്ങളോ നടത്തുന്ന ആത്മസമർപ്പണമാണെന്ന് മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം അഭിപ്രായപ്പെട്ടു. രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി WSSS ൽ സംഘടിപ്പിച്ച കുടുംബസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

1974 ൽ പ്രവർത്തനം ആരംഭിച്ചതുമുതൽ ഏറ്റെടുത്തതും നടപ്പിലാക്കിയതുമായ പ്രവർത്തനങ്ങൾ മാതൃകാപരവും ദൂരെ കാഴ്ചയിൽ നിന്നുള്ളതുമായിരുന്നു. തുരുനെല്ലിയിൽ ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി 1975 ൽ തുടക്കം കുറിച്ച പ്രവർത്തനങ്ങൾ, 1976 ൽ ആരംഭിച്ച സാക്ഷരതാ ക്ലാസുകൾ, ബാലവാടികൾ, 1977ൽ തുടക്കം കുറിച്ച ലഘുസമ്പാദ്യ പദ്ധതി, അയൽകൂട്ടങ്ങൾ, കാർഷിക നേഴ്സറി തുടങ്ങിയവയെല്ലാം നൂതനങ്ങളായിരുന്നു. അത്തരം പ്രവർത്തനങ്ങളാണ് പിന്നീട് സർക്കാർ പദ്ധതികളായും മറ്റ് ഏജൻസികൾക്ക് പ്രചോദനമായും മാറിയതെന്നും പിതാവ് ഓർമ്മിപ്പിച്ചു.

വയനാട് ജില്ലയുടെ വികസനത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ചെലുത്തിയിട്ടുള്ള സ്വാധീനം മറ്റൊരു പ്രസ്ഥാനത്തിനും അവകാശപ്പെടുവാൻ സാധിക്കുകയില്ല എന്നും കാലാകാലങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത് എന്നും പിതാവ് ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്കാലവും മാതൃകാപരമായ പ്രവർത്തനങ്ങൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്നും ആഗോളതലത്തിൽ വയനാടൻ കാർഷിക ഉത്പ്പന്നങ്ങൾ എത്തിക്കുകയും ചെറുകിട നാമമാത്ര കർഷകർക്ക് അധികവരുമാനം നേടികൊടുക്കുകയും ചെയ്ത ബയോവിൻ അഗ്രോ റിസേർച്ച്, ഭാരതത്തിലെ തന്നെ

ഏറ്റവും നല്ല റേഡിയോ സ്റ്റേഷൻ എന്ന് നിരവധി തവണ പുരസ്കാരം നേടിയ റേഡിയോ മാറ്റൊലി എന്നിവ ഉദാഹരണമാണ് എന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ച കാരിത്താസ് ഇന്ത്യ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. അനിൽ ക്രാസ്റ്റ അഭിപ്രായപ്പെട്ടു. 50 വർഷം wsssനെ നയിച്ച ഡയറക്ടർമാരും വിവിധ ഘട്ടങ്ങളിലായി ജോലി ചെയ്തവരും സഹായ സഹകരണങ്ങൾ നൽകിയ വ്യക്തികളുമാണ് കുടുംബ സംഗമത്തിൽ പങ്കെടുത്തത്. കേരള സോഷ്യൽ സർവ്വീസ് സൊസൈറ്റി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. റൊമാൻസ് ആന്റണി മുഖ്യപ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മുൻ ഡയറക്ടർമാരായ റവ.ഫാ. ജോസഫ് ചിറ്റൂർ, റവ.ഫാ. തോമസ് ജോസഫ് തേരകം, റവ. ഫാ. ജോർജ്ജ് മൈലാടൂർ, മുഖ്യസഹകാരികളായ വിൻസന്റ് ജോർജ്ജ്, ടി. എ വർഗ്ഗീസ്, ഡോക്ടർ വി. ആർ ഹരിദാസ്, പ്രോഗ്രാം ഓഫീസർമാരായിരുന്ന ഇ.ജെ ജോസ്, ഒ.പി അബ്രഹാം, ഡോക്ടർ കെ.ആർ ആന്റണി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു. കൂടാതെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 50 വർഷത്തെ ചരിത്രം ഉൾച്ചേർത്തുകൊണ്ടുള്ള വീഡിയോ പ്രദർശനം, ഫോട്ടോ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു. വിവിധ കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവയും ഉണ്ടായിരുന്നു. കുടുംബ സംഗമത്തിൽ wsss കുടുംബത്തിലെ ഇരുന്നൂറോളം പേർ പങ്കെടുത്തു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് വാഹനം നൽകി സൗത്ത് ഇന്ത്യൻ ബാങ്ക്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കഴിഞ്ഞ 50 വർഷത്തെ നിസ്തുല സേവനം പരിഗണിച്ച് മഹീന്ദ്ര ബൊലേറൊ നിയോ ജീപ്പ് നൽകി സൗത്ത് ഇന്ത്യൻ ബാങ്ക്. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ CSR പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വാഹനം നൽകിയത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സമൂഹത്തിന് നൽകി കൊണ്ടിരിക്കുന്ന സേവനങ്ങൾ വിലമതിച്ചു കൊണ്ടാണ് വാഹനം നൽകിയതെന്നും ഇനിയും ഏറെ സാമൂഹ്യ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിക്കട്ടെ എന്നും വാഹനം കൈമാറികൊണ്ട് സൗത്ത് ഇന്ത്യൻ ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജരും കണ്ണൂർ റീജിയണൽ ഹെഡുമായ

രാജേഷ് എൻ. ആർ അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് മാനേജരും ക്ലസ്റ്റർ ഹെഡുമായ ജെറിൻ സി. ജോസഫ്, സീനിയർ മാനേജർ സോനു, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, എന്നിവർ സംസാരിച്ചു. ഒരു മാസം മുൻപ് ഫെഡറൽ ബാങ്കും അവരുടെ CSR പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു വാഹനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നൽകിയിരുന്നു.

ജനകീയ കൗൺസിലിംഗ് മാതൃകാപരം ഡോ. സുഭാഷിണി ഗോപാൽ വയനാട്ടിൽ പ്രളയ ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് മാനസിക പിന്തുണ നൽകുന്നതിനായി രൂപീകരിച്ച ജനകീയ കൗൺസിലിംഗ് പരിപാടി മാതൃകാപരമാണെന്നും കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ആയിരങ്ങൾക്ക് ആശ്വാസമാകുവാനും അവരെ ജിവിതത്തിലേക്ക് കൈപിടിച്ചു നടത്തുവാനും ഈ പദ്ധതിയിലൂടെ സാധിച്ചുവെന്നും ഈ പദ്ധതി ഇനിയും കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകണമെന്നും ജനകീയ കൗൺസിലിംഗ് പദ്ധതിക്ക് സാങ്കേതിക സഹായം നൽകി വരുന്ന സ്കാർഫ് ചെന്നൈ എന്ന പ്രസ്ഥാനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ ഡോ. സുഭാഷിണി ഗോപാൽ അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാത്തലിക് റിലീഫ് സർവ്വീസിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ പ്രളയ, ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് മാനസിക പിന്തുണ നൽകുന്നതിനായി രൂപീകരിച്ച ജനകീയ കൗൺസിലിംഗിന്റെ നാലാംഘട്ട പരിശീലനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ.

പുഞ്ചിരിമട്ടം ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ട നൂറുകണക്കിന് വ്യക്തികളെ ജീവിതത്തിലേക്ക് തിരികെ നടത്തുന്നതിന് ജനകീയ കൗൺസിലിംഗ് പദ്ധതിയിലൂടെ സാധിച്ചുവെന്നും ദുരന്തബാധിതർക്ക് മാത്രമല്ല മാനസിക സംഘർഷം അനുഭവിക്കുന്ന ആയിരങ്ങൾക്ക് ആശ്വാസമാകുവാൻ കൗൺസിലേഴ്സിന് സാധിച്ചു എന്നും അവർ കൂട്ടിച്ചേർത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാത്തലിക് റിലീഫ് സർവ്വീസ് ടെക്നിക്കൽ കൺസൾട്ടന്റ് പി. കെ കുര്യൻ, വയനാട് സോഷ്യൽ സർവ്വീസ്

സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, പ്രോഗ്രാം കോഡിനേറ്റർമാരായ ജാൻസി ജിജോ, ചിഞ്ചു മരിയ എന്നിവർ സംസാരിച്ചു. സ്കാർഫ് ചെന്നൈ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ കോ-ഓർഡിനേറ്റർ ജെയ്നി ജോസഫ്, പ്രൊജക്റ്റ് കോഡിനേറ്റർ മുഹമ്മദ് മുഹ്സിൻ എന്നിവർ മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിശീലനത്തിന് നേതൃത്വം നൽകി. പരിശീലനത്തിന് 50 ജനകീയ കൗൺസിലർമാർ പങ്കെടുത്തു. പരിപാടിക്ക് ഫീൽഡ് സൂപ്പർവൈസേഴ്സ് ആയ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ഷീന ആന്റണി, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**മോണിറ്ററിംഗ് വിസിറ്റിങ് നടത്തി**

വയനാട് ജില്ലയിൽ ഉരുൾപൊട്ടൽ, വെള്ളപ്പൊക്ക ദുരിതത്തിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളെ സഹായിക്കുന്നതിന് മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തി വരുന്ന പദ്ധതിയുടെ ഭാഗമായി മോണിറ്ററിംഗ് വിസിറ്റിംങ് നടത്തി. കാത്തലിക് റിലീഫ് സർവ്വീസുമായി സഹകരിച്ച് 307 കുടുംബങ്ങൾക്ക് 5400000 രൂപയുടെ ഉപജീവന പദ്ധതികൾക്കാണ് സാമ്പത്തിക സഹായം അനുവദിച്ചത്. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, തയ്യൽമെഷീൻ, പെട്ടിക്കട, പോത്തുകുട്ടി വളർത്തൽ, ഹോളോബ്രിക്സ് യൂണിറ്റ്, കൂൺകൃഷി, ഹോട്ടൽ, കരകൗശലവസ്തുക്കൾ തുടങ്ങിയ പദ്ധതികൾക്കാണ് സഹായം അനുവദിച്ചത്. ഓരോ ഗുണഭോക്താവും അവർക്ക് ഇഷ്ടപ്പെട്ട വരുമാന വർദ്ധക പരിപാടിയാണ് തെരഞ്ഞെടുത്തത്. ഈ പദ്ധതികൾ ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനും ആയിട്ടാണ് കാത്തലിക് റിലീഫ് സർവ്വീസിന്റെ ടെക്നിക്കൽ കൺസൾട്ടന്റ് പി. കെ കുര്യൻ, ഫിനാൻസ് ഓഫീസർ വർഗ്ഗീസ് സി. ജെ എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സന്ദർശനം നടത്തിയത്. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ആണ് ടീം സന്ദർശനം നടത്തിയത്.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, പ്രോഗ്രാം കോഡിനേറ്റർമാരായ ജാൻസി ജിജോ, ചിഞ്ചു മരിയ, ഫീൽഡ് സൂപ്പർവൈസേഴ്സ് ആയ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്,

ഷീന ആന്റണി, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി. ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി വിവിധ സ്കൂളുകളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ക്യാൻസറിന്റെ കാരണം, പ്രതിരോധം, മുൻകരുതലുകൾ, ചികിത്സാ മാർഗ്ഗങ്ങൾ എന്നിവയെകുറിച്ചുള്ള വിവരങ്ങൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകുക എന്നതായിരുന്നു ക്ലാസുകളുടെ പ്രധാന ലക്ഷ്യം.

മൂളിത്തോട് എ.യു.പി സ്കൂളിൽ കോഡിനേറ്റർ ഷീന ആന്റണി, ചെറൂർ സെന്റ് മേരീസ് ഇംഗ്ലീഷ് സ്കൂളിൽ ആലീസ് സിസിൽ, പുൽപ്പള്ളി ആലത്തൂർ ഉദയ ഗവൺമെന്റ് എൽ. പി സ്കൂളിൽ ലിജ കുര്യാക്കോസ്, മേപ്പാടി വെള്ളാർമല സ്കൂളിൽ ബിൻസി വർഗീസ് എന്നിവരുടെ നേതൃത്വത്തിലാണ് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചത്. ക്ലാസുകളിൽ ക്യാൻസറിന്റെ ലക്ഷണങ്ങൾ, അതിനെ നേരിടാനുള്ള പുതിയ ചികിത്സാരീതികൾ, ആരോഗ്യകരമായ ജീവിത ശൈലി എന്നിവയെ കുറിച്ചും വിശദമായി അവതരിപ്പിച്ചു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ചോദ്യോത്തരത്തിലൂടെ കൂടുതൽ വിവരങ്ങൾ കൈമാറി. കൂടാതെ ലഹരി വിരുദ്ധ പ്രതിജ്ഞ, വിവിധ മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു. പുതിയ മാതൃകയിലുള്ള കൂൺ കൃഷിയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇന്ത്യയിലെ സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ പുതിയ മാതൃകയിലുള്ള കൂൺ കൃഷിയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരമ്പരാഗതമായി വൈക്കോലിൽ കൂൺ കൃഷി നടത്തുന്ന രീതിക്ക് പകരമായി വിപണിയിൽ എളുപ്പത്തിൽ ലഭ്യമാകുന്ന പെല്ലറ്റുകൾ ഉപയോഗിച്ചാണ് പുതിയകൃഷി മോഡൽ പരിചയപ്പെടുത്തിയത്. കൂടുതൽ കഠിനാധ്വാനം ആവശ്യമായ വൈക്കോലിൽ കൃഷി ചെയ്യുന്നതിന് പകരമായി പെല്ലറ്റ് ഉപയോഗിച്ച് കൃഷി ചെയ്യുന്നതിലൂടെ കുറഞ്ഞ സമയം കൊണ്ട് വളരെ കൂടുതൽ കൃഷി നടത്തുവാൻ സാധിക്കും. കൂടാതെ ഈ രീതിയിലൂടെ മറ്റ് പൂപ്പൽ മൂലമുള്ള മലിനീകരണം ഒഴിവാക്കുവാനും സാധിക്കും.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി കാരിത്താസ് ഇന്ത്യ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. അനിൽ ക്രാസ്റ്റ ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷനായിരുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വൈസ് പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു. ഗ്രാമീണ സ്ത്രീകൾക്ക് കൂൺ കൃഷി പോലുള്ള വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുന്നതിന് സഹായവും നൽകുക എന്നതാണ് പരിശീലന പരിപാടിയുടെ പ്രധാനലക്ഷ്യം. പരിശീലനം പൂർത്തിയാക്കിയവർക്ക് ഇന്ത്യയിലെ സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്പമെന്റ് ബാങ്ക് സർട്ടിഫിക്കറ്റുകൾ നൽകി. കൂടാതെ സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പാ സഹായവും ഒരുക്കുന്നു. പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ജാൻസി ജിജോ, ഫീൽഡ് കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ജിനി ഷിനു, ബിൻസി വർഗീസ്, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫെയർ സൊസൈറ്റി (sws)**

ആലാറ്റിൽ, കല്ലോടി, അരിഞ്ചേർമല, തവിഞ്ഞാൽ, മൊതക്കര, കുറുമണി, ഒഴുക്കൻമൂല, മംഗലശ്ശേരി, കോട്ടത്തറ, കരിമ്പിൽ, പ്രശാന്തിഗിരി, വെള്ളൂന്നി, ചുങ്കക്കുന്ന്, കൊട്ടിയൂർ, പാൽചുരം, അമ്പായത്തോട്, ഏലപീടിക, വാളേരി, പാറത്തോട്ടം, ഒണ്ടയങ്ങാടി, ചെറുകാട്ടൂർ, തൃശ്ശിലേരി, പടമല, ദ്വാരക, കമ്മന, നടവയൽ, സീതാമൗണ്ട്, പയ്യമ്പള്ളി എന്നിവിടങ്ങളിൽ യൂണിറ്റ് മീറ്റിംഗുകൾ നടത്തി. കോഡിനേറ്റർമാർ യോഗങ്ങൾക്ക് നേതൃത്വം നൽകി. സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു അരിവയൽ, കുറുമണി, ചൂരൽമല, കല്ലുവെട്ടി, എടത്തന, വഞ്ഞോട് എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു. സ്ത്രീകളിൽ സമ്പാദ്യ ശീലം വളർത്തുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുക, കൂട്ടായ്മ രൂപീകരിക്കുക എന്നിവയാണ് സ്വാശ്രയസംഘ രൂപീകരണത്തിന്റെ ലക്ഷ്യം.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

### Department for Labour Welfare & Social Security

**കോഡിനേറ്റേർസ് മീറ്റിംഗ്**

2025 വർഷത്തെ പ്രവർത്തന പദ്ധതികൾക്ക് രൂപം നല്കുന്നതിനായി ഫൊറോനാ കോഡിനേറ്റർമാരുടേയും പാരീഷ് കോഡിനേറ്റർമാരുടേയും യോഗം ചേർന്നു. രൂപതാ പ്രസിഡന്റ് ബിജു പോൾ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ പദ്ധതികൾ വിശദീകരിച്ചു. കോഡിനേറ്റർ മിനി മോൾ നന്ദി പറഞ്ഞു.

**തീരുമാനങ്ങൾ**

1. ജീവസ് ഫാമിലി ഹെൽത്ത് കെയർ - ഇൻഷൂറൻസ് പദ്ധതി.
2. ജീവസ് എക്കോ ഷോപ്പുകൾ ആരംഭിക്കുക
3. ജോബ് പോർട്ടൽ ആരംഭിക്കുക
4. സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരിശീലനം സംഘടിപ്പിക്കുകയും സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
5. പാലിയേറ്റീവ് സർവീസ് ആരംഭിക്കുക
6. തൊഴിലാളി ഫോറങ്ങൾ മുഖേന ക്ഷേമനിധി പ്രവർത്തനങ്ങൾ തുടരുക.

ഇവ നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾആരംഭിച്ചു.

**ജീവസ് ഫാമിലി ഹെൽത്ത് കെയർ**

സ്റ്റാർ ഹെൽത്തുമായി സഹകരിച്ച് അഞ്ചു പേരുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപ ക്യാഷ്ലസ് ചികിത്സ ലഭ്യമാക്കുന്ന ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കി. ഇതിനോടൊപ്പം കേന്ദ്ര ഇൻഷൂറൻസ് വഴി പോളിസി ഉടമസ്ഥൻ മരണമടഞ്ഞാൽ 4 ലക്ഷം രൂപ നല്കുന്ന പദ്ധതിയും പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഇൻഷൂറൻസ് വഴി 15 ലക്ഷം രൂപയുടെ ചികത്സാ സുരക്ഷയും ചേർത്താണ് ഫാമിലി ഹെൽത്ത് കെയറിന് രൂപം നല്കിയിട്ടുള്ളത്.

**സംസ്ഥാന ഡയറക്ടേർസ് ശില്പശാല**

കെ.എൽ.എം സംസ്ഥാന ഡറക്ടർമാരുടെ മൂന്ന് ദിവസത്തെ

ശില്പശാല ഫെബ്രുവരി 4, 5, 6 തിയതികളിലായി മാനന്തവാടി WSSSൽ വെച്ച് നടന്നു. കേരളത്തിലെ 27 രൂപതാ ഡയറക്ടർമാർ പങ്കെടുത്ത ശില്പശാല മാനന്തവാടി രൂപതാ മെത്രാനും കെ.സി.ബി.സി വൈസ് ചെയർമാനുമായ മാർ ജോസ് പൊരുന്നേടം നിർവഹിച്ചു. സി.ബി.സി.ഐ വൈസ് പ്രസിഡന്റ് ബിഷപ് ജോസഫ് മാർ തോമസ് അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് ബാബു തണ്ണിക്കോട് അധ്യക്ഷനായിരുന്നു. CBCl ലേബർ കമ്മീഷൻ സെക്രട്ടറി ഫാ. ജോർജ് നെരപ്പുകാലായിൽ, കെ.എൽ.എം സംസ്ഥാന ഡയറക്ടർ ഫാ. പ്രസാദ് കത്തിപറമ്പിൽ എന്നിവർ ചർച്ചകൾ നയിച്ചു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, കെ.എൽ.എം രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ നേതൃത്വം നല്കി.

**സംസ്ഥാന വാർഷിക അസംബ്ലി**

എറണാകുളം പി.ഒ.സിയിൽ വെച്ച് ഫെബ്രുവരി 15, 16 തീയതികളിലായി നടന്ന വാർഷിക അസംബ്ലിയിൽ രൂപതാ ഡയറക്ടക്ക് പുറമേ പ്രസിഡന്റ് ബിജുപോൾ, കോഡിനേറ്റർ മിനിമോൾ, KCTTF സംസ്ഥാന സെക്രട്ടറി ജോബി തോമസ്, പ്രതിനിധി ബേബി നാപ്പള്ളിൽ എന്നിവർ പങ്കെടുത്തു.

**അനുമോദനങ്ങൾ**

2025-26 വർഷത്തേക്കുള്ള സംസ്ഥാന ഭാരവാഹികളെ വാർഷിക അസംബ്ലി തെരഞ്ഞെടുത്തു. നമ്മുടെ കെ.എൽ.എം. രൂപതാ പ്രസിഡന്റ് ബിജു പോൾ സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ബിജുവിന് രൂപതയുടെ അഭിനന്ദനങ്ങൾ.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ, KLM

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**NABARD Programme:**

**NABARD JLG Programme:** നബാഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുന്ന JLG പ്രോഗ്രാമുമായി ബന്ധപ്പെട്ട് വിവിധ യൂണിറ്റുകളുടെ കീഴിൽ രൂപീകരിച്ച 21 ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും, ലോൺ അപേക്ഷ സ്വീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി മാസം 17, 18 തിയതികളിലായി ബാങ്ക് ഓഫ് ബറോഡയുടെ റീജിയണിൽ ഓഫീസിൽ നിന്നും റിബി മേധവും ഊട്ടി ബ്രാഞ്ചിൽ നിന്നും 2 സ്റ്റാഫംഗങ്ങളും NDS ഓഫീസിൽ വരികയും അംഗങ്ങൾക്ക് വ്യക്തിഗത അക്കൗണ്ടും, ഗ്രൂപ്പ് അക്കൗണ്ടും തുടങ്ങുകയും ലോൺ അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തു. NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ പ്രോഗ്രാമിന് നേതൃത്വം കൊടുത്തു. 105 അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

**NABARD SDP on Computerized Accountant:** നബാഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കംബ്യൂട്ടർ പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് ഓൺലൈൻ പോർട്ടലിൽ സമർപ്പിച്ച അപേക്ഷയിൽ DDM നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തിയതിനുശേഷം വീണ്ടും അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

**2. NDSന് സ്വന്തമായി ഒരു വാഹനം**

മാനന്തവാടി രൂപതയുടെ നീലഗിരി റീജിയണിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നതിനുവേണ്ടി NDS ന്റെ മാതൃസംഘടനയായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഒരു വാഹനം (മഹീന്ദ്ര ബലേറോ നിയോ) NDS ന് നൽകുകയുണ്ടായി. NDS ന് ഒരു വാഹനം എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനുവേണ്ടി യത്നിച്ച മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിനോടും, WSSS ഡയറക്ടർ ബഹു. ജിനോജ് പാല

ത്തടത്തിൽ അച്ചനോടുമുള്ള ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

**3. MHA ഓഫിസിൽ FCRA റിപ്പോർട്ട് സമർപ്പിച്ചു**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ FCRA ഫണ്ടിന്റെ വിനിയോഗത്തിന്റെ പ്രവർത്തനങ്ങളുടെ കഴിഞ്ഞ മൂന്നുമാസത്തെ റിപ്പോർട്ടും, NDS ന്റെ വാർഷിക റിപ്പോർട്ടും ഊട്ടിയിലുള്ള Ministry of Affairs ഓഫീസിൽ സമർപ്പിച്ചു. പ്രോജക്ട് കോഡിനേറ്റർ ജോഷി NDS സൊസൈറ്റിയെകുറിച്ചും, അതിന്റെ ആരംഭം മുതൽ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു നല്കുകയും ചെയ്തു.

**4. MSW Block Placement and Training**

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഒന്നാംവർഷം MSW കോഴ്സിന് പഠിക്കുന്ന 2 വിദ്യാർത്ഥിനികൾക്കുവേണ്ടി അവരുടെ പഠനത്തിന്റെ ഭാഗമായുള്ള 15 ദിവസത്തെ Block Placement and Training നൽകി വരുന്നു. പരിശീലനത്തിന്റെ ഭാഗമായി NDS നെകുറിച്ചും, NDS ന്റെ വിവിധ യൂണിറ്റുകളിൽ നടക്കുന്ന പ്രവർത്തനങ്ങളെകുറിച്ചും അവർ നേരിട്ട് സന്ദർശനം നടത്തുകയും അവയെകുറിച്ച് പഠിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ബോസ്പാറ, കയ്യൂന്നി, വിമലഗിരി യൂണിറ്റുകളിൽ സന്ദർശനം നടത്തി ഭാരവാഹികളുമായി സംസാരിച്ച് ഓരോ യൂണിറ്റിലെ വ്യത്യസ്മായ പ്രവർത്തനങ്ങളെകുറിച്ചും മനസ്സിലാക്കി. ഇതിനുപുറമേ കഞ്ചികൊല്ലി ട്രൈബൽ വില്ലേജിൽ സന്ദർശനം നടത്തി അവിടുത്തെ ആളുകളുടെ ജീവിതത്തെക്കുറിച്ച് പഠനം നടത്തുകയും, അവർ നേരിടുന്ന പ്രശ്നങ്ങളെകുറിച്ചും, അവർക്ക് ആവശ്യമയ അടിസ്ഥാന ആവശ്യങ്ങൾ എന്തൊക്കെയാണെും ചോദിച്ചറിയുകയും ചെയ്തു. ബയോവിൻ അഗ്രോ റിസേർച്ച് സെന്ററിന്റെ കീഴിലുള്ള കർഷകരെ സന്ദർശിക്കുകയും, ജൈവകൃഷിരീതിയുടെ പ്രാധാന്യത്തെക്കുറിച്ചും, പ്രസക്തിയെകുറിച്ചും പഠിക്കുകയും ചെയ്തു. എരുമാട്, വെട്ടുവാടി പ്രദേശങ്ങളിലെ NABARD LEDP പ്രോജക്ടിന്റെ ഗുണഭോക്താക്കളെ നേരിൽ കാണുകയും, അതിനെകുറിച്ച് പഠിക്കുകയും, LEDP പ്രോജക്ട് അവരുടെ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ മനസ്സിലാക്കുകയും ചെയ്തു. 28.01.2025 ന് പരിശീലനം പൂർത്തിയാക്കിയ രണ്ട് കുട്ടികളും അവരുടെ പ്രസന്റേഷൻസ് അവതരിപ്പിക്കുകയും പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയി

കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി, ബയോവിൻ സ്റ്റാഫ് ഷീബ ജോൺ, യൂണിറ്റ് കോഡിനേറ്റർമാർ എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കുകയും അവർക്ക് പരിശീലനം പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കേറ്റ് വിതരണം ചെയ്യുകയും ചെയ്തു.

**5. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**വിമലഗിരി യൂണിറ്റ്:** ഇവാലുവേഷൻ മീറ്റിംഗും, കർമ്മസമിതി മീറ്റിംഗും നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ റോഡിന്റെ ഇരുവശങ്ങൾ വൃത്തിയാക്കി, രോഗീ സന്ദർശനം നടത്തുകയും 5000 രൂപ സാമ്പത്തിക സഹായം നല്കുകയും ചെയ്തു.

**ധർമ്മഗിരി യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകി. പച്ചക്കറി തോട്ടത്തിൽ നിന്നും വിളവെടുപ്പ് നടത്തി പച്ചക്കറികൾ വില്പന നടത്തി. റിപ്പബ്ലിക് ദിനാചരണം ഗ്രൂപ്പുകളിൽ നടത്തി.

**കൽപ്ര യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു.

**കയ്യൂന്നി യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ഇടവക തിരുനാളിന് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്റ്റാൾ ഇടുകയും കച്ചവടം നടത്തുകയും ചെയ്തു.

**ബോസ്പാറ യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ലാവണ്യ ഗ്രൂപ്പ് ന്യൂ ഇയർ കേക്ക് മുറിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. കൂടാതെ രോഗീ സന്ദർശനം നടത്തി.

**6. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ കരുണൈ ആംബുലൻസ് സർവ്വീസ്**

കരുണൈ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂക്കിലെ പാട്ടവയൽ, ബെക്കി, കുന്നലാടി, കയ്യൂന്നി, കൊട്ടാട് പ്രദേശങ്ങളിൽ കിടപ്പുരോഗികളായവർക്ക് ആവശ്യമായ പാലിയേറ്റീവ് കെയർ നല്

കുകയും, കിടപ്പുരോഗികളായവരുടെ ഷുഗർ, ബി.പി എന്നിവ പരിശോധിക്കുകയും അത്യാവശ്യമായി യൂറിൻ ട്യൂബ്, റൈൽ ട്യൂബ് ഇടേണ്ട രോഗികൾക്ക് അത്തരം പരിചരണങ്ങളും നല്കി വരുന്നു. വസ്ത്രം ഇല്ലാതെ വിഷമത്തിൽ കഴിയുന്ന രോഗികൾക്കും വസ്ത്രവും, നിർദ്ദനരായ കുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളും മേടിച്ചു നല്കി. മാസത്തിന്റെ മൂന്നാമത്തെ ശനിയാഴ്ച്ച പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുകയും അന്നേ ദിവസം രോഗികളെ പ്രത്യേകമായി നോക്കുകയും അവർക്ക് ആവശ്യമായ വൈദ്യസഹായങ്ങൾ നൽകുകയും ചെയ്തു. ഇതിനുംപുറമേ നിർദ്ദനരായ 8 രോഗികൾക്ക് ആംബുലൻസ് സഹായം നൽകി. കോഴിക്കോട്, ബത്തേരി നൂൽപ്പുഴ, കുന്നലാടി പ്രദേശങ്ങളിലേക്ക് ആംബുലൻസ് സർവ്വീസ് നടത്തുകയും ചെയ്തു.

**7. TAS - Psychological Wellness and Training Centre**

**SSLC പരീക്ഷാ ഒരുക്ക സെമിനാർ**

12-02-2025 ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഹയർ സെക്കറി സ്ക്കൂളിൽ ഈ വർഷം SSLC, +1, +2 പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന 280 കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഏകദിന സെമിനാറും, പരീക്ഷ ഒരുക്ക ക്ലാസും നടത്തി. രാവിലെ 11.00 മുതൽ ഉച്ചക്ക് 12.30 വരെ കുട്ടികൾക്കുള്ള പരീക്ഷ ഒരുക്ക ക്ലാസിന് TAS ടീം അംഗം ജോഷി നേതൃത്വം കൊടുത്തു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.15 വരെ മാതാപിതാക്കൾക്കും കുട്ടികൾക്കുമൊരുമിച്ച് മ്യൂസിക്കൽ തെറാപ്പിസെഷൻ നടത്തി. ഈ സെഷന് ശ്രീ. ജിതിൻ, ജോഷി എന്നിവർ നേതൃത്വം നല്കി. സ്കൂൾ മാനേജർ ബഹു. ജെയ്സൺ കുഴികണ്ടത്തിൽ അച്ചനും, അസി. മാനേജർ അനീഷ് അച്ചനും, ഹെഡ്മാസ്റ്റർ ശ്രീ. പോൾ സാറും, അക്കാഡമിക് കോഡിനേറ്റർ ജിഷ ടീച്ചറും, ക്ലാസ് അദ്ധ്യാപകരും സെഷന് സഹായിച്ചു.

**വ്യക്തിഗത കൗൺസിലിംങ്ങും ഫോളോപ്പുകളും**

ഈ മാസം വ്യക്തിഗതമായി ഒരു കൗൺസിലിംങ്ങ് നടത്തി. അതുപോലെ ഓൺലൈനായി ഫോളോപ്പ് സെഷനുകളും ചെയ്തു വരുന്നു. കൗൺസിലിംങ്ങിനും, ഫോളോപ്പ് സെഷനുകൾക്കും ശ്രീമതി ശ്രുതി കെ. മാർട്ടിൻ നേതൃത്വം നല്കി.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# ബയോവിൻ അഗ്രോ റിസർച്ച്

(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSA- 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിനിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**ബയോവിൻ സ്പൈസസ് ബ്ലോക്ക് ഉദ്ഘാടനം നിർവഹിച്ചു.**

ബയോവിൻ അഗ്രോ റിസർച്ചിന്റെ പ്രവർത്തനങ്ങൾ ഒരു ദശാബ്ദം പിന്നിടുമ്പോൾ നാഴികക്കല്ലായി ബയോവിൻ സ്പൈസസ് ബ്ലോക്ക് ഉദ്ഘാടന കർമ്മം നിർവഹിക്കപ്പെട്ടു. ബഹു. കേരള ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ ഫലകം അനാച്ഛാദനം ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബയോവിൻ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതമാശംസിച്ചു. ചടങ്ങിന് ആശംസകളർപ്പിച്ച് മാനന്തവാടി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി. രത്നവല്ലി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ബേബി, മാനന്തവാടി മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ ശ്രീ. ജേക്കബ് സെബാസ്റ്റ്യൻ, കോഫീ ബോർഡ് ജോയിന്റ് ഡയറക്ടർ ഡോ. കറുത്തമണി, ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ് ജോയിന്റ് ഡയറക്ടർ ശ്രീ. എൻ. ജെ മുനീർ,

വയനാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ആർ രമ, മാനന്തവാടി കാനറാ ബാങ്ക് ചീഫ് മാനേജർ ശ്രീ. എൻ. കെ ആനന്ദനായക എന്നിവർ സംസാരിച്ചു. മുനിസിപ്പൽ കൗൺസിലർ ശ്രീമതി. സ്മിത തോമസ്, അസി. ജില്ലാ വ്യവസായ ഓഫീസർ ശ്രീ. ടി. കെ റഹീമുദ്ധീൻ, എടമുണ്ടക്കുന്ന് റസിഡൻസ് അസോസിയേഷൻ പ്രതിനിധി ശ്രീ. സണ്ണി ജേക്കബ് അറുകാക്കിൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ബയോവിൻ അസ്സോ. ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ ചടങ്ങിന് കൃതജ്ഞതയർപ്പിച്ച് സംസാരിച്ചു.

പുതിയ സ്പൈസസ് പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിതമാകുന്നതുവഴി ബയോവിനിൽ അംഗങ്ങളായ കർഷകർക്ക് അവരുടെ ജൈവ ഉത്പ്പന്നങ്ങൾ കൂടുതൽ വിലയിൽ വിൽക്കുവാനും അവ ശരിയായ രീതിയിൽ സംസ്കരണം നടത്തി അന്താരാഷ്ട്ര വിപണികളിൽ എത്തിക്കുവാനും സാധിക്കും. കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങി വയനാട്ടിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഏതിനം ഭക്ഷ്യോത്പന്നങ്ങളെയും മൂല്യവർദ്ധനവ് വരുത്തി വിപണനം നടത്തുവാനുള്ള അത്യാധുനിക യന്ത്രസാമഗ്രികൾ പുതുതായി ആരംഭിച്ച സ്പൈസസ് ബ്ലോക്കിലുണ്ട്. കുരുമുളകിൽ നിന്ന് മാത്രം പത്തിലധികം മൂല്യ വർധിത ഉത്പന്നങ്ങളാണ് ഉത്പാദിപ്പിക്കപ്പെടുന്നത്.

**സിഗ്വി ബ്രാൻഡ് വിപണനോദ്ഘാടനം നിർവഹിച്ചു**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്വി (SIGWE - Sustainable Income Generation of Women Entrepreneurs) കറിമസാലകളുടെ വിപണനോദ്ഘാടനം ബഹു. കേരള പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ശ്രീ. ഒ. ആർ കേളു നിർവഹിച്ചു. ആദ്യ വിപണനം വയനാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ആർ രമ ഏറ്റുവാങ്ങി.

വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് മായം കലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം.ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പു വരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

സാമ്പാർ പൊടി, ഇറച്ചി മസാല, ഗരംമസാല, ചിക്കൻ മസാല, മഞ്ഞൾ പൊടി തുടങ്ങി പത്തിനം കറി മസാലകളും കാപ്പിപൊടിയുമാണ് നിലവിൽ സിഗ്വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്. സിഗ്വി ഉത്പന്നങ്ങൾ ഇടനിലക്കാരായി (distributor's) വിപണനം നടത്തുവാൻ താല്പര്യമുള്ളവർക്ക് കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്. മിസ്റ്റർ ലൻസ് ഫിലിപ്പ്: 8921595366 (info@sigwe.in)

**ഇന്റേണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

വിവിധ പഞ്ചായത്തുകളിലായി 07 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു.

**സംഭരണം**

പദ്ധതിയിൽ അംഗത്വമുള്ള കർഷകരിൽ നിന്നും ജനുവരി മാസം 116451 കിലോ കാപ്പി 280 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, മഞ്ഞൾ, കൈതച്ചക്ക, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ.ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**അന്തർദേശീയ റേഡിയോ ദിനം**

ഫെബ്രുവരി 13 അന്തർദേശീയ റേഡിയോ ദിനത്തിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ വാർത്താതരംഗിണി പരിപാടിയിൽ പങ്കെടുത്ത് റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി സംസാരിച്ചു. കാലാവസ്ഥ വ്യതിയാനത്തേക്കുറിച്ചും ഇതേ സംബന്ധിച്ച് റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്യുന്ന പ്രോഗ്രാമുകളേക്കുറിച്ചും പരിപാടിയിൽ വിശദീകരിച്ചു. അന്താരാഷ്ട്ര റേഡിയോ ദിനാചരണം - റേഡിയോ മാറ്റൊലിയിൽ റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര റേഡിയോ ദിനാചരണം നടത്തി. ശ്രോതാക്കൾക്ക് പരിപാടികൾ അവതരിപ്പിക്കാനുള്ള അവസരം നൽകിയാണ് ദിനാചരണം വ്യത്യസ്തമാക്കിയത്. രാവിലെ 05.30 മുതൽ രാത്രി 11 മണിവരെ പ്രക്ഷേപണം ചെയ്യുന്ന വിവിധ പരിപാടികൾ ശ്രോതാക്കൾ തന്നെ തയ്യാറാക്കുകയും അവതിപ്പിക്കുകയും ചെയ്തു. റേഡിയോയും കാലാവസ്ഥയും എന്ന പ്രമേയത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ഈ വർഷത്തെ റേഡിയോ ദിനാചരണം. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ചതിന്റെ വാർഷിക ദിനമായതിനാലാണ് ഫെബ്രുവരി 13 റേഡിയോ ദിനമായി ആചരിക്കുന്നത്. കാതോർത്ത് താഴ്‌വാരം എന്ന പരിപാടിയിൽ ജില്ലയ്ക്ക് പുറത്തുള്ള റേഡിയോ മാറ്റൊലി ശ്രോതാക്കളുടെ മാറ്റൊലി അനുഭവങ്ങൾ പങ്കുവെച്ചു.

**ശ്രേയസ് നേതൃത്വ പരിശീലന ക്യാമ്പ്**

കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 7 ന് ബത്തേരി ശ്രേയസിൽ വെച്ച് നടന്ന ദ്വിദിന സംസ്ഥാനതല നേതൃത്വ പരിശീലന ക്യാമ്പിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**നീഡ്സ് - അവാർഡ് സമർപ്പണം**

നെഹ്റു ഇക്കണോമിക് ആന്റ് എൻവയോൺമെന്റൽ ഡെവലപ്മെന്റൽ സൊസൈറ്റി (നീഡ്സ് വയനാട്)യുടെ ആഭിമുഖ്യത്തിൽ ജനുവരി 31 ന് വെള്ളമുണ്ടയിൽ സംഘടിപ്പിച്ച

അവാർഡ് ദാന ചടങ്ങിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. സാമൂഹ്യ രാഷ്ട്രീയ വിദ്യാഭ്യാസ സാംസ്കാരിക സഹകരണ മേഖലകളിലെ സമഗ്ര സംഭാവനയ്ക്ക് നീഡ്സ് വയനാട് നൽകുന്ന പ്രഥമ അവാർഡ് മംഗലശ്ശേരി മാധവൻ മാസ്റ്റർക്ക് സമർപ്പിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടി**

കെട്ടിടം പണിയാം ആത്മവിശ്വാസത്തോടെ – ജനുവരി 23 ന് 2 മണി മുതൽ 3 മണി വരെ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. *കെട്ടിടം പണിയാം ആത്മവിശ്വാസത്തോടെ* എന്ന വിഷയത്തിൽ ആയിരുന്നു പരിപാടി. പനമരം ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എൻജിനീയർ സഫീർ എസ്. കരിക്കോട് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി. കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചും നിയന്ത്രണങ്ങളേക്കുറിച്ചും വിശദീകരിച്ചു. *കാലാവസ്ഥാ മാറ്റങ്ങളും കൃഷിരീതികളും* – ഫെബ്രുവരി 8 ന് കാലാവസ്ഥാ മാറ്റങ്ങളും കൃഷിരീതികളും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. റിട്ടയർഡ് കൃഷി ഡെപ്യൂട്ടി ഡയറക്ടറും അഗ്രിസെർച്ച് ഗ്രൂപ്പ് ഓഫ് കമ്പനീസ് പ്രൊജക്ട് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമായ മമ്മൂട്ടി കെ പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

**ബീറ്റ് ഡയബറ്റിസ്**

USV യുടെ സാമൂഹ്യ പ്രതിബദ്ധതാ സംരംഭവുമായി സഹകരിച്ച് റേഡിയോ മാറ്റൊലി തയ്യാറാക്കി അവതരിപ്പിക്കുന്ന പ്രമേഹ ബോധവൽക്കരണ പരിപാടി ഫെബ്രുവരി 18 ന് ആരംഭിച്ചു.

**പഠന സന്ദർശനം**

മലപ്പുറം കൊണ്ടോട്ടി EMEA HSS ലെ വിദ്യാർത്ഥികൾ ജനുവരി 30 നും അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജ് വിദ്യാർത്ഥികൾ ഫെബ്രുവരി 2 നും മുക്കം മണാശ്ശേരി MAMO കോളേജ് വിദ്യാർത്ഥികൾ ഫെബ്രുവരി 5 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു. ഫെബ്രുവരി 7 നു കോഴിക്കോട് ജെ.ഡി.റ്റി. ഇസ്ലാം കോളേജ് ഓഫ് ആർട് ആന്റ് സയൻസിലെ വിദ്യാർത്ഥികളും ഫെബ്രുവരി 12 നു വൂർ WIC ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാർത്ഥികളും പഠന സന്ദർശനം നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**MoU with Mar Athanasios College, Thiruvalla**

An MoU has been signed between our college and Mar Athanasios College, Thiruvalla, for academic collaboration and research.

**LCPL Krishnapriya V on Republic Day Parade**

NCC cadet from our college, Krishnapriya V, represented the Kerala and Lakshadweep Directorate in the prestigious Republic Day Parade cultural program on January 26, 2025, in New Delhi.

**Haritha Sthapanam**

Our college has been declared a Haritha Sthapanam by the Manathavady Municipality for its efforts toward Malinyamuktham Navakeralam.

**Campus Visit and Academic Exchange Programmes**

- Selected students from the Computer Science Department visited Christ College, Irinjalakkuda, as part of the academic exchange program based on the MoU between them and our college on January 11, 2025. They attended a certificate course on Excel Ignite and a Career Orientation Programme during the visit.
- Final year students from the Department of English visited BITS Pilani (Goa Campus) on January 27, 2025, as part of their institutional visit.
- Final year students from the Physics Department visited Manipal Institute of Technology and interacted with research scholars as part of their institutional visit.
- PG students from the Computer Science Department visited Cyber Park in Kozhikode as part of their industrial visit.
- UG and PG students from the Computer Science Depart-

ment visited our campus for a two-day residential program as part of the academic exchange program from February 13-14, 2025.

**Celebrations and Competitions**

- The College Union conducted the Film Fest **Filmfiesta** on January 15, 2025.
- The college conducted its annual College Fest on January 22, 2025, followed by a cultural evening, **Kalasangamam.** Department-level competitions, games, and exhibitions were held.
- The Department of Physical Education conducted a Volleyball tournament during the first week of February.
- The college celebrated National Science Day 2025 with the support of KSCSTE, conducting two talks on "Biodiversity and Conservation Technology" and "Relevance of AI in Science and Technology," along with a district-level video-making competition on February 7, 2025.
- The Film Club conducted a short film competition on February 20, 2025.
- The College Arts Fest was held from February 7-12, 2025.
- The College Union celebrated Valentine's Day on February 14, 2025.

**Seminars and Workshops**

- The IQAC organized a Faculty Development Programme on **The Four-Year Advantage: A Comprehensive Workshop** on January 10, 2025.
- The Department of English organized an invited lecture on **Research Methodology** on January 10, 2025.
- Our college co-hosted an International Webinar on **Cloud and DevOps,** organized by Ipsr Solutions Ltd, on January 11, 2025.
- The Department of English organized an extension program, **Schollege**, on January 13, 2025, at GHSS Kartikulam.

- The Departments of Computer Science and B.Com, in association with IQAC, organized a two-day skill development programme on **Accounting packages and GST** from January 20-21, 2025.
- The Department of Computer Science organized a national seminar on **Leadership, AI & Supply Chain Management: Trends and Strategies** on January 16, 2025.
- The English Association inauguration was held on January 16, 2025.
- The Department of Mathematics conducted an Extension Programme **Each One Teach One** at Assisi L.P. School, Cheloor, on January 16, 2025.
- The Department of Hindi, in association with IQAC, celebrated World Hindi Day with an event titled **Rangoli Hindi Utsav.**
- The Commerce Association inauguration and **Meet the Entrepreneur** programme was conducted on January 17, 2025.
- The Department of Physics and the Energy Club jointly organized a quiz competition on Environment, **Energy & Energy Conservation** on January 17, 2025. It was also a selection programme for the university-level competition.
- The Career Guidance and Placement Cell organized a group discussion practice session for all students on January 20, 2025.
- The Department of English organized a finishing school programme on **Studying Abroad: Possibilities and Challenges** on January 17, 2025. It was also an alumni engagement programme.
- The Department of Computer Science organized a student enrichment programme on **Career Opportunities in Network Engineering with Cloud and Cyber Security** on January 23, 2025.
- The Department of English conducted a value education

programme on **Effective Internet Use** on January 24, 2025.

- The Department of Commerce, in association with IQAC, organized a finishing school programme on **Professional Courses After Graduation** on January 23, 2025.
- The Department of Commerce, in association with IQAC, organized a finishing school programme on **How NSDC Helps to Build Your Career** on January 27, 2025.
- The Physics Association inauguration was held on January 27, 2025.
- The Department of Zoology organized a two-day national seminar on **Protecting Biodiversity: Innovations and Solutions** on January 30-31, 2025.
- The Department of English, in association with the Literary Club and IQAC, organized a discussion on the book titled It Ends with Us on February 6, 2025.
- The Department of Computer Science organized a project **poster exhibition** on February 6, 2025.
- The Career Guidance Cell, in association with IQAC, organized an awareness programme on **Digital and Financial Literacy,** a finishing school programme on February 10, 2025.

**Campus Placement**

- MRF Tyres conducted a campus placement at our college on January 24, 2025.

**Paper Publications and Presentations**

- Fr. Ajay Antony presented a paper entitled "Film Roasting: Bahumarga Arthanirmithi" at the International Conference on Arts, Literature, and Business organized by Govt. College, Kattappana.
- Dr. Eldho K.J. published a paper titled *Applications and Future Directions of Fuzzy BRK Topological Groups in Mathematics and AI* in the Scopus-indexed journal *Communications on Applied Nonlinear Analysis.*

- Dr. Sijo A.K. published two research papers: *Optimizing Na2EDTA Concentration on Enhanced Properties of SILAR-deposited CTS Thin Films in Physics Scripta, a* Scopus-indexed journal, and *Magneto-Structural Properties of Mg-Substituted Copper Ferrite Nanoparticles in Material Research Express,* a Q2 Scopus-indexed journal with international collaboration.
- Ms. Jisha T.E. and Prof. Thomas Monoth published a paper titled *Contrast Enhancement in Probabilistic Visual Cryptography Schemes: A Pixel Count-Based Approach* in the International Journal of Information and Computer Security, a Scopus-indexed journal.

**Student Achievements**

- Ms. Anjana Sasikumar from the Department of Social Science (Economics) successfully completed the Inter-District Youth Exchange Programme 2024-25 conducted by the Ministry of Youth Affairs and Sports, Govt. of India.
- POC Amna Sherin N.P. successfully completed the All India Annual Training Camp held at Kozhikode from January 8-19.
- Students Jeswin James, Mohammed Suhail, Mohammed Razal, and Ardra P.M. secured prizes in the intercollegiate IT Fest "Tezla," conducted by WMO College, Muttil.
- Safna Sherin secured the second prize in the Diamond Jubilee Fellowship Anti-Drug Campaign District-Level Quiz Competition organized by the Cultural Department, Govt. of Kerala.
- Adith Anoop, Angel Binu, Alan John, and Sarang Murali from the Computer Science Department secured first prize in an event at the National-Level College Fest conducted by Nilgiri College of Arts and Science, Thaloor, Tamil Nadu on February 6, 2025.

**Dr. Geetha Antony Pullen**

Principal in Charge

## ഫെഡാർ ഫൗണ്ടേഷൻ

**ജർമൻ പ്രോഗ്രാം**

ഇക്കഴിഞ്ഞ മാസം വന്ന റിസൽട്ടുകളിൽ ഫെഡാർ ലാംഗ്വേജ് സ്കൂളുകളിൽ പഠിച്ച 6 കുട്ടികൾ B2 പാസ് ആയി. നഴ്സിംഗ് കഴിഞ്ഞ കുട്ടികൾക്കായുള്ള സൗജന്യ ജർമ്മൻ ബാച്ച് ജനുവരി 28, 29 തീയതികളിൽ കാട്ടിക്കുളം, കുഞ്ഞോം ക്യാമ്പസുകളിൽ 57 കുട്ടികളുമായി ആരംഭിച്ചു. പുതിയ നഴ്സിംഗ് ബാച്ച് മാർച്ച് രണ്ടാം തീയതി കാട്ടിക്കുളത്ത് ആരംഭിക്കും. പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്കായുള്ള പുതിയ ജർമൻ ബാച്ച് മെയ് മാസം ആദ്യ ആഴ്ച ആരംഭിക്കും. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9946050857 (ഫാ. ജിഫിൻ മുട്ടപ്പള്ളിൽ) എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫെഡാർ കണക്ട്**

കാട്ടിക്കുളം, കുഞ്ഞോം ക്യാമ്പസുകളിലെ 2025 വർഷത്തെ നഴ്സിംഗ് ബാച്ചിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഒരുക്ക സെമിനാർ ഫെബ്രുവരി മൂന്നാം തീയതി നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഡൊമിനിക് വളകുടിയിൽ അച്ചനും, റിൻസൺ നെല്ലിമലയിൽ അച്ചനും നേതൃത്വം നൽകി.

2025 വർഷത്തിൽ കർണാടകയിൽ നേഴ്സിംഗ് പഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങി. ഈ വർഷം പ്രവേശന പരീക്ഷ എഴുതിയവർക്ക് മാത്രമാണ് നേഴ്സിംഗ് പഠനം കർണാടകയിൽ സാധ്യമാവുകയുള്ളൂ. അക്ഷയ സെന്ററുകൾ വഴി ആപ്ലിക്കേഷൻ കൊടുത്തവർക്ക് തുടർന്നുള്ള സേവനങ്ങൾക്ക് ഫെഡാർ ഫൗണ്ടേഷനെ (62388 62380) ബന്ധപ്പെടാവുന്നതാണ്.

**ഫാ. അരുൺ മാത്തിപറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

ഒരു വിദ്യാലയവർഷത്തിന്റെ സമാപനനാളുകളിലേക്ക് അടുക്കുമ്പോൾ വാർഷികാഘോഷങ്ങളും പഠനോത്സവങ്ങളുമായി വിദ്യാലയ നേട്ടങ്ങളെ പൊതുജനങ്ങളിലേക്കെത്തിക്കാൻ പരിശ്രമിക്കുന്ന അധ്യാപകസമൂഹത്തിന് അഭിനന്ദനങ്ങൾ... അതോടോപ്പം സജീവമായ പഠനക്യാമ്പുകളും പ്രത്യേക പരിശീലനങ്ങളുമായി വർഷാന്ത്യ പരീക്ഷകൾക്കായി വിദ്യാർത്ഥികളെ ഒരുക്കുന്ന നിങ്ങളുടെയേവരുടെയും പരിശ്രമങ്ങൾ ഫലമണിയാൻ ആശംസകൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എ. എൽ. പി. സ്കൂൾ ആടിക്കൊല്ലി**

റിപ്പബ്ലിക്ദിനം സമുചിതമായി ആഘോഷിച്ചു. പുൽപ്പള്ളി പഞ്ചായത്തിലെ ഹരിതവിദ്യാലയമായി തിരഞ്ഞെടുക്കപ്പെട്ടു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

വിദ്യാലയത്തിലെ പൂർവ്വ അദ്ധ്യാപികയായിരുന്ന എൽസമ്മ ടീച്ചറുടെ ഓർമ്മദിനത്തിൽ പ്രത്യേക അസംബ്ലി കൂടുകയും അനുസ്മരണം നടത്തുകയും ചെയ്തു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**III എ. എൽ. പി. സ്കൂൾ കണിയാരം**

മാനന്തവാടി മുൻസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ഗോത്രഫെസ്റ്റിൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

വായന അസംബ്ലി ആരംഭിച്ചു. വിദ്യാലയത്തിലെ പച്ചക്കറി വിളവെടുപ്പ് നടത്തി.

**V സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

പാലിയേറ്റിവ് ദിനം ആചരിച്ചു. വിദ്യാർത്ഥികൾക്ക് ബോധവത്കരണ ക്ലാസ് നൽകി. റിപ്പബ്ലിക് ദിനം വിപുലമായി ആചരിച്ചു. പഠനോത്സവം സംഘടിപ്പിച്ചു.

**VI സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാലയത്തിന്റെ വാർഷികാഘോഷങ്ങൾക്ക് മുന്നോടിയായി സ്വാഗതസംഘം രൂപീകരിച്ചു. റിപ്പബ്ലിക് ദിനം സമുചിത

മായി ആചരിച്ചു. മാനന്തവാടി മുനിസിപ്പാലിറ്റിയുടെ നേതൃത്വ ത്തിൽ നടന്ന ഗോത്രഫെസ്റ്റിൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

**VII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

റിപ്പബ്ലിക്ദിനം ആചരിച്ചു. ഗോത്രഫെസ്റ്റ് സംഘടിപ്പിച്ചു. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മികവുകളുടെ പ്രദർശ നവും അവതരണവും ഉൾപ്പെടുത്തിക്കൊണ്ട് മികവുത്സവം സംഘടിപ്പിച്ചു.

**VIII നിർമ്മല എൽ. പി. എസ്. ആലാറ്റിൽ**

ഗോത്രഫെസ്റ്റ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി പ്രസംഗ പരിശീലനം, യോഗാക്ലാസ് എന്നിവ നടത്തിവരുന്നു. ജില്ലാ നേഴ്സറി കലോത്സവത്തിൽ വിജയം നേടി. ഹരിതകേരള മിഷൻ, ഹരിത വിദ്യാലയം സർട്ടിഫിക്കറ്റ് എ+ ഗ്രേഡോടെ കരസ്ഥമാക്കി.

**IX പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളൂന്നി**

റിപ്പബ്ലിക്ദിനം സമുചിതമായി ആചരിച്ചു. രക്തസാക്ഷിദി നത്തിൽ ഗാന്ധിജിയുടെ ജീവചരിത്രം പ്രദർശിപ്പിച്ചു.

**X സെന്റ് ജോർജ്ജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. കുട്ടികളുടെ വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറി. റിപ്പബ്ലിക്ദിനം സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി പഠനയാത്ര, ഇംഗ്ലീഷ് ഫെസ്റ്റ് എന്നിവ സംഘടിപ്പിച്ചു. വിദ്യാല യത്തിന്റെ വാർഷികാഘോഷം സമുചിതമായി നടത്തപ്പെട്ടു.

**XI സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

ടീച്ചേഴ്സ് ഗിൽഡ് നടത്തിയ ദേശജ്യോതി ക്വിസ് മത്സര ത്തിൽ വിദ്യാർത്ഥികൾ സോണൽ തലത്തിലേക്ക് തിരഞ്ഞെടുക്ക പ്പെട്ടു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. അനധ്യാ പകദിനം സമുചിതമായി ആചരിച്ചു. ജില്ലാതല വർണോത്സവ ത്തിൽ കവിതാലാപനത്തിൽ ഒന്നാം സ്ഥാനം നേടി. വിദ്യാലയ ത്തിന്റെ വാർഷികാഘോഷം നടത്തപ്പെട്ടു.

**XII സെന്റ് ജോർജ്ജ് എൽ. പി. സ്കൂൾ കൊളവയൽ**

വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. സുവർണ ജൂബിലി പ്രഖ്യാപനം നടത്തി.

**XIII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

അക്ഷര പരിശീലനത്തിനായി നിറവ് എന്ന പേരിൽ പ്രത്യേക പരിപാടി ആരംഭിച്ചു. വിദ്യാർത്ഥികൾക്കായി ഡാൻസ് പരിശീലനം ആരംഭിച്ചു.

**യു.പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

വിദ്യാലയത്തിന്റെ വാർഷികം വിദ്യാർത്ഥികളുടെ വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. യു.എസ്.എസ് പരിശീലനം നടന്നുവരുന്നു. വിദ്യാർത്ഥികൾക്കായി, പ്ലാനറ്റോറിയം ഷോ സംഘടിപ്പിച്ചു. ഗൃഹസന്ദർശനം ആരംഭിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

ജില്ലാ ശിശുക്ഷേമസമിതി നടത്തിയ വർണോത്സവത്തിൽ യു. പി. വിഭാഗത്തിൽ ഓവറോൾ കിരീടം കരസ്ഥമാക്കി. വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും നടത്തപ്പെട്ടു. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ലോക ക്യാൻസർ ദിനം ആചരിച്ചു.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി സംഘടിപ്പിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപിച്ച പെൻബോക്സ് ഹരിതകർമ്മസേനയ്ക്ക് കൈമാറി.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

വിദ്യാലയത്തിന്റെ വാർഷികം സമുചിതമായി ആഘോഷിച്ചു. വിദ്യാർത്ഥികളുടെ കൈയെഴുത്ത് മാഗസിൻ പ്രകാശനം ചെയ്തു. ജൈവ പച്ചക്കറികൾ വിളവെടുത്തു. യു.എസ്. എസ് പരിശീലനം നടന്നുവരുന്നു.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

വിദ്യാലയത്തിന്റെ വാർഷികവും പ്രതിഭകളെ ആദരിക്കലും സംഘടിപ്പിച്ചു. അനധ്യാപക ദിനവും റിപ്പബ്ലിക് ദിനവും ആചരിച്ചു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. വിദ്യാലയത്തിലെ പെൺകുട്ടികൾക്കായി ബോധവത്കരണ ക്ലാസ് നൽകി.

**VI സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

വിദ്യാർത്ഥികൾക്കായി നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ദേശജ്യോതി ക്വിസ് മത്സരത്തിൽ മികച്ച വിജയം കൈവരിച്ചു. വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും നൽകി. സ്പ്ലാഷ് മെഗാ ക്വിസ് വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകി. റിപ്പബ്ലിക് ദിനം ആചരിച്ചു.

**VII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

വിദ്യാലയത്തിന്റെ വാർഷികാഘോഷം വിവിധ പരിപാടികളോടെ സംഘടിപ്പിക്കപ്പെട്ടു.

**VIII എ. യു. പി. സ്കൂൾ ദ്വാരക**

വിദ്യാലയത്തിലെ ഹരിതസേന യൂണിറ്റ് അംഗങ്ങൾ പത്മശ്രീ ചെറുവയൽ രാമന്റെ ഗൃഹം സന്ദർശിച്ചു. മികവുത്സവം രണ്ട് ദിനങ്ങളിലായി നടത്തപ്പെട്ടു.

**IX സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

ജൂബിലി വർഷത്തിൽ പൂർവ്വവിദ്യാർത്ഥികൾക്കൊപ്പം റിപ്പബ്ലിക് ദിനം ആചരിച്ചു. മികവാർന്ന പ്രവർത്തനങ്ങളുടെ പ്രദർശനത്തോടെ പഠനോത്സവം സംഘടിപ്പിച്ചു. സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

**X സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കി മടങ്ങുന്ന വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. അക്ഷരക്ലാസ്സ് വിജയകരമായി തുടരുന്നു.

**XI സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

വിദ്യാലയത്തിന്റെ എൺപത്തിയൊന്നാം വാർഷികം ആഘോഷിച്ചു. ഗോത്ര ഫെസ്റ്റ് സംഘടിപ്പിച്ചു. പച്ചക്കറി വിളവെടുപ്പ് നടത്തി.

**XII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

വിദ്യാർത്ഥികൾക്കായി ഫുട്ബോൾ ടൂർണമെന്റ് നടത്തുകയും പുതിയ ഗോൾ പോസ്റ്റ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ജില്ലാതല ശാസ്ത്ര ക്വിസ്സിൽ രണ്ടാം സ്ഥാനം നേടി.

**XIII സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. പഠനപിന്തുണ പരിശീലന പരിപാടിയുടെ ഭാഗമായി സ്കോളർഷിപ്പ് പരിശീലനം നടന്നുവരുന്നു. ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ നാടകം ഇടവക തിരുനാളിനോടനുബന്ധിച്ചു അവതരിപ്പിച്ചു.

**XIV സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

ക്ലാസ് പി.ടി.എ യോഗം ചേർന്ന് രണ്ടാം പാദവാർഷിക മൂല്യനിർണയം വിലയിരുത്തി. ദേശജ്യോതി ക്വിസ് മത്സരത്തിൽ മികച്ച വിജയം കൈവരിച്ചു. റിപ്പബ്ലിക് ദിനം ആചരിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ടീച്ചേർസ് ഗിൽഡിന്റെ നേതൃത്വത്തിൽ നടന്ന ദേശജ്യോതി ക്വിസിൽ രൂപതാതലത്തിൽ യു.പി, ഹൈസ്കൂൾ വിഭാഗങ്ങൾ മൂന്നാം സ്ഥാനം കരസ്ഥമാക്കി. സ്കൂൾ ഫുട്ബോൾ ഫെസ്റ്റ് നടത്തി. വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്നവർക്കുള്ള

യാത്രയയപ്പും നൽകി. അനധ്യാപകദിനം ആചരിച്ചു. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ വിവിധയിനങ്ങളിൽ ഗ്രേഡുകൾ കരസ്ഥമാക്കി. JRC വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അനാഥ മന്ദിര സന്ദർശനത്തിനായി ആവശ്യസാമഗ്രികൾ ശേഖരിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

NCC സർട്ടിഫിക്കറ്റ് പരീക്ഷയിലും SPC ജില്ലാ ക്യാമ്പിലും വിദ്യാർത്ഥികൾ പങ്കെടുത്തു. ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ മികവാർന്ന വിജയങ്ങൾ കൈവരിച്ചു. SSLC, LSS, USS പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം നൽകിവരുന്നു. വിദ്യാലയത്തിനായി പൂർവ്വവിദ്യാർത്ഥികൾ നിർമിച്ചു നൽകിയ പ്രവേശന കവാടം ഉദ്ഘാടനം ചെയ്തു.

**III ഐ. ജെ. എം. ഹൈസ്കൂൾ കൊട്ടിയൂർ**

സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്വാഗത സംഘം രൂപീകരിച്ചു. ദേശജ്യോതി സോണൽതല ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. വിദ്യാലയ വാർഷികവും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പും നൽകി. സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ച Neo Tech ക്ലാസ്റൂമിന്റെ ഉദ്ഘാടനം നിർവഹിച്ചു. NO TO DRUGS ബോധവത്കരണ ക്ലാസ് നടത്തി. സ്കൗട്ട് ഗൈഡ് വിഭാഗത്തിൽ നിന്നായി 26 വിദ്യാർത്ഥികൾ രാജ്യപുരസ്കാർ കരസ്ഥമാക്കി.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

വിദ്യാലയത്തിന്റെ വാർഷികാഘോഷം നടത്തി. പുതിയ ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു. യോഗ പരിശീലനം ആരംഭിച്ചു. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**V ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

SSLC പഠനക്യാമ്പ് ആരംഭിച്ചു. സോഷ്യൽ സയൻസ് ടാലന്റ് സേർച്ച് എക്സാമിൽ ഉപജില്ലാ ജില്ലാ തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കി. എ+ ഗ്രേഡോടു കൂടി ഹരിതവിദ്യാലയമായി തിരഞ്ഞെടുക്കപ്പെട്ടു. റിപ്പബ്ലിക് ദിനം ആചരിച്ചു. സ്കൂൾ വാർഷികം നടത്തപ്പെട്ടു.

**VI അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

NCC യൂണിറ്റ് അംഗങ്ങൾ വയനാട് ജില്ലയിലെ കിടപ്പ് രോഗികൾക്ക് റേഡിയോ വിതരണം ചെയ്തു. റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. വയനാട് സ്കൗട്ട് ആന്റ് ഗൈഡ് ജില്ലാ റാലിയിൽ

കുട്ടികൾ പങ്കെടുത്തു. മികവുത്സവം സംഘടിപ്പിച്ചു. സ്കൂൾ വാർഷികം വിപുലമായി ആകഘോഷിച്ചു. വിദ്യാർഥികൾ പ്രകൃതി പഠന ക്യാമ്പിൽ പങ്കെടുത്തു. രക്തസാക്ഷിത്വദിനം ആചരിച്ചു. SSLC പരീക്ഷയ്ക്കൊരുങ്ങുന്ന വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി. 26 വിദ്യാർത്ഥികൾ രാജ്യപുരസ്കാർ അവാർഡിന് അർഹരായി.

**VII സി. കെ. എച്ച്. എസ്. മണിമൂളി**

SSLC വിദ്യാർത്ഥികൾക്കായി രാത്രികാല പഠന ക്യാമ്പ് ആരംഭിച്ചു. സംസ്ഥാനതലത്തിൽ വിവിധയിനങ്ങളിൽ മികവ് തെളിയിച്ചു.

**VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

SSLC പഠനക്യാമ്പ് ആരംഭിച്ചു. നാട്ടറിവ് പദ്ധതിയുടെ ഏകദിനക്യാമ്പിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. SSLC വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് നൽകി. വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. സോഷ്യൽ സയൻസ് ടാലന്റ്സേർച്ച് എക്സാമിൽ ജില്ലാതലത്തിൽ രണ്ടാം സ്ഥാനം നേടി. രക്തസാക്ഷിദിനം സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി ബോധവത്കരണക്ലാസുകൾ നൽകി.

**IX നിർമ്മല ഹൈസ്കൂൾ കബനിഗിരി**

ഗോത്രവിഭാഗം വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ് നൽകി. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർ സെക്കറി സ്കൂൾ കല്ലോടി**

ഇന്നോവേഷൻ മാരത്തോൺ മത്സരത്തിൽ വിദ്യാലയം മികച്ച വിജയം നേടി. NSS വിദ്യാർത്ഥികളുടെ സംസ്ഥാന വിലയിരുത്തൽ ക്യാമ്പ് നടത്തി. ഗണിത ശില്പശാല, പ്രകൃതി സംരക്ഷണ സിമ്പോസിയം എന്നിവ സംഘടിപ്പിച്ചു. പഠന ക്യാമ്പ് മികച്ച രീതിയിൽ നടന്നുവരുന്നു.

**II സെന്റ് കാതറൈൻസ് ഹയർസെക്കറി സ്കൂൾ പയ്യമ്പള്ളി**

പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് സ്റ്റഡി ക്ലാസ് ആരംഭിച്ചു. വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും നൽകി.

**III ഐ. ജെ. എം. ഹയർസെക്കറി സ്കൂൾ കൊട്ടിയൂർ**

വിദ്യാലയത്തിന്റെ സിൽവർ ജൂബിലി സമാപന സമ്മേളനവും വാർഷികാഘോഷവും വിരമിക്കുന്ന അധ്യാപകർക്കുള്ള

യാത്രയയപ്പും നടത്തപ്പെട്ടു. വിദ്യാർത്ഥി പ്രതിഭകളെ ആദരിച്ചു. രണ്ടാം വർഷ വിദ്യാർത്ഥികളുടെ യാത്രയയപ്പ് നടത്തി.

**IV സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വിദ്യാർത്ഥികൾക്കായി പഠനക്യാമ്പ് നടന്നുവരുന്നു. പരീക്ഷയ്ക്ക് മുന്നോടിയായി മോട്ടിവേഷൻ ക്ലാസ് നൽകി. ദേശജ്യോതി ക്വിസ്സിൽ മികച്ച വിജയം നേടി. രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് നൽകി. വിവിധ മേഖലകളിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിജയികളായവരെ ആദരിച്ചു.

**V ഫാ. ജി. കെ. എം. ഹയർസെക്കറി സ്കൂൾ കണിയാരം**

പ്ലസ് ടു വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. മാനന്തവാടി മെഡിക്കൽ കോളേജിലെ പുസ്തകത്തണൽ പദ്ധതിയിലേക്ക് 5000 രൂപയുടെ പുസ്തകങ്ങൾ കൈമാറി. സർവീസിൽ നിന്നും വിരമിക്കുന്നവർക്കായി യാത്രയയപ്പ് നൽകി.

ഒരു അധ്യായനവർഷം കൂടി അവസാനിക്കുകയാണ്. ഇതുവരെ വിദ്യാർത്ഥികൾ കണ്ടും കേട്ടും അറിഞ്ഞും കരഗതമാക്കിയ അറിവുകൾ വിലയിരുത്തപ്പെടുന്ന നാളുകളാണിനി. പരീക്ഷകളെ ഭയപ്പെടാതെ ആത്മവിശ്വാസത്തോടെ നേരിടാൻ എല്ലാ വിദ്യാർത്ഥികൾക്കും കഴിയട്ടെ. ഏറ്റവും മികച്ച വിജയം നിങ്ങളെ തേടിയെത്തട്ടെ!

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



***March 2025***

| | |
|---|---|
| *1 Sat - 4 Tue: ..................* | *Kolkata: Visit to Morning Star Seminary* |
| *5 Wednesday: .................* | *Engaged* |
| *6 Thursday: .....................* | *Finance Council & Consultors Meeting* |
| *8 Saturday: ....................* | *Dwaraka: Conclusion of Temperance Movement Jubilee* |
| *11 Tuesday: ....................* | *Afternoon: KCYM Bible Caffé* |
| *13 Thursday: ..................* | *Presbyteral Council* |
| *17 Monday: ....................* | *Palamkara: Blessing of SKD Convent* |
| *20 Thursday: ..................* | *Priests' Conference* |
| *24 Monday: ....................* | *Religious Major Superiors' Meeting* |
| *25 Tuesday: ....................* | *Mananthavady: Blessing of Visitation Convent* |

***April 2025***

| | |
|---|---|
| *09 Wednesday: ................* | *Nilambur (Depot): Inauguration of De Paul College* |
| *13 Sunday: .....................* | *Cathedral: Palm Sunday* |
| *14 Monday: .....................* | *Minor Seminary: Minor Orders* |
| *17 Thursday: ...................* | *Cathedral: Maundy Thursday* |
| *18 Friday: .......................* | *Cathedral: Good Friday* |
| *19 Saturday: Evening : ....* | *Cathedral: Easter Vigil & Easter* |
| *20 Sunday: .....................* | *Easter* |
| *21 Monday .....................* | *SABS Jubilee* |
| *22 Tue - 23 Wed ............* | *Pala* |
| *24 Thursday: ...................* | *Valad: Blessing of Church* |
| *26 Saturday: ....................* | *Kottathara: First Communion* |
| *Afternoon: .............* | *Fedar Governing Body* |
| *27 Sunday: .....................* | *Chulliode: First Holy Communion* |
| *28 Mon-30 Wed: ...........* | *MMC: Major Seminarians' Gathering* |

# *Auxiliary Bishop's Programme*



***March 2025***

| | |
|---|---|
| *01 Saturday: ...................* | *Thonichal: Emmaus Villa: Special School Anniversary* |
| *02 Sunday: .......................* | *Kaniyaram: Feast: Holy Mass* |
| *07 Friday: .......................* | *Thaliparambu: Charismatic Zonal Leaders' Meet* |
| *09 Sunday: ......................* | *Meenangadi: Pastoral Visit* |
| *13 Tuesday: .....................* | *Presbyteral Council* |
| *16 Sunday: .......................* | *Kammana: Pastoral Visit* |
| *16 Sunday- 18 Tuesday: ..* | *Kakkanad: Seminary Professors' Meet* |
| *20 Thursday: ................* | *Priests' Conference* |
| *23 Sunday: .....................* | *Parathottam: Pastoral Visit* |
| *25 Tuesday: .....................* | *Trichur: Charismatic Zonal Leaders' Meet* |
| *26 Wednesday: ................* | *Palai: Charismatic Zonal Leaders' Meet* |
| *30 Sunday: ......................* | *Manjoora: Pastoral Visit* |

***April 2025***

| | |
|---|---|
| *04 Friday: .......................* | *Rajapuram: Convention: Holy Mass* |
| *06 Sunday: ......................* | *Padamala: Pastoral Visit* |
| *09 Wednesday: .............* | *Engaged* |
| *13 Sunday: ......................* | *Kenichira: Palm Sunday* |
| *17 Thursday: ....................* | *Narivalamunda: Maundy Thursday* |
| *18 Friday: ........................* | *Kurumbalakotta: Good Friday* |
| *19 Saturday: Evening: .....* | *Payyampally: Easter Vigil & Easter* |
| *24 Thursday: ................* | *Marakavu: Ordination: Dn. Shone Perukunnel RCJ* |
| *Evening: .....................* | *Thamarassery: PMOC: Jesus Fraternity: Holy Mass* |
| *26 Saturday: ....................* | *Dwaraka: Holy Communion* |
| *28 Mon-29 Tue: ...........* | *MMC: Major Seminarians' Gathering* |
| *30 Wednesday:.................* | *Dwaraka: SABS: Golden Jubilee and First Profession* |